LSGD

അതിദാരിദ്ര്യ മുക്ത കേരളം

അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കേരള മാതൃക

സ്റ്റാറ്റസ് റിപ്പോർട്ട് - നവംബർ 2025

വികസനത്തിന്റെ പടവുകൾ – അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ കേരള മാതൃക

തദ്ദേശ സ്വയംഭരണ വകുപ്പ്,

കേരള സർക്കാർ

31, ഒക്ടോബർ 2025

സന്ദേശം

നവകേരള നിർമ്മിതിയുടെ ചരിത്രത്തിലെ ഒരു സുപ്രധാന അധ്യായമാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി. 2021-ൽ ആരംഭിച്ച ഈ ദൗത്യം, ലോകത്തിന് മാതൃകയാക്കാവുന്ന ഒരു സാമൂഹ്യ ഇടപെടലായി ഇന്ന് മാറിയിരിക്കുന്നു. അതിദാരിദ്ര്യം എന്ന ദുരവസ്ഥ പൂർണ്ണമായി ഇല്ലാതാക്കി, 2025 നവംബർ 1-ന് കേരളം ഇന്ത്യയിലെ ആദ്യത്തെ അതിദാരിദ്ര്യമുക്ത സംസ്ഥാനമായി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെടുകയാണ്. നമ്മുടെ സർക്കാരിന്റെ നിശ്ചയദാർഢ്യത്തിന്റെയും ജനകീയ പങ്കാളിത്തത്തിന്റെയും തിളക്കമാർന്ന നേട്ടമാണിത്.

മുൻകാല ദാരിദ്ര്യ ലഘൂകരണ പദ്ധതികളിൽ നിന്ന് തികച്ചും വ്യത്യസ്തമായ, പങ്കാളിത്ത മാതൃകയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ നാം സ്വീകരിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൈയെടുത്ത്, അതിദരിദ്രരായി കണ്ടെത്തിയ ഓരോ കുടുംബത്തിനും വേണ്ടി അവരുടെ ആവശ്യകതകൾക്കനുസരിച്ച് തയ്യാറാക്കിയ പ്രത്യേക മൈക്രോപ്ലാനുകൾ പ്രകാരമുള്ള സേവനം നൽകിയാണ് നാം ഈ കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കിയത്. കേവലം സഹായം നൽകുന്നതിന് പകരം ഭക്ഷണം, ആരോഗ്യം, സുരക്ഷിത വാസസ്ഥലം, ജീവനോപാധി, സാമൂഹ്യസുരക്ഷ തുടങ്ങിയ ബഹുമുഖമായ സേവനങ്ങളെ ഏകോപിപ്പിച്ചാണ് ഓരോ കുടുംബത്തെയും ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചത്.

ആരെയും മാറ്റിനിർത്തുന്ന വികസനമല്ല, എല്ലാവർക്കും ഇടമുള്ള വികസനമാണ് കേരളത്തിന്റെ കാഴ്ചപ്പാട്. ഈ നേട്ടത്തിലൂടെ, ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ പൂർണ്ണമായി കൈവരിക്കുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമായി നാം മാറും. ഈ വിജയം, തദ്ദേശസ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ കുടുംബശ്രീ, ലൈഫ് മിഷൻ ഉൾപ്പടെയുള്ള വിവിധ വകുപ്പുകളുടെയും മിഷനുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും കൂട്ടായ പ്രവർത്തനത്തിന്റെയും, സന്നദ്ധ സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരുടെയും, പൊതുജനങ്ങളുടെയും നിസ്തുലമായ സഹകരണത്തിന്റെയും ഫലമാണ്.

ഈ സ്ഥിതിവിവര റിപ്പോർട്ട്, നമ്മുടെ പ്രവർത്തന രീതിയെയും അതിലൂടെ കൈവരിച്ച വിജയത്തെയും സംബന്ധിച്ച ഒരു ആധികാരിക രേഖയാണ്. നമ്മുടെ യാത്രയുടെ ഒരു ഘട്ടം ഇവിടെ അവസാനിക്കുകയാണ്. എന്നാൽ, ദാരിദ്ര്യം വീണ്ടും തലപൊക്കുന്നില്ലെന്ന് ഉറപ്പാക്കിക്കൊണ്ട്, കൂടുതൽ സമഗ്രവും കരുണാർദ്രവുമായ ഒരു നവകേരളം കെട്ടിപ്പടുക്കുന്നതിനുള്ള ദൗത്യം നാം കൂടുതൽ ഊർജ്ജസ്വലമായി തുടരും.

ഈ മഹത്തായ നേട്ടത്തിൽ പങ്കാളികളായ എല്ലാവർക്കും എന്റെ അഭിനന്ദനങ്ങൾ.



പിണറായി വിജയൻ

31, ഒക്ടോബർ 2025

സന്ദേശം

ഐക്യ കേരളത്തിന്റെ 69-ാം പിറന്നാൾ മലയാളികളുടെ അഭിമാനം വാനോളമുയരുന്ന ദിനമായി മാറുകയാണ്. നമ്മുടെ സഹോദരങ്ങൾ അംഗങ്ങളായ64006 കുടുംബങ്ങളെ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരാക്കി അന്തസ്സുള്ള ജീവിതത്തിലേക്കുയർത്താൻ ലക്ഷ്യമിട്ട് ആരംഭിച്ച അതിദാരിദ്ര്യ നിർമാർജന പദ്ധതി ഇന്ന് (2025 നവമ്പർ ഒന്ന്) ലക്ഷ്യം കാണുകയാണ്. ഈ അഭിമാന മുഹൂർത്തം ജനങ്ങൾക്കാകെ ആഹ്ലാദിക്കാനുള്ളതാണ്.

സമൂഹത്തിലെ ഏറ്റവും പാവപ്പെട്ടവരോട് സംസ്ഥാന സർക്കാരിന്റെ അചഞ്ചലമായ കരുതലും പ്രതിബദ്ധതയും പ്രതിഫലിക്കുന്ന ഏടാണിത്. ജീവിച്ചിരിപ്പുണ്ടെങ്കിലും സമൂഹത്തിന്റെ കണ്ണിൽ പെടാതെയും തിരിച്ചറിയാനുള്ള ഒരു രേഖ പോലുമില്ലാതെയും നമുക്കിടയിൽ ജീവിച്ച സഹോദരങ്ങളെ കണ്ടെത്താനും ഓരോ കുടുംബത്തിനുമുള്ള പ്രത്യേകം മൈക്രോ പ്ലാൻ ആവിഷ്കരിച്ച് അവരെ അതിദാരിദ്ര്യത്തിൽ നിന്ന് കൈപിടിച്ചുയർത്താനും നാടാകെ തോൾചേർന്ന നിന്നു. ജനപ്രതിനിധികളും വിവിധ മേഖലകളിലെ വിദഗ്ധരും വിവിധ രംഗങ്ങളിൽ ജനങ്ങളുമായി അടുത്തിടപഴകുന്നവരും ഉദ്യോഗസ്ഥ സംവിധാനവുമടക്കം നാല് ലക്ഷത്തോളം പേർ കൈകോർത്താണ് രാജ്യത്തിന് തന്നെ അഭിമാനകരമായ ഈ നേട്ടം കൈവരിച്ചത്. ലോകം മുഴുവൻ ശ്രദ്ധിക്കുന്ന കേരള മാതൃകയെ മറ്റൊരു വിതാനത്തിലേക്ക് ഉയർത്തുന്ന അപൂർവ സന്ദർഭം. അതിദാരിദ്ര്യ നിർമാർജന പുരോഗതി റിപ്പോർട്ട് ഈ മഹത്തായ യത്നത്തിന്റെ എല്ലാ സവിശേഷതകളും ഉൾക്കൊള്ളുന്നതാണ്. പുരോഗതി റിപ്പോർട്ടിന് എല്ലാ ആശംസകളും നേരുന്നു.

കേരളത്തിന്റെ പെരുമ വിളംബരം ചെയ്യുന്ന ഈ പദ്ധതിക്കായി സമർപ്പണ മനസ്സോടെ അവിശ്രമം പ്രവർത്തിച്ച എല്ലാവരെയും ഓർക്കുന്നു, അഭിനന്ദിക്കുന്നു; എല്ലാവർക്കും കേരളപ്പിറവി ദിന ആശംസകൾ.



സ്നേഹപൂർവ്വം

എം ബി രാജേഷ്

31, ഒക്ടോബർ 2025

സന്ദേശം

സംസ്ഥാനത്തിന്റെ സാമൂഹ്യനീതിയിലേക്കുള്ള യാത്രയിലെ പ്രധാന ഘട്ടമായ അതിദാരിദ്ര്യ നിർമാർജ്ജന പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് സമർപ്പിക്കുന്നതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്

പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ അതിദാരിദ്ര്യാവസ്ഥയിൽ കഴിയുന്ന ഓരോ കുടുംബത്തെയും തിരിച്ചറിയുകയും, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി വിവിധ വകുപ്പുകളുടെയും തദ്ദേശ സ്ഥാപനങ്ങളുടെയും ഇടപെടലുകൾ ഏറ്റെടുക്കുകയും ചെയ്ത് അതിലൂടെ ഇന്ന് അവരെ ഈ അവസ്ഥയിൽ നിന്ന് മുക്തരാക്കി ഒരു വലിയ നേട്ടം കൈവരിച്ചിരിക്കുകയാണ്. ഇത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ വകുപ്പുകൾ എന്നിവയുടെ സമർപ്പിതമായ പ്രവർത്തനങ്ങളുടെ ഫലമാണ്.

ഈ റിപ്പോർട്ട് പദ്ധതിയുടെ ഉദ്ദേശം, നടത്തിപ്പ്, നേട്ടങ്ങൾ എന്നിവ അവതരിപ്പിക്കാനുള്ള ഞങ്ങളുടെ എളിയ ശ്രമമാണ്.

ഇനി മുന്നോട്ട്, ഈ നേട്ടങ്ങൾ നിലനിർത്തുകയും, *"ഒരാളും അതിദാരിദ്ര്യാവസ്ഥയിലേക്ക് തിരിച്ചുവരാത്ത കേരളം"* സാക്ഷാത്കരിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തനം തുടരുമെന്നതിൽ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്.

എല്ലാവരുടെയും സഹകരണത്തിനും മാർഗനിർദേശത്തിനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

സസ്നേഹം,



ടിങ്കു ബിസ്വാൾ IAS

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്



ഉള്ളടക്കം

01 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി – രാജ്യത്തെ ആദ്യ സമ്പൂർണ്ണ അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞം

02 ആരാണ് അതിദരിദ്രർ ? എന്ത് കൊണ്ടാണ് അവരെ ലക്ഷ്യം വച്ചത് ?

03 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സുസ്ഥിര വികസന ലക്ഷ്യങ്ങളും

04 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നേട്ടങ്ങൾ

05 അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ – സുപ്രധാനമായ ആദ്യ ചുവട് വയ്പ്

06 വകുപ്പുകൾ ഒറ്റക്കെട്ടായി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്ക് വേണ്ടി

07 അതിദാരിദ്ര്യ നിർമ്മാജ്ജന പദ്ധതിയുടെ നിർവ്വഹണത്തിലും മോണിറ്ററിങ്ങിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം

08 പഴുതടച്ചുള്ള പ്രവർത്തനം, പുരോഗതി അവലോകനം

09 അന്തിമ ലക്ഷ്യത്തിലേക്ക്, ഒത്തൊരുമയോടെ

10 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി കേരളം ലോകത്തിന് നൽകുന്ന മാതൃക

11 അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി കൈപിടിച്ചുയർത്തിയ ജീവിതങ്ങൾ

1

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി – രാജ്യത്തെ ആദ്യ സമ്പൂർണ്ണ അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞം

കേരള സംസ്ഥാനം 1956-ൽ രൂപീകരിച്ചതു മുതൽ മാനവ വികസനത്തിലും സാമൂഹിക പുരോഗതിയിലും അസാധാരണമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹിക നീതി എന്നീ മേഖലകളിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുന്നിട്ടുനിൽക്കുന്നു. ഉയർന്ന സാക്ഷരതാ നിരക്ക്, മെച്ചപ്പെട്ട ആരോഗ്യ സൂചകങ്ങൾ, കുറഞ്ഞ ശിശുമരണനിരക്ക് എന്നിവ കേരളത്തിന്റെ വികസന മാതൃകയുടെ പ്രത്യേകതകളാണ്. 94 ശതമാനത്തിലധികം സാക്ഷരതാ നിരക്കോടെ കേരളം രാജ്യത്ത് ഒന്നാം സ്ഥാനത്താണ്. സ്ത്രീ-പുരുഷ സാക്ഷരതാ വ്യത്യാസം ഏറെക്കുറെ ഇല്ലാതാക്കിയതും ലിംഗസമത്വത്തിലെ മുന്നേറ്റവും ഏറെ ശ്രദ്ധേയമാണ്.


ഇപ്പോൾ ഡിജിറ്റൽ സാക്ഷരതയിലും 100% കൈവരിച്ച് മറ്റ് സംസ്ഥാനങ്ങൾക്ക് നാം മാതൃകയാണ്. 74 വർഷത്തിലധികം ആയുർദൈർഘ്യം, 1000-ൽ താഴെയുള്ള ശിശുമരണനിരക്ക്, മെച്ചപ്പെട്ട മാതൃമരണനിരക്ക് എന്നിവ കേരളത്തെ വികസിത രാജ്യങ്ങളുടെ നിലവാരത്തിലെത്തിച്ചിട്ടുണ്ട്. സാർവത്രിക പ്രാഥമിക ആരോഗ്യ സംരക്ഷണം, വ്യാപകമായ പൊതുവിതരണ സംവിധാനം, പെൻഷൻ പദ്ധതികൾ എന്നിവ സാമൂഹിക സുരക്ഷാ വലയം ശക്തിപ്പെടുത്തി. ഭൂപരിഷ്കരണത്തിലൂടെ ഭൂരഹിതർക്ക് ഭൂമി നൽകിയത് അവരുടെ അവകാശ സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കി. സ്ത്രീകളുടെ വിദ്യാഭ്യാസത്തിലും തൊഴിൽ പങ്കാളിത്തത്തിലും ശാക്തീകരണത്തിലും കേരളം ശ്രദ്ധേയമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. കുട്ടികളുടെ പോഷകാഹാര നിലവാരം, വാക്സിനേഷൻ കവറേജ്, സ്കൂൾ പ്രവേശന നിരക്ക് എന്നിവയിൽ കേരളം മികവ് തെളിയിച്ചു. കുടുംബാസൂത്രണത്തിൽ വിജയം കൈവരിച്ച് ജനസംഖ്യാ വളർച്ച നിയന്ത്രിക്കാനും കഴിഞ്ഞു. ഇത്തരത്തിൽ ലോകത്തിന് മുന്നിൽ നിരവധി വികസന മാതൃകകൾ സൃഷ്ടിച്ച് കൊണ്ട് നേട്ടങ്ങൾ കൊയ്തിട്ടുള്ള ഒരു സംസ്ഥാനമായി നമ്മുടെ കേരളം മാറിയെങ്കിലും അതിദാരിദ്ര്യം എന്ന വിഷയത്തിന്റെ അർത്ഥം വിവിധ തലങ്ങളിൽ വിലയിരുത്തപ്പെടേണ്ടതും പരിഹാര മാർഗ്ഗങ്ങൾക്ക് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തേണ്ടതുമുണ്ട് എന്ന് നാം തിരിച്ചറിഞ്ഞു. കേവലം ഭക്ഷണലഭ്യതയുടെ കുറവ് മാത്രമല്ല അതിദാരിദ്ര്യത്തിന്റെ അളവുകോൽ. ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസത്തിലൂന്നിയ മനുഷ്യവിഭവവികസനം, ജീവിതനിലവാരം, ആരോഗ്യം എന്നീ മേഖലകളിലെ സൗകര്യങ്ങളുടെ അഭാവമോ ദുർലഭ്യമോ അതിദാരിദ്ര്യമാണ്. അഞ്ച് വർഷത്തിനുള്ളിൽ അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം കേരളത്തിന്റെ പുരോഗമന വികസന യാത്രയിലെ ഒരു പുതിയ നാഴികക്കല്ലാണ്, ഇത് പരമ്പരാഗത ദാരിദ്ര്യ നിർമ്മാർജ്ജന നടപടികൾക്കപ്പുറം പോകുന്ന സമഗ്രമായ ഒരു കാഴ്ചപ്പാട് പ്രതിഫലിപ്പിക്കുന്നു.

ഐക്യരാഷ്ട്രസഭയുടെ 2000-ലെ സഹസ്രാബ്ദ വികസന ലക്ഷ്യങ്ങൾ (MDGs) അനുസരിച്ച് 2015-ഓടെ അതിദാരിദ്ര്യം പകുതിയായി കുറയ്ക്കാൻ ലക്ഷ്യമിട്ടിരുന്നു. അവ പിന്നീട് 2015-ൽ സുസ്ഥിര വികസന ലക്ഷ്യങ്ങളായി (SDGs) വിപുലീകരിച്ചു, ദാരിദ്ര്യം, വിശപ്പ്, ആരോഗ്യം, വിദ്യാഭ്യാസം, പാരിസ്ഥിതിക സുസ്ഥിരത എന്നിവ ഉൾപ്പെടെയുള്ള 17 ഘടകങ്ങളിലൂന്നി 2030-ഓടെ ദാരിദ്ര്യം പൂർണ്ണമായും ഇല്ലാതാക്കാനാണ് SDGs ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യത്തിലൂന്നി, ലോകമെമ്പാടുമുള്ള ദാരിദ്ര്യം കുറക്കുന്നതിനായി ലോകബാങ്കും, IMF പോലുള്ള വിവിധ അന്താരാഷ്ട്ര സംഘടനകളും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിലും ദാരിദ്ര്യം ലഘൂകരിക്കുന്നതിലും ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ ഒന്നാം സ്ഥാനമാണ് കേരളത്തിനുള്ളത്. സംസ്ഥാനത്തെ ദാരിദ്ര്യത്തിന്റെ തോത്, കഴിഞ്ഞ 40 വർഷത്തിനിടയിൽ ഗണ്യമായി കുറയ്ക്കുന്നതിന് സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. 1973-1974-ൽ 59.8 ശതമാനമായിരുന്ന ദാരിദ്ര്യ നിരക്കെങ്കിൽ, 1993-1994-ൽ അത് 25.4 ശതമാനമായും 2011-2012-ൽ 11.3 ശതമാനമായും കുറയ്ക്കുവാൻ നമുക്ക് കഴിഞ്ഞു. നീതി ആയോഗിന്റെ കണക്കുകൾ അനുസരിച്ച് രാജ്യത്ത് ഏറ്റവും ദാരിദ്ര്യം കുറഞ്ഞ സംസ്ഥാനം കേരളമാണ്. 2021-ൽ കേരളത്തിലെ ജനസംഖ്യയുടെ 0.7%-വും 2023-ൽ 0.55%-വും മാത്രമായിരുന്ന ദരിദ്രരുടെ കണക്കായി നീതി ആയോഗ് കണ്ടെത്തിയത്.

സാമൂഹ്യാധിഷ്ഠിത പ്രവർത്തനങ്ങൾ മുഖേന അഗതികളായ കുടുംബങ്ങളെ കണ്ടെത്തി അവർക്ക് വേണ്ട സേവനങ്ങൾ നൽകി പുനരധിവസിപ്പിക്കുന്നതിനായി 2002-ൽ കേരളത്തിൽ ആശ്രയ പദ്ധതി ആരംഭിച്ചിരുന്നു. അയൽക്കൂട്ടങ്ങൾ മുഖേന അഗതികളായ കുടുംബങ്ങളെ തിരിച്ചറിയുക, വ്യക്തിഗത സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കുക, കുടുംബശ്രീ മിഷനും പ്രാദേശിക സർക്കാരുകളുമായി സഹകരിച്ച് അവ നടപ്പാക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. 2015 ആയപ്പോഴേക്കും, 922 തദ്ദേശ സ്ഥാപനങ്ങളിലായി 72,000-ത്തിലധികം കുടുംബങ്ങൾക്ക് ആശ്രയ പദ്ധതിയിലൂടെ ആനുകൂല്യങ്ങൾ നൽകിയിരുന്നു. എന്നിരുന്നാലും, സമഗ്രമായ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന കാഴ്ചപ്പാടിന് പകരം ഭവന നിർമ്മാണത്തിലും ഭക്ഷണ വിതരണത്തിലും മാത്രം ഒതുങ്ങിയ പദ്ധതി, മതിയായ സാമൂഹിക പങ്കാളിത്തത്തിന്റെ അഭാവവും തദ്ദേശ സ്ഥാപന തലത്തിലെ ഏകോപനത്തിലെ അപര്യാപ്തതയും കാരണം ഉദ്ദേശിച്ച ഫലപ്രാപ്തിയിൽ എത്തിയില്ല. സമാനമായ പദ്ധതികളുടെ നിർവ്വഹണത്തിലെ പോരായ്മകൾ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പ്രസക്തി വർദ്ധിപ്പിക്കുന്നു. ദാരിദ്ര്യവുമായി ബന്ധപ്പെട്ട ശരാശരി കണക്കുകളുടെ കാര്യത്തിൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളേക്കാളും മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നുണ്ടെങ്കിലും, അതിദാരിദ്ര്യം മൂലം കഷ്ടതയനുഭവിയ്ക്കുന്ന ഒരു ചെറിയ ജനസംഖ്യ നമ്മുടെ സംസ്ഥാനത്തുണ്ടായിരുന്നു. ഈ അതിദാരിദ്ര്യം നേരിടുന്ന കുടുംബങ്ങളെ അതിൽ നിന്ന് മുക്തരാക്കുന്നത് ലക്ഷ്യമിട്ട്, മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ 2021 മെയ് 20-ന് രണ്ടാം തവണയും അധികാരത്തിൽ വന്ന നിലവിലെ സർക്കാർ അതിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ അംഗീകാരം കൊടുത്തതാണ് 'അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി'.

കേരളത്തിന്റെ വികസന യാത്രയിലെ ഒരു സുപ്രധാന മുന്നേറ്റത്തെയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി പ്രതിനിധീകരിക്കുന്നത്. അതിദാരിദ്ര്യത്തിന്റെ മൂലകാരണങ്ങൾ തിരിച്ചറിയുക, സാമൂഹിക ക്ഷേമ പദ്ധതികൾ, ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിയ്ക്കുന്ന പദ്ധതികൾ, അവശ്യ സേവനങ്ങൾ എന്നിവ ലഭ്യമാക്കി കൊണ്ട് അത് പരിഹരിക്കുക എന്നതായിരുന്ന പദ്ധതിയുടെ ലക്ഷ്യം. ദാരിദ്ര്യം എന്നത് വരുമാനം ഇല്ലാത്തത് മാത്രമല്ല, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, സാമൂഹിക സുരക്ഷ എന്നിവയുടെ അഭാവവും അതിദാരിദ്ര്യത്തിന്റെ കാരണങ്ങളാണ് എന്ന് മനസ്സിലാക്കി വിവിധ വകുപ്പുകൾ നടത്തുന്ന പദ്ധതികളുടെ സമന്വയം ഉറപ്പാക്കി കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്.



2

ആരാണ് അതിദരിദ്രർ ? എന്ത് കൊണ്ടാണ് അവരെ ലക്ഷ്യം വച്ചത് ?

ദാരിദ്ര്യം എന്ന വാക്ക് പൊതുവിൽ പ്രയോഗിക്കപ്പെടുന്ന ഒന്നാണ്. മനുഷ്യർ നേരിടുന്ന വിവിധ തരത്തിലുള്ള ശേഷിയില്ലായ്മകൾ ആണ് ദാരിദ്ര്യം എന്നത് കൊണ്ട് അർത്ഥമാക്കുന്നത്. ആദ്യകാലങ്ങളിൽ ഭക്ഷണത്തേയും, അതിൽ നിന്ന് ലഭിക്കുന്ന കലോറി ഊർജ്ജത്തേയും അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യത്തെ നിർണ്ണയിച്ചിരുന്നത്. ദാരിദ്ര്യരേഖയ്ക്ക് താഴെ വരുന്നവരുടെ പട്ടിക ഉണ്ടാക്കിയതിന്റെ അടിസ്ഥാന പരിഗണനാ വിഷയവും അതായിരുന്നു.

എന്നാൽ കേവല ആഹാര ലഭ്യത എന്നതിൽ നിന്ന് വ്യത്യസ്തമായി വസ്ത്രം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, സേവന ലഭ്യത, അടിസ്ഥാന സൗകര്യങ്ങൾ, അടിസ്ഥാന വരുമാനം, സാമൂഹിക ക്ഷേമ നടപടികളുടെ അപ്രാപ്യത എന്നിവയൊക്കെ പിന്നീട് ദാരിദ്ര്യം കണക്കാക്കുന്ന സൂചകങ്ങളിൽ ഉൾപ്പെട്ടു.

ഇവയിൽ വരുമാനം, വിദ്യാഭ്യാസം, ആരോഗ്യം എന്നിവയെ പരിഗണിക്കുന്ന മാനവ വികസന സൂചിക മാനവ വിഭവശേഷി വികസനത്തെ കണക്കാക്കാനുള്ള ഒരു പ്രധാന സൂചികയായി മാറി. കേരളം മാനവ വികസന സൂചികകളിൽ ഏറെ മുന്നിൽ നിൽക്കുന്ന സംസ്ഥാനമാണ്. എങ്കിലും കേരളത്തിൽ ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇപ്പോഴും അവശേഷിക്കുന്നു എന്നാണ് പഠനങ്ങൾ കാണിച്ചത്.

പലപ്പോഴും ചർച്ചകളിൽ, ദാരിദ്ര്യത്തേയും അതിദാരിദ്ര്യത്തേയും വേർതിരിച്ച് കാണാതെ ഒന്നിച്ച് കാണുന്ന ഒരു പ്രവണതയാണ് കണ്ട് വരുന്നത്. അതിദാരിദ്ര്യത്തെ കൂടുതൽ ഊന്നൽ നൽകി പരിഹരിക്കുന്നതിന് ഇത് തടസ്സമായി വർത്തിക്കുന്നു. പൊതുവിൽ ഉള്ള ശേഷികളുടെ അഭാവം ആണ് ദാരിദ്ര്യം എങ്കിൽ അതിൽ ഏറ്റവും തീവ്രമായ അവസ്ഥയെ അഭിമുഖീകരിക്കുന്നവർ ആണ് അതിദരിദ്രർ. ദരിദ്രർക്ക് പലപ്പോഴും ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസസ്ഥലം തുടങ്ങിയ ആവശ്യങ്ങൾ നേടിയെടുക്കുന്നതിന് ബുദ്ധിമുട്ടുകൾ നേരിടാറുണ്ട്. എന്നാൽ അതിജീവനത്തിനുള്ള ബുദ്ധിമുട്ടുകൾ അവർക്ക് എല്ലായ്പ്പോഴും ഉണ്ടാകണമെന്നില്ല. തൊഴിൽ ലഭ്യമാകാത്ത ദിനങ്ങളിൽ ഭക്ഷണ സാധനങ്ങൾ വാങ്ങാൻ അൽപ്പം ബുദ്ധിമുട്ട് നേരിടുന്ന കുടുംബം മേൽ സൂചിപ്പിച്ച ദരിദ്രരുടെ കൂട്ടത്തിൽ വരുന്നതാണ്. സുരക്ഷിതമായ താമസസ്ഥലം പൂർണ്ണതയോടെ ഒരുക്കുന്നതിനും അവർക്ക് ബുദ്ധിമുട്ടുകൾ ഉണ്ടായേക്കാം. എന്നാൽ അവർക്ക് താമസിക്കാനുള്ള അടിസ്ഥാന സൗകര്യം ഉണ്ടാകാം. അതിജീവനത്തിന് വേണ്ട അടിസ്ഥാന ആവശ്യങ്ങൾ (ഭക്ഷണം, വസ്ത്രം, സുരക്ഷിത താമസസ്ഥലം, അടിസ്ഥാന വരുമാനം) നേടിയെടുക്കാൻ തീരെ കഴിയാതെ പോകുന്ന, അതിജീവനം തന്നെ പ്രതിസന്ധിയിൽ ആയ വിഭാഗം ആണ് അതിദരിദ്രർ. തൊഴിൽ ശേഷിയും അടിസ്ഥാന വരുമാനവും അടിസ്ഥാന ജീവിത സാഹചര്യങ്ങളുമുള്ള ദരിദ്ര കുടുംബങ്ങളെയല്ല, അടിസ്ഥാന അവകാശങ്ങൾ പോലും നേടിയെടുക്കാൻ ശേഷിയില്ലാത്ത, പൊതുവിൽ ബാഹ്യ സഹായം ഇല്ലാതെ ജീവിതം മുൻപോട്ടു കൊണ്ടുപോകാൻ കഴിയാത്ത, അശരണരും നിരാലംബരും അഗതികളുമായ കുടുംബങ്ങളെയാണ് അതിദരിദ്രരായി കണക്കാക്കേണ്ടത്. തെരുവിൽ കഴിയുന്നവർ, മറ്റു വരുമാന സാദ്ധ്യതകളോ ആസ്തികളോ ഇല്ലാതെ അതിജീവനം പ്രതിസന്ധിയിലായ ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിങ്ങനെയുള്ള വിഭാഗങ്ങൾ മാത്രം ഉള്ള കുടുംബങ്ങൾ, കുടുംബനാഥ/ൻ ഉപേക്ഷിച്ച മറ്റു വരുമാന സാദ്ധ്യതകളോ ആസ്തികളോ തൊഴിൽ ശേഷിയോ ഇല്ലാത്ത കുടുംബങ്ങൾ, കിടപ്പുരോഗികൾ മാത്രമുള്ള, തൊഴിൽ ശേഷിയുള്ള കുടുംബാംഗങ്ങൾ ഇല്ലാത്ത, മറ്റു ആസ്തികളോ വരുമാനമോ ഇല്ലാത്ത കുടുംബങ്ങൾ തുടങ്ങിയവർ കേവല ദാരിദ്ര്യത്തിനപ്പുറം അതിജീവനശേഷി ഇല്ലാത്ത അതിദരിദ്രരാണ്. ദാരിദ്ര്യത്തിന്റെ അതിതീവ്ര രൂപമാണ് അതിദാരിദ്ര്യം. അതി ദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് പുറമേ നിന്ന് സർക്കാരിന്റെയും പൊതു സമൂഹത്തിന്റെയും ശക്തമായ

ദാരിദ്ര്യം

അടിസ്ഥാന ആവശ്യങ്ങൾ നേടാൻ ബുദ്ധിമുട്ട്

അതിദാരിദ്ര്യം

അതിജീവനം തന്നെ പ്രതിസന്ധിയിൽ

പിന്തുണയില്ലാതെ ജീവിതം മുൻപോട്ട് കൊണ്ടുപോകാനോ, ദാരിദ്ര്യത്തിൽ നിന്ന് പുറത്ത് കടക്കാനോ കഴിയില്ല. എന്നാൽ സാധാരണ ദരിദ്രർക്കാകട്ടെ അവരുടെ വരുമാനം, തൊഴിൽ ശേഷി എന്നിവ വച്ച് ചുരുങ്ങിയ അളവിൽ ആണെങ്കിലും ജീവിതം മുൻപോട്ട് നയിക്കാൻ കഴിയും. പൊതുവിൽ ദരിദ്രരെ അതിൽ നിന്ന് കരകയറ്റുന്നതിന് സർക്കാർ വിവിധ തരം മാർഗ്ഗങ്ങൾ അവലംബിക്കാറുണ്ട്. തൊഴിൽ നൽകാനുള്ള തൊഴിലുറപ്പ് പദ്ധതി, സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള പിന്തുണകൾ, ഭക്ഷണം നൽകാനുള്ള റേഷൻ സംവിധാനം, വീട് നൽകാനുള്ള പദ്ധതികൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമാണ്. ഈ സഹായങ്ങൾ ദരിദ്രരെ അതിജീവനത്തിന് പൊതുവിൽ പ്രാപ്തരാക്കുന്നു. എന്നാൽ വിവിധങ്ങളായ കാരണങ്ങളാൽ ഈ അടിസ്ഥാന സേവനങ്ങൾ പോലും ലഭ്യമാകാതെ അതിദുരിതത്തിൽ കഴിഞ്ഞ കുടുംബങ്ങളെ അതി ദാരിദ്ര്യത്തിന്റെ ഭീഷണിയിൽ നിന്ന് രക്ഷിയ്ക്കുക എന്നതായിരുന്നു സർക്കാർ ലക്ഷ്യമിട്ടത്. അതുകൊണ്ടു തന്നെയാണ് സമൂഹത്തിലെ അവസാന വ്യക്തിയും സുസ്ഥിരവും മാന്യവുമായ ജീവിതം നയിക്കണം എന്ന വീക്ഷണവും ദർശനവുമുള്ള സർക്കാർ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ആരംഭിച്ചത്.

3

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സുസ്ഥിര വികസന ലക്ഷ്യങ്ങളും

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ബഹുമുഖവും സമഗ്രവുമായ ഇടപെടലുകളെല്ലാം ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളെ (എസ്.ഡി.ജി.) നേരിട്ട് സ്പർശിയ്ക്കുന്നവയാണ്. അതിദരിദ്രരെ ബാധിക്കുന്ന ഏറ്റവും നിർണായകമായ ദുരിത ഘടകങ്ങളായ ഭക്ഷണം, വരുമാനം, ആരോഗ്യം, പാർപ്പിടം എന്നിവ പരിഹരിയ്ക്കുമ്പോൾ അവ, ദാരിദ്ര്യം അവസാനിപ്പിക്കുന്നതിനുള്ള എസ്ഡിജി 1, പട്ടിണി നിർമ്മാർജനം ചെയ്യുന്നതിനുള്ള എസ്ഡിജി 2, നല്ല ആരോഗ്യവും ക്ഷേമവും ഉറപ്പുവരുത്തുന്നതിനുള്ള എസ്ഡിജി 3, സുരക്ഷിതവും ഉൾക്കൊള്ളുന്നതുമായ ഭവനങ്ങളും സമൂഹങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനുള്ള എസ്ഡിജി 11 എന്നിവയോട് നേരിട്ട് ബന്ധപ്പെട്ടിരിയ്ക്കുന്നു. എന്നിരുന്നാലും, അതിന്റെ സ്വാധീനം ഈ മേഖലകൾക്കപ്പുറം എസ്ഡിജി-യുടെ എല്ലാ ദർശനങ്ങളുമായി സമന്വയിയ്ക്കുന്നു.

സാമ്പത്തിക അഭാവം കുറയ്ക്കുകയും സാമൂഹിക സംരക്ഷണം ഉറപ്പാക്കുകയും ചെയ്യുന്നതിലൂടെ, ദരിദ്ര കുടുംബങ്ങളിലെ കുട്ടികളെ സ്കൂളിൽ തുടരാൻ പ്രാപ്തരാക്കി എസ്ഡിജി 4-നെ പരോക്ഷമായി പിന്തുണയ്ക്കുന്നു. കൂടാതെ ദാരിദ്ര്യത്തിന്റെ ലിംഗപരമായ മാനങ്ങൾ കൈകാര്യം ചെയ്യുകയും വിഭവങ്ങളിലേക്കും ഉപജീവന അവസരങ്ങളിലേക്കും സ്ത്രീകളെ നയിയ്ക്കുകയും ശാക്തീകരിക്കുകയും ചെയ്തുകൊണ്ട് എസ്ഡിജി 5 മുന്നോട്ടു കൊണ്ടു പോകുന്നു. ഭവനവും ആരോഗ്യപരമായ ഇടപെടലുകളും എസ്ഡിജി 6 പ്രകാരം വിഭാവനം ചെയ്ത ശുദ്ധജലത്തിലേക്കും ശുചിത്വത്തിലേക്കും നയിയ്ക്കുമ്പോൾ, മാന്യമായ പാർപ്പിടത്തിന്റെ വ്യവസ്ഥ പലപ്പോഴും ഊർജ്ജ സംരക്ഷണം എന്ന തത്വത്തിൽ ഊന്നി എസ്ഡിജി 7 പാലിയ്ക്കുന്നു. വരുമാന സൃഷ്ടിയ്ക്ക് വേണ്ടിയുള്ള നടപടികൾ പ്രാദേശിക സംരംഭകത്വത്തെയും മാന്യമായ തൊഴിലിനെയും പരിപോഷിപ്പിക്കുകയും എസ്ഡിജി 8-ന് അനുരോധമായി പ്രവർത്തിയ്ക്കുകയും ചെയ്യുന്നു. അതേസമയം സാമൂഹ്യ സേവനങ്ങൾ, സേവന വിതരണ സംവിധാനങ്ങൾ എന്നിവ എസ്ഡിജി 9-ന്റെ അന്തസത്തയെ പ്രതിധ്വനിക്കുന്നു. അതിദരിദ്രർക്കുള്ള പദ്ധതിയുടെ ഊന്നൽ ഘടനാപരമായ അസമത്വങ്ങൾ കുറയ്ക്കുന്നു, എസ്ഡിജി 10 നിറവേറ്റുന്നു, സുസ്ഥിരമായ ഭവനനിർമ്മാണത്തെയും കാലാവസ്ഥാ പ്രതിരോധ ഉപജീവനമാർഗങ്ങളെയും പിന്തുണയ്ക്കുന്നതിലൂടെ, ഈ പദ്ധതി കാലാവസ്ഥാ പ്രവർത്തനത്തെക്കുറിച്ചുള്ള എസ്ഡിജി 13-ന് സംഭാവന നൽകുന്നു. അവസാനത്തെ പൗരനെയും ഉൾക്കൊള്ളുന്ന സേവന വിതരണത്തിലൂടെയും സുതാര്യമായ ഭരണത്തിലൂടെയും ഈ പദ്ധതി എസ്ഡിജി 16 പ്രകാരം വിഭാവനം ചെയ്ത സ്ഥാപനപരമായ വിശ്വാസവും പങ്കാളിത്ത ഭരണവും ശക്തിപ്പെടുത്തുന്നു. അതേസമയം സർക്കാർ, സിവിൽ സമൂഹം, അന്താരാഷ്ട്ര ചട്ടക്കൂടുകൾ എന്നിവ തമ്മിലുള്ള പങ്കാളിത്തം ഉൾക്കൊള്ളുന്ന പദ്ധതിയുടെ രൂപകൽപ്പന എസ്ഡിജി 17-ന്റെ ആത്മാവിന് അടിവരയിടുന്നു.

4

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ നേട്ടങ്ങൾ

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പൂർത്തീകരണം കേരളത്തിൽ സാമൂഹികവും സാമ്പത്തികവും പാരിസ്ഥിതികവുമായ മാറ്റങ്ങളും സുസ്ഥിരമായ ഫലങ്ങളും സൃഷ്ടിയ്ക്കും. ഡാറ്റാധിഷ്ഠിതവും സമൂഹകേന്ദ്രിതവുമായ സമീപനം സ്വീകരിക്കുന്നതിലൂടെ, പദ്ധതി ഇനിപ്പറയുന്ന പ്രധാന നേട്ടങ്ങൾ കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സമ്പൂർണ്ണ അതിദാരിദ്ര്യ നിർമ്മാർജ്ജനം

അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്തി സർക്കാർ ഇടപെടലുകളിലൂടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വകുപ്പുകളുടെയും യോജിച്ച പ്രവർത്തനം മുഖേനയും അവർക്ക് ആവശ്യമുള്ള സേവനങ്ങളും സഹായങ്ങളും നൽകുക വഴി, പദ്ധതി കാലയളവിനുള്ളിൽ തന്നെ അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്ത്, മഹത്തായ ഈ നാഴികക്കല്ല് കൈവരിക്കുന്ന ഇന്ത്യയിലെ ആദ്യ സംസ്ഥാനമായി കേരളം മാറി.

മെച്ചപ്പെട്ട മാനവവികസന സൂചകങ്ങൾ

പോഷകാഹാരം, ആരോഗ്യ സംരക്ഷണം, ഭവനം, വരുമാന വർദ്ധനവ്, വിദ്യാഭ്യാസം എന്നിവയിലെ സംയോജിത ഇടപെടലുകളിലൂടെ ആരോഗ്യ നിലവാരം, വിദ്യാഭ്യാസത്തിന്റെയും പോഷകാഹാരത്തിന്റെയും ലഭ്യത എന്നിവ ഉയർത്തി സംസ്ഥാനത്തെ ആഗോള മാനവവികസന സൂചിക മെച്ചപ്പെടുത്തും.

സാമ്പത്തിക ശാക്തീകരണം

സുസ്ഥിര ഉപജീവനമാർഗങ്ങൾ, നൈപുണ്യ വികസനം, വരുമാന വൈവിധ്യവൽക്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, ഈ പദ്ധതി സാമ്പത്തിക സുരക്ഷ ശക്തിപ്പെടുത്തുകയും സാമ്പത്തിക ആഘാതങ്ങളോടുള്ള ദുർബലത കുറയ്ക്കുകയും ചെയ്യും. ഇത് പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങൾക്കിടയിൽ ദീർഘകാല സാമ്പത്തിക പ്രതിരോധശേഷി വളർത്തും.

ലിംഗസമത്വം

വായ്പകൾ, സംരംഭകത്വ പരിപാടികൾ, നൈപുണ്യ വികസനം, മെച്ചപ്പെട്ട അവസരങ്ങൾ എന്നിവ ഉൾപ്പെടെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ ലിംഗസമത്വവും വികസന പ്രക്രിയകളിൽ അവസാനത്തെ സ്ത്രീയെയും ഉൾക്കൊള്ളുന്ന തരത്തിലുള്ള പങ്കാളിത്തവും പ്രോത്സാഹിപ്പിക്കും.

മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും

സുരക്ഷിത ഭവനം, ശുചിത്വം, ഊർജം എന്നിവ ജീവിത നിലവാരവും ആരോഗ്യവും പാരിസ്ഥിതിക സുസ്ഥിരതയും വർദ്ധിപ്പിക്കും. അതേസമയം സാമൂഹ്യ തലത്തിലുള്ള അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ സാമൂഹിക ഐക്യവും ക്ഷേമവും ശക്തിപ്പെടുത്തും.

സദ്ഭരണവും കാര്യക്ഷമതയും

ക്ഷേമ പദ്ധതികളുടെ സംയോജനം, തത്സമയ നിരീക്ഷണം, പങ്കാളിത്തപരമായ പ്രാദേശിക ഭരണം എന്നിവയിൽ ഊന്നി ഉത്തരവാദിത്തപരവും കാര്യക്ഷമവുമായ ഭരണം ഉറപ്പാക്കുകയും പൗരന്മാർക്ക് പൊതു സ്ഥാപനങ്ങളിലുള്ള വിശ്വാസം വളർത്തുകയും ചെയ്യും.

ആഗോളവും ദേശീയവുമായ സൂചികകളുമായി സമന്വയം

പദ്ധതിയുടെ വിജയകരമായ പൂർത്തീകരണം, നീതി ആയോഗിന്റെ കണക്കുകൾ അനുസരിച്ച് ദാരിദ്ര്യ നിർമ്മാർജ്ജന മേഖലയിൽ ഇന്ത്യയുടെ വിശാലമായ ദേശീയ ലക്ഷ്യങ്ങൾക്ക് സംഭാവന നൽകുന്നതോടൊപ്പം, ഐക്യരാഷ്ട്ര സഭയുടെ സുസ്ഥിര വികസനത്തിനായുള്ള 2030 അജണ്ട കൈവരിക്കുന്നതിനുള്ള മാതൃകയായും പ്രവർത്തിക്കും.

പരമ്പരാഗത ക്ഷേമപദ്ധതികളുടെ മാതൃകകളെ മറികടക്കുന്ന നൂതന സമീപനത്തിലൂടെ മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റി, അവരുടെ സാമ്പത്തിക പ്രതിരോധശേഷി ഉയർത്തി, അവസാനത്തെ അതിദരിദ്ര വ്യക്തിയെയും ഉൾക്കൊള്ളുന്നതും അവരെ സമത്വത്തിലേക്കും സംസ്ഥാനത്തെ സുസ്ഥിരമായ വികസനത്തിലേക്കും നയിക്കുന്ന ഒരു പദ്ധതിയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജനം.

5

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ – സുപ്രധാനമായ ആദ്യ ചുവട് വയ്പ്

കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അതിദരിദ്രരെ തിരിച്ചറിയുന്നതിനായി സമഗ്രമായ ഗാർഹിക തലത്തിലുള്ള വിവരശേഖരണം, ഓരോ കുടുംബത്തിന്റെയും ദാരിദ്ര്യത്തിന്റെ കൃത്യമായ കാരണങ്ങൾ വിശകലനം ചെയ്ത് അവർക്ക് അനുയോജ്യമായ സേവനങ്ങളും ആനുകൂല്യങ്ങളും നൽകുന്നതിന് കൃത്യമായ മൈക്രോ പ്ലാനുകൾ തയ്യാറാക്കി ആനുകൂല്യങ്ങൾ നൽകുക എന്നിങ്ങനെ രാജ്യത്തെ ഒരു സംസ്ഥാനവും ഇന്ന് വരെ ഏറ്റെടുക്കാത്ത സവിശേഷമായ സമീപനമാണ് അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ചത്.

ഓരോ കുടുംബത്തെയും അതിലെ വ്യക്തികളെയും ദുർബലപ്പെടുത്തുന്ന ആരോഗ്യസ്ഥിതി, ഭക്ഷണത്തിന്റെ അഭാവം, അവകാശങ്ങളുടെയും ഭൂമിയുടെയും പാർപ്പിടത്തിന്റെയും അഭാവം, സ്ഥിരമായ വരുമാനം കണ്ടെത്താനുള്ള കഴിവില്ലായ്മ, വൈകല്യം, വാർദ്ധക്യം, ഉപജീവനമാർഗത്തിന്റെ അഭാവം തുടങ്ങിയ ഘടകങ്ങൾ അതിദാരിദ്ര്യത്തെ നിർവ്വചിക്കാൻ ഉപയോഗിച്ചു.

ഓരോ കുടുംബവും താമസിക്കുന്ന സ്ഥലങ്ങൾ തമ്മിലുള്ള ദൂരം, താഴ്ന്ന വിദ്യാഭ്യാസ നിലവാരം, പോഷകാഹാരക്കുറവ്, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ സൗകര്യങ്ങളുടെ അഭാവത്തിന്റെ അടിസ്ഥാനത്തിലാണ് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങൾ പോലുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ അവസ്ഥ വിലയിരുത്തിയത്. തദ്ദേശ സ്വയംഭരണ വകുപ്പാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിവരശേഖരണം നടത്തിയത്.

സംസ്ഥാനത്ത് മുമ്പ് നടപ്പിലാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ വിവിധ കാരണങ്ങളാൽ ഒഴിവായിപ്പോയവരും നിലവിൽ അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ പോലും ശേഷിയില്ലാതെ, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതെ അതിതീവ്ര ദാരിദ്ര്യം അനുഭവിക്കുന്നവരെയും കണ്ടെത്തി, അവരെയും ഈ പദ്ധതിയുടെ ഭാഗമാക്കുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തിയിരുന്നു.

അതിദരിദ്രരെ കണ്ടെത്തുന്നതിന് സ്വീകരിച്ച അടിസ്ഥാന സമീപനം

സാമൂഹിക സാമ്പത്തിക ദുർബലത (deprivation) അഥവാ ദാരിദ്ര്യം എന്നതിന്റെ ഏറ്റവും തീവ്രരൂപമാണ് അതിദാരിദ്ര്യം. ഭക്ഷണം, വസ്ത്രം, സുരക്ഷിതമായ താമസ സ്ഥലം, അടിസ്ഥാന വരുമാനം ആർജ്ജിക്കാനുള്ള ശേഷി എന്നിവ നേടാൻ ആകാതെ പോകുമ്പോഴാണ് ഒരു വ്യക്തിയോ കുടുംബമോ അതിദരിദ്രർ ആകുന്നത്. അതിദാരിദ്ര്യാവസ്ഥ അനുഭവിക്കാൻ സാധ്യതയുള്ള കുടുംബങ്ങളിൽ സാമൂഹിക വിഭാഗഭേദമോ ലിംഗഭേദമോ ഇല്ല. അതിനാൽ തന്നെ ആഹാരം നേടാനുള്ള ശേഷിയില്ലായ്മ, അടിസ്ഥാന വരുമാനം ഇല്ലായ്മ, ദാരിദ്ര്യത്തിലേക്ക് നയിക്കുന്ന ആരോഗ്യ സാഹചര്യങ്ങൾ, എന്നിവ അതിദാരിദ്ര്യത്തിനുള്ള അടിസ്ഥാന സൂചകങ്ങൾ ആയി കണക്കാക്കി. ഭക്ഷണം, താമസ സ്ഥലം, വരുമാനം എന്നിവ മുൻപുള്ള അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ സൂചകങ്ങളായി ഉപയോഗിച്ചിട്ടുള്ളവയാണ്. എന്നാൽ അവയിലെ തന്നെ ഏറ്റവും അതിദരിദ്രരെ കണ്ടെത്താനുള്ള സൂചകങ്ങളെയാണ് ഈ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയത്.

വരുമാനം ഇല്ലായ്മ ഒന്നുകിൽ ജോലി ചെയ്യാനുള്ള പ്രാപ്തി കുറവു കൊണ്ടോ അല്ലെങ്കിൽ ആസ്തികളിൽ നിന്ന് ഒരു വരുമാനവും ലഭിക്കാൻ ഇല്ലാത്തത് കൊണ്ടോ ആകാം. ആരോഗ്യപരമായ പ്രശ്നങ്ങൾ പലപ്പോഴും ജോലി എടുക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാക്കാനും, വീട്ടു ചെലവ് വരുമാനത്തേക്കാൾ വളരെ അധികരിക്കുന്നതിനും കാരണമാകാം. ഭാരിച്ച കടബാധ്യത അതിദാരിദ്ര്യത്തിലേക്ക് ഒരു കുടുംബത്തെ തള്ളി വിടുന്നതിന് കാരണമായേക്കാം. ഇതിന്റെ ഭാഗമായി ആസ്തികളും, വരുമാന സാദ്ധ്യതകളും പൂർണ്ണമായും നഷ്ടപ്പെട്ടേക്കാം. അതിദാരിദ്ര്യത്തിന്റെ ഏറ്റവും പ്രകടമായ ലക്ഷണം വിശപ്പാണ്. ഭക്ഷണത്തിന് വേണ്ട സാധനങ്ങൾ വാങ്ങാൻ കഴിയാത്തതു കൊണ്ടോ, സർക്കാർ നൽകുന്ന ഭക്ഷ്യധാന്യങ്ങൾ പോലും ലഭ്യമാകാത്തത് കൊണ്ടോ, ഭക്ഷണം പാചകം ചെയ്ത് കഴിക്കാനുള്ള കായിക ശേഷിയോ, സാമ്പത്തിക ശേഷിയോ ഇല്ലാത്തതു കൊണ്ടോ കടുത്ത പട്ടിണിയിലേക്ക് ഒരു കുടുംബം നീങ്ങാം. അതിദാരിദ്ര്യം മൂലം മറ്റിടങ്ങളിലേക്ക് മാറാൻ കഴിയാതെ ഒരു കുടുംബത്തിനോ, ഒരു കൂട്ടം കുടുംബങ്ങൾക്കോ അതിദുസ്സഹമോ, അപകടകരമോ ആയ ജീവിത സാഹചര്യങ്ങളിൽ ജീവിക്കേണ്ടി വന്നേക്കാം. വാസസ്ഥലം സ്ഥിരമായി ഉണ്ടാക്കാൻ ആകാത്തതിനാൽ തെരുവിലോ, കടത്തിണ്ണകളിലോ, പൊതു ഇടങ്ങളിലോ കഴിച്ചു കൂട്ടുന്നവരും ഉണ്ടാകാം. ഇവയെല്ലാം അതിദാരിദ്ര്യത്തിന്റെ പ്രതിഫലനങ്ങളാണ്. ചുരുക്കത്തിൽ അതിദാരിദ്ര്യം ഏറ്റവും രൂക്ഷമായി പ്രകടമാകുന്നതിന് കാരണമായി വർത്തിക്കുന്ന പ്രധാന ഘടകങ്ങൾ ഭക്ഷണം, സുരക്ഷിതമായ വാസസ്ഥലം, അടിസ്ഥാന വരുമാനം, ആരോഗ്യപരമായ സ്ഥിതി എന്നിവയാണ്. രോഗാതുരത ഏറ്റവും ഉയർന്ന നിൽക്കുന്ന കേരളത്തിൽ കരൾ രോഗം, വൃക്കരോഗം, ഹൃദ്രോഗം, പക്ഷാഘാതം എന്നിവ മൂലം തൊഴിൽ ശേഷി നഷ്ടപ്പെട്ടവരും, മാനസിക ആരോഗ്യ പ്രശ്നങ്ങളാൽ തൊഴിൽ എടുക്കാൻ ആകാത്തവരുമുണ്ട്. 80 ശതമാനത്തിന് മുകളിൽ വരുന്ന ശാരീരിക പരിമിതികൾ മൂലം തൊഴിലെടുത്ത് വരുമാനം ഉണ്ടാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരും ആരോഗ്യ ദുസ്ഥിതിയുടെ സൂചകങ്ങളിൽ ഉൾപ്പെടുന്നു. അതിനാൽ തന്നെ

ആരോഗ്യ ദുസ്ഥിതി കേരളത്തെ സംബന്ധിച്ച് അതി ദാരിദ്ര്യത്തിലേയ്ക്ക് നയിക്കാവുന്ന ഘടകങ്ങളിൽ ഒന്നായി കണക്കാക്കുക എന്നത് പ്രധാനമാണ് എന്ന സമീപനമാണ് ഇവിടെ സ്വീകരിച്ചത്. ചുരുക്കത്തിൽ കുടുംബങ്ങളുടെ അടിസ്ഥാനഅതിജീവനത്തിന് തടസ്സമായി വർത്തിക്കുന്ന നാല് പൊതു ഘടകങ്ങളെയാണ് എല്ലാ കുടുംബങ്ങൾക്കും ബാധകമാക്കാവുന്ന പൊതു ഘടകം എന്ന നിലയിൽ സൂചകങ്ങളായി എടുത്തത്.

അതിദരിദ്രരെ കണ്ടെത്തുന്നതിന് അവലംബിച്ച പൊതു ഘടകങ്ങളും, ഉപഘടകങ്ങളും

അതി തീവ്ര ക്ലേശഘടകങ്ങൾ	തീവ്ര ക്ലേശ ഘടകങ്ങൾ
ഭക്ഷണ ലഭ്യത	
അതി വാർദ്ധക്യം മൂലമോ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ ഉള്ളതിനാലോ ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ ആകാത്ത, പുറമെ നിന്ന് ഭക്ഷണം വാങ്ങുന്നതിനോ, പണം നൽകി ആളെ വെച്ച് പാചകം ചെയ്യുന്നതിനോ ശേഷി ഇല്ലാത്ത കുടുംബങ്ങൾ.	അങ്കണവാടി രേഖകൾ പ്രകാരം തീവ്ര പോഷണ ദാരിദ്ര്യം (SAM) ഉള്ള ആറോ അതിൽ താഴെയോ വയസുള്ള കുട്ടികൾ ഉള്ള കുടുംബങ്ങൾ.
തെരുവിലോ പൊതുയിടങ്ങളിലോ കഴിയുന്നതുമൂലം സ്ഥിരമായി ഭക്ഷണം ലഭിക്കാതിരിക്കുന്നവരോ, പൊതു സ്ഥാപനങ്ങളിൽ നിന്നോ സൗജന്യമായോ ഭക്ഷണം കഴിക്കുന്നവരോ ആയ കുടുംബങ്ങൾ.	
ആരോഗ്യം	
ഗുരുതരമായ രോഗം ബാധിച്ചത് കൊണ്ടോ, മുകളിൽപറഞ്ഞ കാരണങ്ങൾ ഒഴികെ മറ്റു കാരണങ്ങളാൽ കിടപ്പ് രോഗിയായതിനാലോ, അപകടം മൂലമോ വരുമാന ശേഷി പൂർണമായും (തൊഴിലിൽ നിന്നോ, ആസ്തിയിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ) നഷ്ടപെട്ട കുടുംബങ്ങൾ.	രോഗമോ അപകടമോ കാരണം കട ബാധ്യത വന്ന് ആസ്തികളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബം.
ബൗദ്ധിക-മാനസിക വെല്ലുവിളികളോ, 80% ശാരീരിക വെല്ലുവിളികളോ നേരിടുന്നവരെ വീട്ടിൽ പരിപാലിക്കേണ്ടി വന്നതുമൂലം തൊഴിലിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ, ആസ്തിയിൽ നിന്നോ വരുമാനം നഷ്ടപ്പെട്ട കുടുംബം.	

അതി തീവ്ര ക്ലേശഘടകങ്ങൾ	തീവ്ര ക്ലേശ ഘടകങ്ങൾ
വരുമാനം*	
തൊഴിൽ ശേഷി ഉള്ളവർ ഇല്ലാത്തതും, ആസ്തികളിൽ നിന്നോ, നിക്ഷേപങ്ങളിൽ നിന്നോ വരുമാനമില്ലാത്തതുമായ കുടുംബം	മുഖ്യ വരുമാന ദായക/ൻ മരിച്ചുപോയ അല്ലെങ്കിൽ ഉപേക്ഷിച്ച് പോയ കുടുംബം
ശാരീരിക അവശതകൾ ഉണ്ടായിട്ടും, 60 വയസ്സിന് മുകളിലുള്ളവർ മാത്രം തൊഴിൽ എടുക്കുന്ന, മറ്റു വരുമാനദായക അംഗങ്ങളും മാർഗ്ഗങ്ങളും ഇല്ലാത്ത ദരിദ്ര കുടുംബം	വിവിധ ദുരന്തങ്ങളിൽ തൊഴിൽ ഉപകരണങ്ങളോ ജീവനോപാധികളോ പൂർണമായി നഷ്ടപ്പെട്ട, മറ്റ് വരുമാന സാധ്യതകൾ ഇല്ലാത്ത കുടുംബം
70 വയസ്സിന് മുകളിൽ പ്രായമുള്ളവർ മാത്രമുള്ള, വരുമാനം ഇല്ലാത്ത ദരിദ്ര കുടുംബം	
വാസസ്ഥലം	
വാസസ്ഥലം ഇല്ലാതെ അലയുന്നവർ (തദ്ദേശ സ്ഥാപന പ്രദേശത്ത് കഴിഞ്ഞ ഒരു വർഷമായി കാണുന്നവർ)	അപകടകരവും, ദുസ്സഹവുമായ സ്ഥലങ്ങളിൽ ദയനീയ സാഹചര്യത്തിൽ താമസിക്കുന്നവർ (റെയിൽവേ / റോഡ് / പുഴ പുറംമ്പോക്ക്, ചതുപ്പ്, വയൽവരമ്പ്, മാലിന്യ കൂമ്പാര പരിസരം, അഴുക്ക് ചാലുകളുടെ ഓരങ്ങൾ, ബസ്സ്റ്റാൻഡ്, മാർക്കറ്റ് എന്നിവിടങ്ങളിൽ കഴിയുന്നവർ. കടലാക്രമണം ഒഴികെയുള്ള സാഹചര്യങ്ങൾ)
	കടബാധ്യതകൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം വാസസ്ഥലം നഷ്ടമായ ദരിദ്ര കുടുംബങ്ങൾ, പ്രകൃതി ദുരന്തങ്ങൾ എന്നിവ മൂലം വാസസ്ഥലം നഷ്ടമായ ദരിദ്ര കുടുംബം

വികസന പിന്നാക്കാവസ്ഥയിൽ നിൽക്കുന്ന സാമൂഹിക വിഭാഗങ്ങൾക്ക് നൽകിയ പ്രത്യേക പരിഗണന

കേരളം മാനവിക വികസന സൂചികകളിൽ ഏറെ മുന്നോട്ടു പോയ സമൂഹമാണ്. എന്നാൽ അതിനിടയിലും ചരിത്രപരമായ കാരണങ്ങളാൽ വികസനത്തിന്റെ നേട്ടം വേണ്ടത്ര ലഭിക്കാതെ പോയ സാമൂഹിക വിഭാഗങ്ങൾ ഉണ്ട്. പട്ടിക വർഗ്ഗക്കാർ, പട്ടിക ജാതിക്കാർ, തീരദേശ വാസികൾ എന്നിവർ ഇതിൽ ഉൾപ്പെടുന്നു. ഇവരുടെ ഇടയിൽ ദാരിദ്ര്യത്തിന്റെ തോത് മറ്റു വിഭാഗങ്ങളേക്കാൾ ഉയർന്നതാണ്. ഇവരുടെ അടിസ്ഥാന ജീവിത സാഹചര്യങ്ങളും മറ്റുള്ളവരെ അപേക്ഷിച്ച് പുറകിലുമാണ്. അത് കൊണ്ട് തന്നെ അതി ദാരിദ്ര്യം നേരിടുന്നതിനുള്ള ഈ പദ്ധതിയിൽ സാമൂഹ്യ വിഭാഗങ്ങൾക്ക് ഒരു പ്രത്യേക പരിഗണന നൽകിയിരുന്നു. ഇവരുടെ പ്രത്യേക ജീവിത സാഹചര്യങ്ങളാൽ അതി ദാരിദ്ര്യത്തിന് കാരണമായേക്കാവുന്ന ഘടകങ്ങളെയാണ് പ്രത്യേക സൂചകങ്ങൾ ആയി പരിഗണിച്ചത്.

പട്ടിക വർഗ്ഗ കുടുംബങ്ങൾ

1. പൊതു ഗതാഗത സൗകര്യം/പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ സ്കൂളുകൾ, റേഷൻ കട തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളിൽ നിന്ന് 3 കിലോ മീറ്റർ എങ്കിലും അകലെ വനത്തിനുള്ളിൽ താമസിക്കുന്നവരും 25 സെന്റിൽ താഴെ ഭൂമി കൈവശമുള്ളവരുമായ പട്ടികവർഗ്ഗ കുടുംബങ്ങളെ പരിഗണിച്ചു.അതീവ ദുർബല പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് (PVTG– കാടർ, ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കുറുമ്പ) പ്രത്യേക പരിഗണന നൽകി.
2. മറ്റു വരുമാന സാധ്യതകളില്ലാത്തതും വനവിഭവശേഖരത്തെ മാത്രം ആശ്രയിച്ച് കഴിയുന്നതുമായ കുടുംബങ്ങൾക്കും പ്രത്യേക പരിഗണന.
3. പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ.
4. അവിദഗ്ധ കാർഷിക കൂലിപ്പണിക്കായി പുറംസംസ്ഥാനങ്ങളിൽ ജോലി തേടി പോകേണ്ടി വരുന്ന വ്യക്തിയുള്ളതും 25 സെന്റിൽ താഴെ കൃഷി ഭൂമിയുള്ളതും, തൊഴിൽ ശേഷി ഉള്ള മറ്റാരും ഇല്ലാത്തതുമായ കുടുംബം.
5. ഉയര ത്തിക്ക അനുപാതം (BMI) 16 ൽ താഴെയോ Chronic Energy Deficiency(CED) യോ ആയ വ്യക്തിയുള്ള കുടുംബം.

6. വസിക്കാൻ ഭൂമിയില്ലാത്ത അഥവാ, 150 ച. അടി വരെ ഉള്ള വാസസ്ഥലത്തിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബം.

പട്ടിക ജാതി കുടുംബങ്ങൾ

1. ദുരന്തങ്ങൾ മൂലം വാസസ്ഥലം നഷ്ടമായവർ
2. 500 മീറ്ററിൽ ഗതാഗത സൗകര്യമില്ലാത്ത, കുടിവെള്ള സൗകര്യം 100 മീറ്ററിനുള്ളിൽ പ്രാപ്യമല്ലാത്ത, വൈദ്യുതീകരണം നടന്നിട്ടില്ലാത്ത പ്രദേശത്തു താമസിക്കുന്ന കുടുംബം
3. പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ

തീരദേശ വാസികൾ

1. കടലാക്രമണ ഭീഷണി സ്ഥിരമായി നേരിടുന്നവർ/ കടലാക്രമണം മൂലം ആവാസസ്ഥലം നഷ്ടപ്പെട്ടവർ
2. പ്രാഥമിക വിദ്യാഭ്യാസത്തിന് (ഏഴാം ക്ലാസ്സ്) മുകളിൽ വിദ്യാഭ്യാസം നേടിയ ആരും തന്നെ ഇല്ലാത്ത കുടുംബങ്ങൾ

നഗര ദരിദ്രർ

1. മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പരിധിയിൽ 150 ച. അടി വരെ ഉള്ള വീട്ടിൽ എട്ടോ അതിൽ കൂടുതലോ അംഗങ്ങൾ താമസിക്കുന്ന കുടുംബങ്ങൾ
2. ഇതിന് പുറമേ സാമൂഹിക ദുർബലത അനുഭവിക്കുന്നവർക്കും, ചുവടെ ചേർത്തിരിയ്ക്കുന്ന പ്രത്യേക ഘടകങ്ങൾ അനുസരിച്ച് പ്രത്യേക പരിഗണന നൽകി.
3. എച്ച്.ഐ.വി. ബാധിതർ ഉള്ള ദരിദ്ര കുടുംബങ്ങൾ (NPNS,NPS,NPI എന്നീ റേഷൻ കാർഡ് ഉള്ളവർ ഒഴികെ, റേഷൻ കാർഡ് ഇല്ലാത്തവരെ ദരിദ്ര കുടുംബമായി പരിഗണിക്കുക)
4. അനാഥരായ കുട്ടികൾ ഉള്ള ദരിദ്ര കുടുംബങ്ങൾ
5. LGBTQIA+ വിഭാഗത്തിൽപ്പെട്ട അംഗങ്ങൾ ഉള്ള ദരിദ്ര കുടുംബങ്ങൾ

ഇതിന് പുറമേ നഗര ദാരിദ്ര്യത്തെ ഒരു പ്രത്യേക വിഭാഗം എന്ന നിലയിൽ കണക്കാക്കി, 150 ചതുരശ്ര അടിക്കു കീഴിലുള്ള വീട്ടിൽ എട്ടോ അതിലധികമോ ആളുകൾ ഒന്നിച്ച് താമസിക്കേണ്ടി വരുന്ന അവസ്ഥയെ അതിദാരിദ്ര്യത്തിന്റെ തീവ്ര രൂപമായി കരുതി പ്രത്യേക പരിഗണന നൽകി.

അതി ദാരിദ്ര്യത്തിന്റെ ഓരോ ഘടകവും അധികമായി ബാധകമാകുന്ന ഓരോ കുടുംബത്തിനും അതിദാരിദ്ര്യ നിർണ്ണയ സൂചകങ്ങളുടെ കൂട്ടായ പരിഗണനയും നൽകി. അത്തരത്തിൽ സമൂഹത്തിലെ ഏറ്റവും ദുർബലതയുള്ള അതിദരിദ്രർ അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ടു എന്ന് ഉറപ്പാക്കി.

അതിദരിദ്രരെ കണ്ടെത്തുന്നതിന് എന്തുകൊണ്ട് പങ്കാളിത്ത പ്രക്രിയ?

അതിദാരിദ്ര്യം എന്നത് ഒട്ടും അതിജീവന ശേഷി ഇല്ലാത്ത അവസ്ഥയാണ്. തങ്ങൾക്ക് വേണ്ടി വാദിക്കാനോ, ശബ്ദം ഉയർത്താനോ പോലും കഴിയാത്തവരാണ് അതിദരിദ്രർ. വിവിധ തരം സാമൂഹിക ഒറ്റപ്പെടൽ അനുഭവിക്കുന്നവരും ഇവരിൽ ഉണ്ട്. മാനസിക വെല്ലുവിളികൾ മൂലം സമൂഹം ഒറ്റപ്പെടുത്തിയ കുടുംബം ഒരു ഉദാഹരണമാണ്. തെരുവിൽ അലയുന്നവർ സ്ഥിരമായി ഒരു സ്ഥലത്ത് താമസിക്കണം എന്നില്ല. കടത്തിണ്ണകളിലോ, പൊതുസ്ഥലങ്ങളിലോ താമസിക്കുന്നവരെ പൊതുവിൽ ആ സമൂഹത്തിലെ ഒരു കുടുംബമായി പരിഗണിക്കാറില്ല.

സ്വയം അവകാശങ്ങൾക്ക് വേണ്ടി ശബ്ദം ഉയർത്താൻ ശേഷിയില്ലാത്തവരും, പൊതു സമൂഹത്തിന്റെ ശ്രദ്ധയിൽ പലപ്പോഴും പെടാതെ പോകുന്നവരും ആയതിനാൽ പരമ്പരാഗതമായ ഒരു ദരിദ്രസർവ്വേ രീതിയിലൂടെ അതിദരിദ്രരെ കണ്ടെത്തൽ ഫലപ്രദമാകണമെന്നില്ല. പ്രാദേശിക തലത്തിൽ പൊതു സമൂഹത്തിന്റെ ഒരു പരിച്ഛേദം പങ്കെടുക്കുന്ന ഒരു പങ്കാളിത്ത പ്രക്രിയ അതിദരിദ്ര കുടുംബങ്ങളെ കണ്ടെത്താൻ അനിവാര്യമാകുന്നു.

അതിദരിദ്ര കുടുംബങ്ങളെ എളുപ്പത്തിൽ കണ്ടെത്താൻ കഴിയുന്ന വാർഡിനകത്തെ ചെറിയ ക്ലസ്റ്ററുകൾ, വാർഡ് തല കൂട്ടായ്മകൾ എന്നിവയുടെ പ്രസക്തി ഇതുമൂലം വർദ്ധിക്കുന്നു. സമൂഹത്തിൽ നിരന്തര സാന്നിദ്ധ്യമായ വിവിധ വിഭാഗങ്ങളുടെ പ്രതിനിധികൾ ഒരുമിച്ചിരുന്ന് പങ്കാളിത്ത ചർച്ചയിലൂടെ അതിദരിദ്രരെ കണ്ടെത്തുക എന്നുള്ള രീതി അവലംബിച്ചതിനുള്ള കാരണം ഇതാണ്. അതിദരിദ്രരെ കണ്ടെത്തുന്നതിനും, അവരെ അതിജീവനത്തിന് സഹായിക്കുന്നതിനും സമൂഹത്തെയാകെ പങ്കാളിയാക്കുക എന്ന ലക്ഷ്യവും ഈ പങ്കാളിത്ത കണ്ടെത്തൽ പ്രക്രിയയിലൂടെ നിർവ്വഹിച്ചു. ഏറ്റവും അർഹരായ അതിദരിദ്രരെ കണ്ടെത്തുന്നതിനും, സാധാരണ നിലയിൽ ശ്രദ്ധയിൽപ്പെടാതെ പോകുന്ന നിരാശ്രിതരും, നിരാലംബരും ആയവരെ കണ്ടെത്താൻ സാധിച്ചതും ദാരിദ്ര്യത്തേയും അതിദാരിദ്ര്യത്തേയും വേർതിരിച്ചറിഞ്ഞ് കൃത്യമായി അർഹതയുള്ളവരെ തിരിച്ചറിയാനായതും അതിദാരിദ്ര്യത്തെയും അതിന് പരിഹാരം കണ്ടെത്തുന്നതിനേയും ഒരു പൊതു സാമൂഹിക ഉത്തരവാദിത്തമായി മാറ്റുന്നതിനും പങ്കാളിത്ത പ്രക്രിയ കൊണ്ട് സാധിച്ചു.

പ്രാരംഭ ഘട്ടം

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ആദ്യ നടപടി എന്ന നിലയിൽ, സംസ്ഥാനത്ത് ആകമാനമുള്ള അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ 2021 ജൂലൈ മാസത്തിൽ ആരംഭിച്ചു. മുമ്പ് ഒരു സർക്കാർ സംവിധാനവും ഏറ്റെടുത്തിട്ടില്ലാത്ത ഒരു പദ്ധതി എന്നതിനാൽ സംസ്ഥാനത്ത് നടത്തുന്ന പ്രവർത്തനം പാളിച്ചയില്ലാതെ നടപ്പിലാക്കുന്നതിനായി വിവരശേഖരണം പൈലറ്റ് അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തന്നെ മൂന്ന് വ്യത്യസ്ത കോണുകളിൽ വടക്കാഞ്ചേരി മുനിസിപ്പാലിറ്റി (തൃശ്ശൂർ), അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് (തിരുവനന്തപുരം), തിരുനെല്ലി ഗ്രാമപഞ്ചായത്ത് (വയനാട്) എന്നിങ്ങനെ മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലാണ് ആദ്യം ഈ പദ്ധതി നടപ്പിലാക്കിയത്. ഈ മൂന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പൈലറ്റ് ചെയ്തതിന്റെ പരിചയത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിയ്ക്കുകയായിരുന്നു.

സംഘടനാ സംവിധാനങ്ങൾ

സംസ്ഥാനമൊട്ടാകെ വാർഡ് മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലം വരെ ജനകീയ സമിതികൾ രൂപീകരിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപനം, ജില്ലാ, സംസ്ഥാന തലങ്ങളിൽ മൂന്ന് തട്ടുകളിലായി സംഘടനാ സംവിധാനവും സ്ഥാപിച്ച് ഓരോന്നിനും വ്യത്യസ്ത ഉത്തരവാദിത്തങ്ങളും നൽകി. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണസമിതി നിയമിച്ച ഒരു നോഡൽ ഓഫീസറും ജനകീയ


സമിതികളും പ്രവർത്തിച്ചു. വാർഡ്തല സമിതികളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുക, സന്നദ്ധപ്രവർത്തകരെ കണ്ടെത്തുക, സാമൂഹിക-രാഷ്ട്രീയ, സന്നദ്ധ സംഘടനകളുമായി ആശയങ്ങൾ പങ്കുവയ്ക്കുക, അവരുടെ സഹായം തേടുക, ആശ്രയ പോലുള്ള മുൻ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളിൽ ഒഴിവായിപ്പോയവരെ ഉൾപ്പെടുത്തി പ്രാഥമിക പട്ടികകൾ തയ്യാറാക്കുക എന്നിവ ഈ സമിതികളുടെ മേൽനോട്ടത്തിലാണ് നടത്തിയത്. ഇങ്ങനെ തയ്യാറാക്കിയ പട്ടികകൾ അന്ത്യോദയ അന്നയോജന, ഭിന്നശേഷിക്കാർ, പാലിയേറ്റീവ് കെയർ എന്നിവരുടെ പട്ടികയുമായി താരതമ്യം ചെയ്ത് സംസ്ഥാന സർക്കാർ നിശ്ചയിച്ച അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ മാനദണ്ഡങ്ങൾ പ്രകാരം അതിദരിദ്രർ ആയ കുടുംബങ്ങളെ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലും വാർഡ്തല പട്ടികയിലും ഉൾപ്പെടുത്തി എന്ന് ഉറപ്പ് വരുത്തി. വിവരശേഖരണത്തിന് ചുമതലപ്പെടുത്തിയ ടീമുകൾക്ക് വേണ്ട മാർഗനിർദേശം നൽകി, തദ്ദേശ സ്വയംഭരണ സ്ഥാപനതല അതിദരിദ്ര പട്ടികകൾ തയ്യാറാക്കി, പ്രവർത്തന റിപ്പോർട്ടുകൾക്കൊപ്പം ഭരണസമിതിക്ക് അംഗീകാരത്തിനായി സമർപ്പിച്ചു.

അതത് ജില്ലകളിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ നടപ്പാക്കുന്നതിന്റെ ഏകോപനം ജില്ലാതല സമിതികൾക്കായിരുന്നു. ജില്ലാതലത്തിൽ പരിശീലന പരിപാടികൾ ഏകോപിപ്പിക്കുക, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലെ സമിതികളുടെ മേൽനോട്ടം വഹിക്കുക, ഡാറ്റ ശേഖരണവും സൂപ്പർ-ചെക്കിംഗ് പ്രവർത്തനങ്ങളും കൈകാര്യം ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള സംശയങ്ങളും ചോദ്യങ്ങളും കൈകാര്യം ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപന തലവന്മാരുമായുള്ള യോഗങ്ങൾ വിളിച്ചുകൂട്ടുക, മുഴുവൻ പ്രവർത്തനങ്ങളുടെയും ശരിയായ നടത്തിപ്പ് ഉറപ്പാക്കാൻ വിലയിരുത്തലും നിരീക്ഷണവും നടത്തുക എന്നിവ അവരുടെ ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെട്ടു.

സംസ്ഥാന തലത്തിൽ, വിവിധ വകുപ്പുകളുടെ തലവന്മാർ അടങ്ങുന്ന ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ്, കുടുംബശ്രീ, ഇൻഫർമേഷൻ കേരള മിഷൻ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ, മഹാത്മാഗാന്ധി എൻ.ആർ.ഇ.ജി.എസ് എന്നിവയിൽ നിന്നുള്ള പ്രതിനിധികൾ സമിതിയിൽ ഉൾപ്പെട്ടിരുന്നു. ഡാറ്റ ശേഖരണ ഫോർമാറ്റുകൾ, പരിശീലന മാന്വലുകൾ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്.) എന്നിവ വികസിപ്പിക്കുക, ജില്ലാ സമിതികളുടെ പ്രവർത്തനം ഏകോപിപ്പിക്കുക, പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കുക, ഹെൽപ്പ് ഡെസ്ക് സംവിധാനങ്ങളും ഡാഷ്ബോർഡുകളും സ്ഥാപിക്കുക, സൂപ്പർ-ചെക്കിംഗ് മാർഗനിർദേശങ്ങൾ നൽകുക, പരാതികൾ പരിശോധിക്കുക, ഗ്രൂപ്പ് ചർച്ചകൾക്ക് ആവശ്യമായ ചാർട്ടുകളും ഫോമുകളും വിതരണം ചെയ്യുക, തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാരുടെയും ഉദ്യോഗസ്ഥരുമായും യോഗങ്ങൾ സംസ്ഥാനതലത്തിൽ വിളിച്ചുകൂട്ടുക, ആവശ്യാനുസരണം വിവരശേഖരണ പ്രക്രിയ അവലോകനം ചെയ്യുക എന്നിവ അവരുടെ ഉത്തരവാദിത്തങ്ങളിൽ ഉൾപ്പെട്ടിരുന്നു.


പരിശീലന പ്രവർത്തനങ്ങൾ

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ സുഗമമായ നടത്തിപ്പിനായി പരിശീലനങ്ങൾ നൽകുകയും മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ഹാൻഡ്ബുക്കുകൾ തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ടായിരുന്നു. അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ സംബന്ധിച്ച് ഒരു സമഗ്രമായ ഹാൻഡ്ബുക്ക് തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) എന്നിവിടങ്ങളിലെ മികച്ച ഉദ്യോഗസ്ഥർ അടങ്ങിയ ടീം തയ്യാറാക്കി. ഫീൽഡ് പ്രവർത്തകർക്ക് വ്യക്തമായ നിർദ്ദേശങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നൽകാനും ദരിദ്രരെയും അതിദരിദ്രരെയും തമ്മിൽ വേർതിരിച്ചറിയാൻ അവരെ സഹായിക്കാനും ഈ ഹാൻഡ്ബുക്ക് സഹായകമായി.



വിവരശേഖരണ പ്രക്രിയ ഒരു മൊബൈൽ ആപ്പും വെബ് പോർട്ടലും വഴി പൂർണ്ണമായും ഡിജിറ്റലായി നടത്തേണ്ടതിനാൽ, അതിന് സഹായിക്കുന്ന തരത്തിൽ ഒരു ഒരു ടെക്നിക്കൽ ഹാൻഡ്ബുക്ക് തയ്യാറാക്കി. സ്റ്റേറ്റ് ടെക്നിക്കൽ ടീം, KILA ഉദ്യോഗസ്ഥർ, ഐ.ടി. വിദഗ്ധർ എന്നിവർ ഉൾപ്പെട്ട ഒരു ടീം തയ്യാറാക്കിയ ഈ ഹാൻഡ്ബുക്കിൽ വെബ് പോർട്ടലും മൊബൈൽ ആപ്ലിക്കേഷനും ഉപയോഗിക്കുന്നതിനുള്ള വിശദമായ നിർദ്ദേശങ്ങളും എന്യൂമറേഷൻ നടപടിക്രമങ്ങളും അടങ്ങിയിരുന്നു. ഫ്ലോ ചാർട്ടുകളും ചിത്രങ്ങളും സാങ്കേതിക പ്രക്രിയകൾ എളുപ്പത്തിൽ മനസ്സിലാക്കാനും പൊതുവായ ചോദ്യങ്ങൾ പരിഹരിക്കാനും സഹായിച്ചു. ഇവയ്ക്ക് പുറമേ ഫീൽഡ് ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും അവബോധം വർദ്ധിപ്പിക്കാനും അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും രണ്ട് വീഡിയോകൾ, 20-ലധികം പോസ്റ്ററുകൾ, ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾക്കായി 10 ലക്ഷം ലഘുലേഖകൾ എന്നിവ ഉൾപ്പെടെയുള്ള സാമഗ്രികൾ തയ്യാറാക്കുകയും WhatsApp, Facebook, YouTube തുടങ്ങിയ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ വഴി പ്രചരിപ്പിക്കുകയും ചെയ്തു.


വിവരശേഖരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആയവർക്കുള്ള പരിശീലനം സമഗ്രവും സംസ്ഥാനതലം മുതൽ താഴെത്തട്ടുവരെ വ്യാപിച്ചതുമായിരുന്നു. സംസ്ഥാന തലത്തിൽ മാസ്റ്റർ ട്രെയിനർമാർക്കുള്ള പരിശീലനം, ജില്ലാതലത്തിൽ കോർ ടീമിന്റെയും റിസോഴ്സ് പേഴ്സൺമാരുടെയും പരിശീലനം, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾക്കുള്ള ഓറിയന്റേഷൻ എന്നിവ ഉൾപ്പെടെ സംഘടിപ്പിക്കുകയുണ്ടായി. തദ്ദേശ സ്വയംഭരണ സ്ഥാപന ചെയർപേഴ്സൺമാർ, നോഡൽ ഓഫീസർമാർ, അസിസ്റ്റന്റ് നോഡൽ ഓഫീസർമാർ, ജനകീയ സമിതികളിലെ അംഗങ്ങൾ, വാർഡ് തല സമിതികൾ, സംസ്ഥാന, ജില്ലാ തലങ്ങളിലെ സാങ്കേതിക സംഘങ്ങൾ, എന്യൂമറേഷൻ നടത്തിയ വോളണ്ടീയർമാർ, സൂപ്പർ-ചെക്കിംഗ് സംഘങ്ങൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്ക് പ്രത്യേക പരിശീലന മൊഡ്യൂളുകൾ രൂപകൽപ്പന ചെയ്തു. കേരളത്തിലുടനീളമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ആകെ 240,187 പരിശീലനങ്ങൾ നടത്തി.



സംസ്ഥാനത്തുടനീളം പരിശീലനങ്ങൾ



ലഘുലേഖകൾ വിതരണം ചെയ്തു



പോസ്റ്ററുകൾ തയ്യാറാക്കി

ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ

58,964 ചർച്ചകൾ

പ്രാഥമിക പട്ടിക

1,18,309 കുടുംബങ്ങൾ

ചുരുക്ക പട്ടിക

87,158 കുടുംബങ്ങൾ

വിശദ വിവരശേഖരണം


മൊബൈൽ ആപ്പ് വഴി

അന്തിമ പട്ടിക

64,006 കുടുംബങ്ങൾ

വിവരശേഖരണം

തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലും വാർഡ്/ഡിവിഷൻ തലങ്ങളിലും സമഗ്രമായ പങ്കാളിത്ത പ്രക്രിയയിലൂടെയാണ് അതിദരിദ്ര കുടുംബങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കിയത്. സാമൂഹിക സംഘടനകൾ, വിഷയമേഖലാ വിദഗ്ധർ, എന്നിവരെ പങ്കെടുപ്പിച്ച് 58964 ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ മുഖേന വിവിധ പദ്ധതികളിൽ ഒഴിവായിപ്പോയവർ, അലഞ്ഞ് തിരിഞ്ഞ് നടക്കുന്നവർ ഉൾപ്പെടെ ആകെ 1,18,309 കുടുംബങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കി. അതിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിച്ച ഉപസമിതികളുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ 87,158 കുടുംബങ്ങളുടെ ചുരുക്ക പട്ടിക തയ്യാറാക്കി. തുടർന്ന്, പ്രത്യേകം വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച്, പരിശീലനം ലഭിച്ച വോളണ്ടീയരുടെ സഹായത്തോടെ 87,158 കുടുംബങ്ങളുടെയും വിശദാംശങ്ങൾ, അവരുടെ വീടുകൾ സന്ദർശിച്ച് ശേഖരിച്ചു. അങ്ങനെ ശേഖരിച്ച വിവരങ്ങളുടെ 20 ശതമാനം, പ്രത്യേക ഉദ്യോഗസ്ഥ സംഘങ്ങളെ നിയോഗിച്ച് സൂപ്പർചെക്ക് നടത്തി 73,747 കുടുംബങ്ങളുടെ മുൻഗണനാ പട്ടിക തയ്യാറാക്കി. ഇങ്ങനെ തയ്യാറാക്കിയ പട്ടികകൾ അതത് ഗ്രാമസഭ/വാർഡ്സഭകളിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അനർഹരെ ഒഴിവാക്കി അംഗീകാരം വാങ്ങിയ ശേഷം, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ അംഗീകാരം നൽകി 1,03,099 വ്യക്തികൾ ഉൾപ്പെടുന്ന 64,006 അതിദരിദ്ര കുടുംബങ്ങളുടെ അന്തിമ പട്ടിക പ്രസിദ്ധീകരിച്ചു. ഭക്ഷണം, ആരോഗ്യം, വരുമാനം, പാർപ്പിടം എന്നീ നാല് പ്രധാന ക്ലേശഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് വിവരശേഖരണം നടത്തിയത്. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വോളണ്ടീയർമാർ തുടങ്ങി ആകെ 13 ലക്ഷത്തിന് മുകളിൽ വ്യക്തികളാണ് വിവരശേഖരണ പ്രവർത്തനങ്ങളിൽ പങ്കാളികൾ ആയത്.



മൈക്രോ പ്ലാനുകൾ – ദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ അടിസ്ഥാന യൂണിറ്റുകൾ

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ വഴി കണ്ടെത്തിയ കുടുംബങ്ങളുടെ അതിദാരിദ്ര്യം അടുത്ത അഞ്ച് വർഷം കൊണ്ട് നിർമ്മാർജ്ജനം ചെയ്യുന്നതിനായി അതിദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കുക എന്നതായിരുന്നു അടുത്ത ലക്ഷ്യം. സംസ്ഥാന സർക്കാർ നിഷ്കർഷിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് കുടുംബശ്രീ മിഷന്റെ സഹായത്തോടെ പ്രാദേശിക സർക്കാരുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് ഈ ലക്ഷ്യം നടപ്പിലാക്കിയത്. ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസ്സിലാക്കി അവരുടെ കൂടെ ആവശ്യങ്ങൾ പരിഗണിച്ച് വ്യക്തിഗത മൈക്രോ പാനുകൾ തയ്യാറാക്കി. വിവരശേഖരണ സമയത്ത് ശേഖരിച്ച വിവരങ്ങൾക്ക് പുറമേ കുടുംബങ്ങളെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ശേഖരിച്ച ശേഷമാണ് മൈക്രോപ്ലാനുകൾ അന്തിമമാക്കിയത്. ഓരോ കുടുംബത്തിന്റെയും ക്ലേശഘടകങ്ങളെ നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഹ്രസ്വകാല, ഇടക്കാല, ദീർഘകാല പരിപാടികളായി തരംതിരിച്ചാണ് മൈക്രോ പ്ലാനുകൾ തയ്യാറാക്കിയത്. ഉടൻ നൽകാവുന്ന സേവനങ്ങളും ആനുകൂല്യങ്ങളും ഹ്രസ്വകാല പദ്ധതികളിൽ ഉൾപ്പെടുത്തിയപ്പോൾ, മൂന്ന് മാസം മുതൽ രണ്ട് വർഷത്തിനുള്ളിൽ ലഭ്യമാക്കാവുന്ന സേവനങ്ങളും സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് ഇടക്കാല പ്ലാനുകൾ തയ്യാറാക്കിയത്. ഹ്രസ്വകാല പദ്ധതികളും ഇടക്കാല പദ്ധതികളും പ്രായോഗികമല്ലാത്തിടത്ത് ദീർഘകാല സമഗ്ര പദ്ധതികൾ തയ്യാറാക്കി. ഇത്തരത്തിൽ 77557 ഹ്രസ്വകാല പദ്ധതികളും, 36433 ഇടക്കാല പദ്ധതികളും, 30696 ദീർഘകാല സമഗ്ര പദ്ധതികളും കുടുംബശ്രീ മിഷന്റെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ തയ്യാറാക്കി.

അവകാശം അതിവേഗം' യജ്ഞം

അതിദരിദ്രരായ പല കുടുബങ്ങൾക്കും അടിസ്ഥാന രേഖകളോ അവശ്യ സേവനങ്ങളോ ലഭിച്ചിരുന്നില്ല എന്ന വിവരം വിവരശേഖരണ വേളയിലാണ് മനസ്സിലായത്. തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ മറ്റ് വകുപ്പുകളുടെ സഹകരണത്തോടെ 'അവകാശം അതിവേഗം' യജ്ഞത്തിന്റെ ഭാഗമായി അതിദരിദ്രർക്ക് 21263 അടിയന്തിരമായി ലഭിയ്ക്കേണ്ട സേവനങ്ങളും അടിസ്ഥാന രേഖകളും നൽകി. വോട്ടർ ID – 3836, ആരോഗ്യ ഇൻഷുറൻസ് – 3615, ആധാർ കാർഡ് – 3529, റേഷൻ കാർഡുകൾ (പരിവർത്തനം ഉൾപ്പെടെ) – 5132, മഹാത്മാഗാന്ധി NREGS തൊഴിൽ കാർഡുകൾ – 1455, സാമൂഹ്യ സുരക്ഷാ പെൻഷൻ – 1378, ബാങ്ക് അക്കൗണ്ടുകൾ – 1043, കുടുംബശ്രീ അംഗത്വം – 584, ഭിന്നശേഷിക്കാർക്കുള്ള തിരിച്ചറിയൽ കാർഡുകൾ – 345, ഗ്യാസ് കണക്ഷൻ – 256, വീട് വയറിംഗ് – 57, പ്രോപ്പർട്ടി സർട്ടിഫിക്കറ്റ് – 22, ട്രാൻസ്ജെന്റർ ID – 11 എന്നിവയാണ് നൽകിയത്.



3,836

വോട്ടർ ID




3,615

ആരോഗ്യ ഇൻഷുറൻസ്




3,529

ആധാർ കാർഡ്



5,132

റേഷൻ കാർഡുകൾ



1,455

തൊഴിൽ കാർഡുകൾ



1,378

സാമൂഹ്യ സുരക്ഷാ പെൻഷൻ


ജീവനത്തിനായി ഭക്ഷണം

ഭക്ഷണം എന്നത് മനുഷ്യന്റെ അടിസ്ഥാന അവകാശമാണ്, എന്നാൽ അതിദാരിദ്ര്യത്തിൽ കഴിയുന്ന അനേകർക്ക് ഒരു നേരത്തെ ഭക്ഷണം പോലും ലഭ്യമല്ലാത്ത വേദനാജനകമായ യാഥാർത്ഥ്യമാണ് നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നത്. മൈക്രോ പ്ലാനുകൾ അംഗീകരിച്ച് പദ്ധതിയുടെ ആദ്യ ഘട്ടം എന്ന നിലയിൽ ഒരു കുടുംബത്തിന് അത്യന്താപേക്ഷിതമായ ഭക്ഷണവും ചികിത്സയും ഉറപ്പ് വരുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകിയത്.

വിശപ്പിന്റെ വേദന സഹിച്ച് നിസ്സഹായരായി കഴിയുന്ന ഈ അതിദരിദ്രരായ സഹോദരീ-സഹോദരന്മാർക്ക് പാകം ചെയ്ത ഭക്ഷണവും ഭക്ഷ്യ കിറ്റുകളും എത്തിക്കുക എന്നത് കേവലം ഒരു ദാനപ്രവർത്തനമല്ല, മറിച്ച് അത് അവരുടെ അവകാശ സംരക്ഷണമാണ്. സ്വന്തമായി പാകം ചെയ്ത് കഴിയ്ക്കാൻ കഴിയാത്തവർക്ക് പാകം ചെയ്ത ഭക്ഷണം നേരിട്ട് നൽകിയപ്പോൾ, മറ്റുള്ളവർക്ക് ഭക്ഷ്യസാധനങ്ങൾ അടങ്ങിയ കിറ്റുകൾ നൽകി. സ്വന്തമായി ആഹാരം പാകം ചെയ്ത് കഴിയ്ക്കുവാനുള്ള സൗകര്യം ചെയ്ത് കൊടുത്തു. മൂന്ന് നേരത്തെ ആഹാരം കണ്ടെത്താൻ കഴിയാത്ത 20648 അതിദരിദ്ര കുടുംബങ്ങൾക്കായി ഇടതടവില്ലാത്ത ആഹാരം നിലവിൽ ഉറപ്പാക്കി വരുന്നുണ്ട്. 18438 കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ റേഷൻ കടകൾ വഴിയും 2210 കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം കുടുംബശ്രീയുടെ ജനകീയ ഹോട്ടലുകളിലൂടെയും കമ്മ്യൂണിറ്റി പാചക കേന്ദ്രങ്ങളിലൂടെയും എത്തിക്കുന്നു. കൂടാതെ വാതിൽപ്പടി സേവനമായും അതിദരിദ്രർക്ക് ആഹാരം നൽകുന്നുണ്ട്. ദൈനംദിനമുള്ള മോണിറ്ററിംഗ് വഴി 2022 ഏപ്രിൽ 1 മുതൽ ഇന്നു വരെ ഒരു അതിദരിദ്ര കുടുംബവും വിശപ്പ് മൂലം കഷ്ടത അനുഭവിയ്ക്കുന്നില്ലാ എന്ന് സർക്കാർ ഉറപ്പ് വരുത്തുണ്ട്. കുടുംബശ്രീ സംവിധാനത്തിന്റെ വിലയേറിയ പരിശ്രമം ഈ കാര്യത്തിൽ സർക്കാരിന് മുതൽക്കൂട്ടാണ്.

20,648

കുടുംബങ്ങൾക്ക് ഇടതടവില്ലാത്ത ആഹാരം



18,438

കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റുകൾ

2,210

കുടുംബങ്ങൾക്ക് പാചകം ചെയ്ത ഭക്ഷണം

അതിദരിദ്രരുടെ ആരോഗ്യ സംരക്ഷണം

ആരോഗ്യം എന്നത് സമ്പന്നരുടെ മാത്രം അവകാശമല്ല, മറിച്ച് ഓരോ മനുഷ്യന്റെയും ജന്മാവകാശമാണ്. എന്നാൽ അതിദാരിദ്ര്യത്തിൽ കഴിയുന്നവർക്ക് അടിസ്ഥാന ചികിത്സ പോലും ലഭിയ്ക്കാതെ രോഗപീഡകൾ സഹിച്ച് നിസ്സഹായതയിൽ കഴിയുന്ന അവസ്ഥ നിലനിന്നിരുന്നു. ഈ അതിദരിദ്രരായ മനുഷ്യർക്ക് സൗജന്യ ചികിത്സ, മരുന്നുകൾ, സാന്ത്വന പരിചരണം, ആരോഗ്യ സഹായ ഉപകരണങ്ങൾ എന്നിവ എത്തിക്കുക എന്നത് കേവലം സാമൂഹിക സേവനമല്ല, അത് അവർക്ക് ലഭിയ്ക്കേണ്ട ഏറ്റവും ചുരുങ്ങിയ മനുഷ്യത്വപരമായ ആവശ്യമാണ്. മോശം സാമ്പത്തിക പരിമിതി കാരണം ആശുപത്രികളിൽ പോകാൻ കഴിയാത്തവർക്ക് സമയോചിതമായ ചികിത്സയും മരുന്നുകളും ലഭ്യമാക്കുമ്പോൾ, അവരുടെ ജീവൻ രക്ഷിക്കപ്പെടുകയും കുടുംബങ്ങൾ സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. മാത്രമല്ല, കാൻസർ, വൃക്കരോഗം, പക്ഷാഘാതം തുടങ്ങിയ ദീർഘകാല രോഗങ്ങളാൽ കഷ്ടപ്പെടുന്നവർക്ക് സാന്ത്വന പരിചരണവും വീൽചെയർ, വാക്കർ, തുടങ്ങിയ ആരോഗ്യ സഹായ ഉപകരണങ്ങളും നൽകുമ്പോൾ, അവരുടെ വേദനകൾ ലഘൂകരിക്കപ്പെടുകയും അന്തസ്സോടെ ജീവിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യുന്നു. ഈ സമഗ്രമായ ആരോഗ്യ സഹായ സമീപനം സ്വീകരിക്കുക വഴി, അതിദാരിദ്ര്യത്തിൽ കഴിയുന്ന രോഗികൾക്ക് അവരുടെ വേദനയിൽ നിന്നും നിരാശയിൽ നിന്നും ഒരു പരിധിവരെ മോചനം നൽകുവാനും അവരുടെ ജീവിതത്തിൽ ആശ്വാസത്തിന്റെയും കരുണയുടെയും പ്രകാശം പരത്തുവാനും കഴിഞ്ഞിട്ടുണ്ട്. ആരോഗ്യ പ്രശ്നങ്ങളാൽ ബുദ്ധിമുട്ടുകൾ നേരിട്ട 29427 കുടുംബങ്ങളിൽ നിന്നുള്ള 85721 വ്യക്തികൾക്ക് ചികിത്സയും മരുന്നും നൽകിയപ്പോൾ 14862 ഏകാംഗ കുടുംബങ്ങൾക്ക് ആരോഗ്യ സഹായം നൽകുവാനും 35955 വ്യക്തികൾക്ക് ഇടതടവില്ലാതെ മരുന്നുകൾ ഉറപ്പാക്കുവാനും കഴിഞ്ഞു. 5777 രോഗികൾക്ക് പാലിയേറ്റീവ് ചികിത്സ നൽകി

പട്ടിക 1: ഭക്ഷണം നൽകിയതിന്റെ പുരോഗതി – 31. 10. 2025 വരെ				
ജില്ല	ഭക്ഷണം ആവശ്യമുള്ള കുടുംബങ്ങളുടെ ആകെ എണ്ണം	പാകം ചെയ്ത ഭക്ഷണം ലഭിച്ച കുടുംബങ്ങൾ	ഭക്ഷ്യ കിറ്റുകൾ ലഭിച്ച കുടുംബങ്ങൾ	ഭക്ഷണം ലഭിച്ച ആകെ കുടുംബങ്ങളുടെ എണ്ണം
ആലപ്പുഴ	1213	97	1116	1213
എറണാകുളം	1926	49	1877	1926
ഇടുക്കി	802	73	729	802
കണ്ണൂർ	1078	348	730	1078
കാസറഗോഡ്	805	32	773	805
കൊല്ലം	2180	219	1961	2180
കോട്ടയം	530	20	510	530
കോഴിക്കോട്	1818	326	1492	1818
മലപ്പുറം	3479	353	3126	3479
പാലക്കാട്	1357	52	1305	1357
പത്തനംതിട്ട	724	6	718	724
തിരുവനന്തപുരം	2758	205	2553	2758
തൃശ്ശൂർ	1022	398	624	1022
വയനാട്	956	32	924	956
ആകെ	20648	2210	18438	20648

വരുന്നുണ്ട്. 579 രോഗികൾക്ക് ആരോഗ്യ സഹായ ഉപകരണങ്ങൾ നൽകിയപ്പോൾ 07 രോഗികളുടെ അവയവ മാറ്റ ശസ്ത്രക്രിയ നടത്തി അവരുടെ ജീവൻ രക്ഷിച്ചു. 219 വ്യക്തികൾക്ക് ആശുപത്രിയിലെത്തിച്ച് ചികിത്സ നൽകുന്നതിനുള്ള സഹായം നൽകുവാൻ കഴിഞ്ഞു. 12 കുട്ടികൾക്ക് വാക്സിനേഷൻ നൽകാനും കൂട്ടിരിപ്പുകാരെ ആവശ്യമുള്ള 173 വ്യക്തികൾക്ക് അത് ഉറപ്പാക്കാനും സാധിച്ചു. 12712 വ്യക്തികൾക്ക് ചികിത്സ മാത്രം ആവശ്യമുണ്ടായിരുന്നത് നൽകിയപ്പോൾ 1279 വ്യക്തികൾക്ക് ചികിത്സയ്ക്കുള്ള ഗതാഗത സൗകര്യം നൽകി. ആരോഗ്യ പ്രവർത്തകരും ASHA പ്രവർത്തകർ ഉൾപ്പെടെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലെ ഉദ്യോഗസ്ഥരും വോളണ്ടീയർമാരും അതിദരിദ്രരുടെ വീടുകൾ രണ്ടാഴ്ചയിൽ ഒരിക്കൽ സന്ദർശിച്ച് അവരുടെ ആരോഗ്യാവസ്ഥ നിരീക്ഷിക്കുകയും അവർക്ക് വേണ്ട സഹായങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്.

85,721

വ്യക്തികൾക്ക് ചികിത്സയും മരുന്നും

14,862

ഏകാംഗ കുടുംബങ്ങൾക്ക് ആരോഗ്യ സഹായം

35,955

വ്യക്തികൾക്ക് ഇടതടവില്ലാതെ മരുന്നുകൾ

5,777

രോഗികൾക്ക് പാലിയേറ്റീവ് ചികിത്സ

579

രോഗികൾക്ക് ആരോഗ്യ സഹായ ഉപകരണങ്ങൾ

07

അവയവ മാറ്റ ശസ്ത്രക്രിയ

ഉജ്ജീവനം – അതിജീവനത്തിനായി ഒരു കൈത്താങ്ങ്


ദാരിദ്ര്യം എന്നത് കേവലം സാമ്പത്തിക വരുമാനത്തിന്റെ അഭാവമല്ല, മറിച്ച് അവസരങ്ങളുടെയും പ്രതീക്ഷകളുടെയും അഭാവമാണ്. എന്നാൽ വരുമാനമാർഗങ്ങളില്ലാതെ അതിദാരിദ്ര്യത്തിൽ കഴിയുന്ന ജനങ്ങൾക്ക് സ്വന്തം കഴിവുകൾ വികസിപ്പിച്ച് സാമ്പത്തിക സ്വാശ്രയത്വം നേടാനുള്ള സഹായം നൽകുക എന്നത് അവരുടെ ജീവിതത്തിൽ സ്ഥിരമായ മാറ്റം സൃഷ്ടിക്കുന്ന ഏറ്റവും ശക്തമായ ഉപാധിയാണ്. ചെറുകിട വ്യാപാരം, മത്സ്യബന്ധനം, തയ്യൽ, ഭക്ഷ്യ സംസ്കരണം, കൃഷി, കരകൗശല നിർമ്മാണം, തുടങ്ങിയ വരുമാനദായക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനവും ഉപകരണങ്ങളും പ്രാരംഭ മൂലധനവും നൽകുമ്പോൾ, അതിദരിദ്രരായ ആ മനുഷ്യർ സ്വന്തം കാലിൽ നിൽക്കാനും ആത്മാഭിമാനത്തോടെ ജീവിക്കാനും പ്രാപ്തരാകുന്നു. ദാനധർമ്മം താത്കാലിക ആശ്വാസം മാത്രം നൽകുമ്പോൾ, വരുമാനോത്പാദന പ്രവർത്തനങ്ങൾക്കുള്ള സഹായം ദാരിദ്ര്യത്തിന്റെ ചങ്ങലകൾ തകർത്ത് അവരെ സ്വയം പര്യാപ്തരാക്കി മാറ്റുന്നു. ഒരു മത്സ്യബന്ധന വലയോ, തയ്യൽ മെഷീനോ, പച്ചക്കറി വിൽപനക്കുള്ള ചെറിയ മൂലധനമോ ലഭിക്കുമ്പോൾ, ഒരു വ്യക്തി മാത്രമല്ല അവരുടെ കുടുംബം മുഴുവൻ അതിദാരിദ്ര്യത്തിൽ നിന്ന് കരകയറാൻ തുടങ്ങുന്നു. ഈ സമീപനം സ്വീകരിച്ച് നടപ്പാക്കുമ്പോൾ, നിസ്സഹായരായിരുന്നവർ സ്വാശ്രയരായും സമൂഹത്തിന് സംഭാവന നൽകുന്നവരായും മാറുകയും അവരുടെ കുട്ടികൾക്ക് മെച്ചപ്പെട്ട ഭാവി സൃഷ്ടിക്കുകയും ചെയ്യുന്നു. അതുകൊണ്ടുതന്നെ, വരുമാനമാർഗങ്ങളില്ലാത്ത അതീവദരിദ്രർക്ക് ഉപജീവന പ്രവർത്തനങ്ങൾക്കുള്ള സഹായം എത്തിക്കുക എന്നത് അവർക്ക് മീൻ നൽകുന്നതിനേക്കാൾ മീൻ പിടിക്കാൻ പഠിപ്പിക്കുന്നതിന് തുല്യമാണ്, അത് അതിദാരിദ്ര്യത്തിനെതിരായ നമ്മുടെ പോരാട്ടത്തിലെ ഏറ്റവും നിർണായകമായ ആയുധവുമാണ്.

വരുമാനം ഇല്ലാതെ കഷ്ടത അനുഭവിച്ചിരുന്ന കുടുംബങ്ങളിൽ സ്വയം വരുമാനദായക പ്രവർത്തനങ്ങൾ ആരംഭിക്കാൻ ശേഷിയുള്ള 4,394 കുടുംബങ്ങൾക്ക് സഹായം നൽകുവാൻ കഴിഞ്ഞു. 2023 ഒക്ടോബറിൽ അതിദരിദ്ര പട്ടികയിൽ ഉൾപ്പെട്ട, വരുമാനം ക്ലേശഘടകം ആയിട്ടുള്ള കുടുംബങ്ങൾക്ക് വേണ്ടി കുടുംബശ്രീ മിഷൻ ആരംഭിച്ച 'ഉജ്ജീവനം' പദ്ധതി മുഖേന 3,820 പേർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് 272 പേർക്കും മറ്റ് വകുപ്പുകൾ വഴി 212 പേർക്കും സ്വകാര്യ സ്ഥാപനങ്ങൾ മുഖേന 88 പേർക്കും


പട്ടിക 2 : ആരോഗ്യ സേവനങ്ങൾ ലഭിച്ചവർ – 31. 10. 2025 വരെ				
ജില്ല	മരുന്നുകൾ ലഭിച്ച കുടുംബങ്ങൾ	പാലിയേറ്റീവ് ചികിത്സ ലഭിച്ച കുടുംബങ്ങൾ	ആരോഗ്യ സുരക്ഷാ സാമഗ്രികൾ ലഭിച്ചവരുടെ എണ്ണം	അവയവമാറ്റ ശസ്ത്രക്രിയ കഴിഞ്ഞവരുടെ എണ്ണം
ആലപ്പുഴ	1633	283	13	0
ഇടുക്കി	949	198	20	0
എറണാകുളം	2463	267	30	0
കണ്ണൂർ	1923	377	18	0
കാസർഗോഡ്	2061	344	17	0
കൊല്ലം	1805	392	29	1
കോട്ടയം	643	165	6	0
കോഴിക്കോട്	4775	579	73	1
തിരുവനന്തപുരം	3269	584	76	0
തൃശ്ശൂർ	1791	244	21	1
പത്തനംതിട്ട	907	157	6	0
പാലക്കാട്	1467	501	31	0
മലപ്പുറം	4353	516	66	4
വയനാട്	1388	222	18	0
ആകെ	29427	4829	424	7

പട്ടിക 3: വരുമാനമാർഗ്ഗം ലഭിച്ച കുടുംബങ്ങളുടെ വിവരങ്ങൾ – 31.10.2025 വരെ

ജില്ല	വരുമാന മാർഗ്ഗം ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	ഉജ്ജീവനം പദ്ധതി മുഖേന ആനുകൂല്യം നൽകിയ കുടുംബങ്ങളുടെ എണ്ണം	മറ്റ് വകുപ്പുകൾ മുഖേന ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ എണ്ണം	തദ്ദേശ സ്ഥാപനങ്ങൾ മുഖേന ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ എണ്ണം	സ്വകാര്യ സ്ഥാപനങ്ങൾ മുഖേന ആനുകൂല്യം ലഭിച്ച കുടുംബങ്ങളുടെ എണ്ണം	ആകെ
വയനാട്	266	246	0	20	0	266
കൊല്ലം	292	273	0	19	0	292
ഇടുക്കി	180	174	6	0	0	180
കാസർഗോഡ്	222	222	0	0	0	222
മലപ്പുറം	877	708	118	19	32	877
കോട്ടയം	155	140	4	6	5	155
കോഴിക്കോട്	513	438	22	34	18	513
തൃശ്ശൂർ	389	316	15	58	0	389
ആലപ്പുഴ	204	137	30	28	9	204
പാലക്കാട്	392	392	0	0	0	392
തിരുവനന്തപുരം	359	298	7	54	0	359
പത്തനംതിട്ട	91	89	0	2	0	91
എറണാകുളം	218	198	6	14	0	218
കണ്ണൂർ	235	189	4	18	24	235
ആകെ	4394	3820	212	272	88	4394



കുടുംബങ്ങൾക്ക് വരുമാനദായക പ്രവർത്തനങ്ങൾക്ക് സഹായം



'ഉജ്ജീവനം' പദ്ധതി കുടുംബശ്രീ മുഖേന

ധനസഹായം, പരിശീലനം എന്നിവ നൽകി. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 34672 കുടുംബങ്ങൾക്ക് അവിദഗ്ധ തൊഴിലിനായി തൊഴിൽ കാർഡുകൾ നൽകി. 2021-22-ൽ 6085 കുടുംബങ്ങൾക്കും, 2022-23-ൽ 5930 കുടുംബങ്ങൾക്കും, 2023-24-ൽ 7784 കുടുംബങ്ങൾക്കും, 2024-25-ൽ 9142 കുടുംബങ്ങൾക്കും, 2025-26-ൽ 6100 കുടുംബങ്ങൾക്കും തൊഴിൽ നൽകുവാൻ സാധിച്ചു. 2021-22, 2022-23, 2023-24, 2024-25, 2025-26 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 471407, 450644, 593678, 598246, 217941 വീതം തൊഴിൽ ദിനങ്ങൾ സൃഷ്ടിയ്ക്കാനും കഴിഞ്ഞു. ഇത് വഴി അഞ്ച് സാമ്പത്തിക വർഷങ്ങളിലായി 77 കോടി രൂപയ്ക്ക് മുകളിൽ വേതനമായി നൽകുവാൻ കഴിഞ്ഞു. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ അതിദരിദ്ര കുടുംബങ്ങൾക്കായി മൊത്തം 228 ജീവനോപാധികൾ നൽകുവാൻ സാധിച്ചു. കന്നുകാലി ഷെഡുകൾ – 47, ആട്ടിൻ കൂടുകൾ – 60, കോഴിക്കൂടുകൾ – 85, കിണറുകൾ – 29, മഴക്കുഴികൾ – 5, വ്യക്തിഗത കക്കൂസുകൾ – 2 എന്നിവയാണ് നൽകിയത്.

സുരക്ഷിതമായ വാസസ്ഥലം – ഓരോ പൗരന്റെയും സ്വപ്നം

ഭവനം എന്നത് കേവലം നാല് ചുവരുകളും മേൽക്കൂരയും മാത്രമല്ല. മറിച്ച് സുരക്ഷിതത്വത്തിന്റെയും അന്തസ്സിന്റെയും അടിസ്ഥാന ആവശ്യകതയാണ്. അതിദാരിദ്ര്യം മൂലം സുരക്ഷിതമായ പാർപ്പിടമില്ലാതെ കഴിയുന്ന അനേകം കുടുംബങ്ങൾ മഴയിലും വെയിലിലും തണുപ്പിലും കഷ്ടപ്പെടുന്ന വേദനാജനകമായ യാഥാർത്ഥ്യമാണ് നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നത്. ജീർണിച്ച കുടിലുകളിലോ റോഡരികിലോ ദുരിതജീവിതം നയിക്കുന്ന ഈ അതിദരിദ്രരായ മനുഷ്യർക്ക് സുരക്ഷിതമായ വാസസ്ഥലം നൽകുക എന്നത് അവരുടെ അന്തസ്സും അഭിമാനവും പുനഃസ്ഥാപിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമാണ്. ചിലർക്ക് വീട് മാത്രം ആവശ്യമാകുമ്പോൾ, മറ്റു ചിലർക്ക് ഭൂമിയും വീടും ഒരുപോലെ ആവശ്യമായി വരുന്നു, അതേസമയം പഴക്കം ചെന്ന് ജീർണ്ണിച്ച വീടുകളിൽ കഴിയുന്നവർക്ക് അവയുടെ പുനരുദ്ധാരണത്തിനുള്ള സഹായവും അത്യന്താപേക്ഷിതമാണ്. ഒരു സുരക്ഷിത വീട് കുടുംബത്തിലെ കുട്ടികൾക്ക് പഠനത്തിനുള്ള അനുയോജ്യമായ അന്തരീക്ഷവും, സ്ത്രീകൾക്ക് സുരക്ഷയും സ്വകാര്യതയും, രോഗികൾക്കും പ്രായമായവർക്കും സുഖകരമായ ആശ്രയവും പ്രദാനം ചെയ്യും.

മാത്രമല്ല, സ്വന്തമായി ഒരു ഭവനം കൈവശമാകുമ്പോൾ, ആ കുടുംബങ്ങൾക്ക് സാമൂഹികമായ മാന്യതയും ആത്മവിശ്വാസവും വർധിക്കുകയും അവരുടെ മക്കളുടെ ഭാവി തെളിച്ചമുള്ളതാകുകയും ചെയ്യുന്നു. അതുകൊണ്ടു തന്നെയാണ്, പാർപ്പിടമില്ലാതെ അതിദാരിദ്ര്യത്തിൽ കഴിഞ്ഞവർക്ക് സുരക്ഷിതമായ വാസസ്ഥലം ഉറപ്പാക്കുക എന്നത് സർക്കാരിന്റെ പ്രഥമ പരിഗണനയായി മാറിയത്.

ആദ്യ നടപടി എന്ന നിലയിൽ 428 ഏകാംഗ കുടുംബങ്ങളെയും 520 മറ്റ് കുടുംബങ്ങളെയും സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാ-ശിശു വികസന വകുപ്പിന്റെയും പിന്തുണയോടെ സുരക്ഷിതമായി ഷെൽട്ടർ ഹോമുകളിൽ മാറ്റി പാർപ്പിച്ചു. അടച്ചുറപ്പുള്ള വാസസ്ഥലം ഇല്ലാതെ ബുദ്ധിമുട്ടുന്ന അതിദരിദ്ര കുടുംബങ്ങളിൽ വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളും നേരത്തെ തന്നെ ലൈഫ് ഭവന പദ്ധതിയുടെ സേവനാവകാശികളുടെ പട്ടികയിൽ ഉൾപ്പെട്ടിരുന്നു. ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാത്ത വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളെയും വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളെയും പ്രത്യേക സർക്കാർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തി അവർക്ക് ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. പുതിയ വീട് ആവശ്യമായിരുന്ന 4677 അതിദരിദ്ര കുടുംബങ്ങളിൽ 4005 വീടുകളുടെ നിർമ്മാണം പൂർത്തിയായി. 672 വീടുകൾ വിവിധ നിർമ്മാണ ഘട്ടങ്ങളിൽ പുരോഗതിയിലാണ്. വീടുകൾ

പട്ടിക 4: പാർപ്പിടം – വീട് മാത്രം ആവശ്യമുള്ള കുടുംബങ്ങളുടെ വിവരങ്ങൾ – 31. 10. 2025 വരെ

ജില്ല	വീട് മാത്രം വേണ്ടവർ	പുരോഗതിയിൽ ഉള്ളത്	പൂർത്തിയായത്
മലപ്പുറം	714	135	579
വയനാട്	377	101	276
കോഴിക്കോട്	650	71	579
പാലക്കാട്	505	65	440
തിരുവനന്തപുരം	348	58	290
ആലപ്പുഴ	273	52	221
തൃശ്ശൂർ	361	43	318
കൊല്ലം	262	42	220
ഇടുക്കി	243	41	202
കാസറഗോഡ്	145	40	105
പത്തനംതിട്ട	81	24	57
എറണാകുളം	259	0	259
കണ്ണൂർ	392	0	392
കോട്ടയം	67	0	67
ആകെ	**4677**	**672***	**4005**

*നിലവിൽ സുരക്ഷിതമായ വാസസ്ഥലങ്ങളിൽ പാർപ്പിച്ചിട്ടുണ്ട് (ബന്ധു വീടുകൾ/വടകവീടുകൾ)

1

ഷെൽട്ടർ ഹോമുകൾ

948 കുടുംബങ്ങൾ

2

പുതിയ വീടുകൾ

4,677 കുടുംബങ്ങൾക്ക്

3

ഭൂമിയും വീടും

2,713 കുടുംബങ്ങൾക്ക്

4

പുനരുദ്ധാരണം

5,646 വീടുകൾ

പൂർത്തിയാകാത്ത 672 കുടുംബങ്ങൾ നിലവിൽ വാടക വീടുകളിലോ സുരക്ഷിതമായി അവരുടെ ബന്ധുക്കളുടെ കൂടെയാണ് വസിക്കുന്നത്.

ഭൂമിയും വീടും ആവശ്യമായിരുന്ന 2713 അതിദരിദ്ര കുടുംബങ്ങളിൽ ആദ്യം ഭൂമി നൽകി, പിന്നീട് വീട് നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി. ഇവയിൽ 1417 വീടുകളുടെ നിർമ്മാണം പൂർത്തിയായി, 1296 വീടുകൾ വിവിധ നിർമ്മാണ ഘട്ടങ്ങളിൽ പുരോഗതിയിലാണ്. വീടുകൾ പൂർത്തിയാകാത്ത 1296 കുടുംബങ്ങളും നിലവിൽ വാടക വീടുകളിലോ സുരക്ഷിതമായി അവരുടെ ബന്ധുക്കളുടെ കൂടെയാണ് വസിക്കുന്നത്. ആകെ 829 അതിദരിദ്ര കുടുംബങ്ങളെ വാടക വീടുകളിൽ താമസിപ്പിച്ചിട്ടുണ്ട്.

വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി അതിദരിദ്ര വിഭാഗങ്ങൾക്കും 90 ദിവസത്തെ അധിക തൊഴിൽ നൽകുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചു. 5646 വീടുകളുടെ പുനരുദ്ധാരണം ആവശ്യമുണ്ടായിരുന്നതിൽ 5522 വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായിട്ടുണ്ട്. ഭവന പുനരുദ്ധാരണത്തിനായി ഒരു ലക്ഷം രൂപ നൽകാൻ മാത്രമേ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം കഴിയുമായിരുന്നുള്ളൂ എങ്കിലും പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ 'SAFE' പദ്ധതിയുടെ മാതൃക പിന്തുടർന്ന് അതിദരിദ്ര കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഭവന പുനരുദ്ധാരണത്തിനുള്ള സാമ്പത്തിക സഹായം 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ച് എല്ലാ വിഭാഗങ്ങൾക്കും നൽകി. വീടുകൾ മാത്രം അല്ലെങ്കിൽ ഭൂമിയും വീടും ആവശ്യമുള്ള അർഹരായ 829 കുടുംബങ്ങൾക്കും സ്ഥിരമായ പാർപ്പിടം ലഭിക്കുന്നതുവരെ അവരെ വാടക വീടുകളിൽ താമസിപ്പിച്ചിട്ടുണ്ട്. സുരക്ഷിതമായ പാർപ്പിടം ആവശ്യമുള്ള 1139 കുടുംബങ്ങൾ ഇപ്പോൾ സുരക്ഷിതമായി അവരുടെ ബന്ധുക്കളുടെ കൂടെയാണ് വസിക്കുന്നത്. അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയിൽ നേരിട്ട ഏറ്റവും വലിയ വെല്ലുവിളി ഭൂരഹിതർക്ക് ഭൂമി കണ്ടെത്തുന്നതായിരുന്നു. 2024 ഡിസംബർ 4-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനപ്രകാരം അതിദരിദ്ര വിഭാഗത്തിന് ഭൂമി വിഷയത്തിന് പ്രഥമ പരിഗണന നൽകുവാൻ തീരുമാനിച്ചു. സർക്കാർ ഉടമസ്ഥതയിലുള്ള അധിക ഭൂമി/മിച്ച ഭൂമി പതിച്ച് നൽകുമ്പോൾ അതിദരിദ്ര വിഭാഗത്തിന് മുൻഗണന നൽകാൻ റവന്യൂ വകുപ്പ് 22.03.2025-ന് L1/35/2025-റവന്യൂ നമ്പർ സർക്കുലർ പുറത്തിറക്കി. റവന്യൂ വകുപ്പിന്റെ ഇടപെടൽ വഴി, ജില്ലയിൽ മറ്റ് വകുപ്പുകൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ നിലവിൽ ഉപയോഗത്തിലിലാത്തതും ഭാവിയിൽ ഉപയോഗിക്കപ്പെടാൻ സാധ്യതയില്ലാത്തതുമായ ഭൂമി അതിദരിദ്ര വിഭാഗത്തിന് നിലവിലെ ഭൂമി പതിവ് വ്യവസ്ഥകൾക്ക് വിധേയമാക്കി നൽകുവാനും സുനാമി പുനരധിവാസ പദ്ധതിയിൽ നിർമ്മിച്ച ഫ്ലാറ്റുകളിൽ ഒഴിഞ്ഞ് കിടക്കുന്നവ ഭൂമിയും വീടും ആവശ്യമായ അതിദരിദ്ര വിഭാഗത്തിന് നൽകുവാനും 15.04.2025-ലെ 98/2025/Rev നമ്പർ സർക്കാർ ഉത്തരവ് വഴി ജില്ലാ കലക്ടർമാർക്ക് അധികാരം നൽകി.

ജില്ലകളിൽ ഭൂമി കണ്ടെത്തുന്നതിന്റെ ഉത്തരവാദിത്തം അതത് എൽ.ആർ. ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുകയും തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ സഹായത്തോടെ, ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. മന്ത്രി തലങ്ങളിലെ നിരന്തരമായ യോഗങ്ങളും പ്രവർത്തനങ്ങൾക്ക് സഹായകരമായി. റവന്യൂ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്ത് ആകെ 439 കുടുംബങ്ങൾക്കായി മൊത്തം 2832.645 സെന്റ് ഭൂമി കണ്ടെത്തി. ഭർത്താവ് ഭാര്യയെയോ, ഭാര്യ ഭർത്താവിനെയോ ഉപേക്ഷിച്ച് പോയ വ്യക്തികൾ, നിയമപരമോ അല്ലാതെയോ വിവാഹ മോചനം നേടിയ ആളുകൾ, സഹോദരങ്ങൾ ഒരുമിച്ച് താമസിച്ച് വരുന്ന കുടുംബം എന്നീ സാഹചര്യങ്ങളിൽ ചട്ടപ്രകാരമുള്ള പരിശോധനകൾ നടത്തി അതിദരിദ്രർക്ക് നിയമാനുസരണം ഭൂമി അനുവദിയ്ക്കുന്നതിന് ലാൻഡ് ബോർഡ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

പട്ടിക 5: പാർപ്പിടം – ഭവന പുനരുദ്ധാരണം ആവശ്യമുള്ള കുടുംബങ്ങളുടെ വിവരങ്ങൾ – 31. 10. 2025 വരെ

ജില്ല	ഭവന പുനരുദ്ധാരണം ആവശ്യമുള്ളവർ	പുരോഗതിയിൽ ഉള്ളത്	പൂർത്തിയായത്
വയനാട്	139	42	97
കോഴിക്കോട്	1070	32	1038
മലപ്പുറം	935	18	917
കൊല്ലം	281	15	266
പത്തനംതിട്ട	194	6	188
കാസറഗോഡ്	131	4	127
ഇടുക്കി	184	3	181
തൃശ്ശൂർ	495	3	492
ആലപ്പുഴ	405	1	404
എറണാകുളം	358	0	358
കണ്ണൂർ	374	0	374
കോട്ടയം	146	0	146
പാലക്കാട്	429	0	429
തിരുവനന്തപുരം	505	0	505
ആകെ	5646	124	5522

1

ഷെൽട്ടർ ഹോമുകൾ

948 കുടുംബങ്ങൾ

2

പുതിയ വീടുകൾ

4,677 കുടുംബങ്ങൾക്ക്

3

ഭൂമിയും വീടും

2,713 കുടുംബങ്ങൾക്ക്

4

പുനരുദ്ധാരണം

5,646 വീടുകൾ

കൂടാതെ 'മനസോടിത്തിരി മണ്ണ്' യജ്ഞത്തിന്റെ ഭാഗമായി 203 സെന്റ് ഭൂമി കണ്ടെത്തി. ചിറ്റിലപ്പിള്ളി ഫൗണ്ടേഷനിന്റെ സഹായത്തോടെ 419 കുടുംബങ്ങൾക്ക് ഭൂമി കണ്ടെത്തുന്നതിനായി ലക്ഷ്യമിട്ടെങ്കിലും സഹായത്തിനായി 271 അപേക്ഷകൾ ലഭിച്ചതിൽ രജിസ്ട്രേഷൻ പ്രക്രിയ പൂർത്തിയായി. ബാക്കിയുള്ള കുടുംബങ്ങൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ വികസന ഫണ്ട് ഉപയോഗിച്ച് ഭൂമി വാങ്ങി നൽകി.

ഇത് കൂടാതെ, സ്ഥിരമായ പാർപ്പിടം ലഭിയ്ക്കുന്നത് വരെ അതിദരിദ്ര കുടുംബങ്ങളെ വാടകയ്ക്കുള്ള വീടുകളിൽ പുനരധിവസിപ്പിയ്ക്കാൻ G.O. (Rt) 1636/2024/LSGD തീയതി 06.09.2024, പ്രകാരം സർക്കാർ അനുമതി നൽകി. ഇത് മൂലം ഒട്ടേറെ പേർക്ക് വാസസ്ഥലം ഉറപ്പാക്കാനായി. കൂടാതെ സുരക്ഷിതമായ വാസസ്ഥലം നൽകുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ സാമ്പത്തിക ഭാരം കുറയ്ക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും അവരുടെ വികസന ഫണ്ട് റിവിഷൻ നടത്തി വിഹിതം നൽകുന്നതിന് G.O. (Rt) 1236/2024/LSGD തീയതി 07.07.2024 പ്രകാരം സർക്കാർ അനുമതി നൽകി. അതിദരിദ്രർക്ക് വസ്തു വാങ്ങുന്നതിനും സംഭാവന ലഭിയ്ക്കുന്ന ഭൂമിയുടെ കാര്യത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകിയത് ഒട്ടേറെ പേർക്ക് സഹായകരമായി. താല്പര്യമുള്ള അതിദരിദ്രർക്ക്, പത്ത് വർഷത്തിലധികം പഴക്കമില്ലാത്ത വീടോട് കൂടിയ ഭൂമി വാങ്ങി നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക സർക്കാർ അനുമതി നൽകി.

മുനിസിപ്പാലിറ്റികളിലും നഗര സ്വഭാവമുള്ള ഗ്രാമപഞ്ചായത്തുകളിലും വീട് നിർമ്മാണത്തിനായി ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതി 3 സെന്റിൽ നിന്ന് 2 സെന്റായി കുറച്ചു നൽകിയ ശേഷം സർക്കാർ നിശ്ചയിച്ച സബ്സിഡി നിരക്കിൽ അതിദരിദ്രർക്ക് നൽകുവാൻ റവന്യൂ ഭൂമിയോ മറ്റൊരു തരത്തിലുള്ള ഭൂമിയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ മാത്രം, ആവശ്യമായ ഭൂമി വാങ്ങുന്നതിന് സബ്സിഡി നിരക്ക് പ്രകാരം അനുവദിയ്ക്കാവുന്ന തുകയ്ക്ക് ഉപരിയായി പരമാവധി 2 ലക്ഷം രൂപ കൂടി നൽകുന്നതിനും സർക്കാർ ഉത്തരവ് നൽകി. കൂടാതെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വലിയ പാർസലുകളിലെ ഭൂമി ലഭ്യമാക്കുന്നതിനും വ്യക്തിഗത സേവനാവകാശികൾ നേരിട്ട് ഭൂമി വാങ്ങുന്നതിനുള്ള സാധ്യത പരിശോധിയ്ക്കുന്നതിനും സർക്കാർ അനുമതി നൽകി.

പട്ടിക 6: പാർപ്പിടം – വസ്തുവും വീടും ആവശ്യമുള്ള കുടുംബങ്ങളുടെ വിവരങ്ങൾ – 31. 10. 2025 വരെ

ജില്ല	വസ്തുവും വീടും ആവശ്യമുള്ളവർ	പുരോഗതിയിൽ ഉള്ളത്	പൂർത്തിയായത്
തൃശ്ശൂർ	372	174	198
കോഴിക്കോട്	330	168	162
തിരുവനന്തപുരം	283	158	125
ആലപ്പുഴ	195	144	51
മലപ്പുറം	331	142	189
കൊല്ലം	269	122	147
പാലക്കാട്	219	107	112
വയനാട്	117	100	17
കാസറഗോഡ്	120	70	50
പത്തനംതിട്ട	52	39	13
ഇടുക്കി	73	37	36
എറണാകുളം	181	35	146
കണ്ണൂർ	121	0	121
കോട്ടയം	50	0	50
ആകെ	**2713**	**1296***	**1417**

* നിലവിൽ സുരക്ഷിതമായ വാസസ്ഥലങ്ങളിൽ പാർപ്പിച്ചിട്ടുണ്ട് (ബന്ധു വീടുകൾ/വടകവീടുകൾ)

പട്ടിക 7: അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി – 31. 10. 2025 ലെ പുരോഗതി							
ജില്ല	ആകെ കണ്ടെത്തിയ അതിദരിദ്രർ	ആകെ (മരണപ്പെട്ടവർ + അലഞ്ഞ് തിരഞ്ഞു നടക്കുന്നവർ + ഇരട്ടിപ്പ് വന്നത് ഒഴികെ)	മരണപ്പെട്ടവർ	അലഞ്ഞ് തിരഞ്ഞു നടക്കുന്നവർ	ഇരട്ടിപ്പ് വന്നത്	അതിദാരിദ്ര്യത്തിൽ നിന്നും മുക്തരായവരുടെ എണ്ണം	പുരോഗതി %
ആലപ്പുഴ	3613	3311	276	26	0	3311	100
എറണാകുളം	5650	5252	366	29	3	5252	100
ഇടുക്കി	2665	2442	213	5	5	2442	100
കണ്ണൂർ	4208	3953	252	3	0	3953	100
കാസറഗോഡ്	2768	2609	156	3	0	2609	100
കൊല്ലം	4461	3973	474	11	3	3973	100
കോട്ടയം	1071	932	125	14	0	932	100
കോഴിക്കോട്	6773	6354	392	21	6	6354	100
മലപ്പുറം	8553	8147	375	28	3	8147	100
പാലക്കാട്	6443	6005	398	31	9	6005	100
പത്തനംതിട്ട	2579	2392	184	1	2	2392	100
തിരുവനന്തപുരം	7278	6553	685	29	11	6553	100
തൃശ്ശൂർ	5013	4613	367	30	3	4613	100
വയനാട്	2931	2747	182	0	2	2747	100
ആകെ	64006	59283	4445	231	47	59283	100

6

വകുപ്പുകൾ ഒറ്റക്കെട്ടായി അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്ക് വേണ്ടി

വിവിധ വകുപ്പുകൾ നൽകുന്ന നിലവിലുള്ള എല്ലാ സാമൂഹ്യ ക്ഷേമ പദ്ധതികളെയും സേവനങ്ങളെയും അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ കുടക്കീഴിൽ സംയോജിപ്പിച്ച നൽകുന്നതിന് വകുപ്പുകളുടെ സഹായവും സഹകരണവും സംയോജനവും കാരണമായി.

ആരോഗ്യ വകുപ്പ്

അതിദരിദ്രർക്ക് ചികിത്സയും മരുന്നും വാതിൽപ്പടി സേവനം വഴി നൽകുന്നതിലും പാലിയേറ്റീവ് ചികിത്സ, ആരോഗ്യ ഇൻഷുറൻസ് കാർഡുകൾ, ഭിന്നശേഷിക്കാർക്ക് സർട്ടിഫിക്കറ്റുകൾ, ആംബുലൻസ് സേവനങ്ങൾ എന്നിവ നൽകുന്നതിലും ആരോഗ്യ വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തി. അതിദരിദ്രരുടെ വീടുകൾ മാസത്തിൽ രണ്ടുതവണ സന്ദർശിച്ച്, അവരുടെ ആരോഗ്യ പ്രശ്നങ്ങൾ വിലയിരുത്താൻ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ASHA പ്രവർത്തകർ ഉൾപ്പെടെ പ്രത്യേക ടീമുകൾ രൂപീകരിച്ചു. ഓരോ വ്യക്തിയുടെയും ആരോഗ്യ സ്ഥിതി മനസ്സിലാക്കി ആവശ്യമായ ചികിത്സ നൽകി ഇടതടവില്ലാത്ത മരുന്ന് വിതരണം ഉറപ്പാക്കി. അവയവ മാറ്റ ശസ്ത്രക്രിയ കഴിഞ്ഞ് ജീവൻ രക്ഷിക്കപ്പെട്ട ഏഴ് രോഗികൾക്ക് സ്ഥിരമായ ചികിത്സ നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

സിവിൽ സപ്ലൈസ് വകുപ്പ്

5,132 കുടുംബങ്ങൾക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്തു. കൂടാതെ ഭക്ഷണം ആവശ്യമുള്ളവരിൽ സ്വയം പാകം ചെയ്യാൻ കഴിയുന്നവർക്ക് ഭക്ഷ്യ കിറ്റുകൾ റേഷൻ കടകൾ വഴി നൽകുന്നുണ്ട്.

വിദ്യാഭ്യാസ വകുപ്പ്

അതിദരിദ്ര കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ ആവശ്യകതകൾക്ക് വേണ്ട പിന്തുണ നൽകുന്നതിന് വിദ്യാഭ്യാസ വകുപ്പ് പ്രത്യേക ശ്രദ്ധ നൽകി. 16 വയസ്സ് വരെ പഠന സാമഗ്രികൾ, തൊപ്പികൾ, ബാഗുകൾ, രണ്ട് നേരം ഭക്ഷണം, സ്കോളർഷിപ്പുകൾ എന്നിവ ഉൾപ്പെടെയുള്ള സേവനങ്ങൾ നൽകുന്നതിനായി വിദ്യാഭ്യാസ വകുപ്പ് 2 കോടി പ്രത്യേകമായി വകയിരുത്തി. വിദ്യാഭ്യാസ വകുപ്പ് മുഖേനയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി മൂന്ന് മുതൽ പതിനെട്ട് വയസ്സ് വരെയുള്ള 5,583 അതിദരിദ്ര കുട്ടികളുടെ വിവരങ്ങൾ വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരുന്നു.

ഗതാഗത വകുപ്പ്

വിദ്യാഭ്യാസ ആവശ്യങ്ങൾക്കുള്ള യാത്രയ്ക്കായി 2323 വിദ്യാർത്ഥികൾക്ക് KSRTC ബസ്സുകളിൽ സൗജന്യ യാത്ര പാസ് നൽകി (2023-24-ൽ 1,767 വിദ്യാർത്ഥി പാസുകൾ, 2024-25-ൽ 556 പാസുകൾ).

സാമൂഹ്യ നീതി വകുപ്പ്

സാമൂഹ്യ നീതി വകുപ്പിന്റെയും വനിതാ-ശിശു വികസന വകുപ്പിന്റെയും പിന്തുണയോടെ ഏകാംഗ കുടുംബങ്ങളെ സുരക്ഷിതമായി ഷെൽട്ടർ ഹോമുകളിൽ മാറ്റി പാർപ്പിച്ചു. ഇതുവരെ 428 ഏകാംഗ കുടുംബങ്ങളെയും 520 മറ്റ് കുടുംബങ്ങളെയും ഷെൽട്ടർ ഹോമുകളിൽ മാറ്റിയിട്ടുണ്ട്.

റവന്യൂ വകുപ്പ്

സർക്കാർ ഉടമസ്ഥതയിലുള്ള അധിക ഭൂമി/മിച്ച ഭൂമി പതിച്ച് നൽകുമ്പോൾ അതിദരിദ്ര വിഭാഗത്തിന് മുൻഗണന നൽകാൻ റവന്യൂ വകുപ്പ് 22.03.2025-ന് L1/35/2025-റവന്യൂ നമ്പർ സർക്കുലർ പുറത്തിറക്കി. റവന്യൂ വകുപ്പിന്റെ ഇടപെടൽ വഴി, ജില്ലയിൽ മറ്റ് വകുപ്പുകൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ നിലവിൽ ഉപയോഗത്തിലിലാത്തതും ഭാവിയിൽ ഉപയോഗിക്കപ്പെടാൻ സാധ്യതയില്ലാത്തതുമായ ഭൂമി അതിദരിദ്ര വിഭാഗത്തിന് നിലവിലെ ഭൂമി പതിവ് വ്യവസ്ഥകൾക്ക് വിധേയമാക്കി നൽകുവാനും സുനാമി പുനരധിവാസ പദ്ധതിയിൽ നിർമ്മിച്ച ഫ്ലാറ്റുകളിൽ ഒഴിഞ്ഞ് കിടക്കുന്നവ ഭൂമിയും വീടും ആവശ്യമായ അതിദരിദ്ര വിഭാഗത്തിന് നൽകുവാനും 15.04.2025-ലെ 98/2025/Rev നമ്പർ സർക്കാർ ഉത്തരവ് വഴി ജില്ലാ കലക്ടർമാർക്ക് അധികാരം നൽകി. ജില്ലകളിൽ ഭൂമി കണ്ടെത്തുന്നതിന്റെ ഉത്തരവാദിത്തം അതത് എൽ.ആർ. ഡെപ്യൂട്ടി കളക്ടർമാർക്ക് നൽകുകയും തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർമാരുടെ സഹായത്തോടെ, ഭൂമി കണ്ടെത്തുന്ന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തു. റവന്യൂ വകുപ്പിന്റെ സഹായത്തോടെ സംസ്ഥാനത്ത് ആകെ 439 കുടുംബങ്ങൾക്കായി മൊത്തം 2832.645 സെന്റ് ഭൂമി കണ്ടെത്തി. ഭർത്താവ് ഭാര്യയെയോ, ഭാര്യ ഭർത്താവിനെയോ ഉപേക്ഷിച്ച് പോയ വ്യക്തികൾ, നിയമപരമോ അല്ലാതെയോ വിവാഹ മോചനം നേടിയ ആളുകൾ, സഹോദരങ്ങൾ ഒരുമിച്ച് താമസിച്ച് വരുന്ന കുടുംബം എന്നീ സാഹചര്യങ്ങളിൽ ചട്ടപ്രകാരമുള്ള പരിശോധനകൾ നടത്തി അതിദരിദ്രർക്ക് നിയമാനുസരണം ഭൂമി അനുവദിയ്ക്കുന്നതിന് ലാൻഡ് ബോർഡ് സെക്രട്ടറി നിർദ്ദേശം നൽകി

കുടുംബശ്രീ മിഷൻ

പദ്ധതിയുടെ ആദ്യ ഘട്ടമായ വിവരശേഖരണ പ്രക്രിയ മുതൽ കുടുംബശ്രീ സംഘടനാ സംവിധാനം ശക്തമായ പിന്തുണയാണ് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയ്ക്ക് നൽകിയത്. അതിദരിദ്ര കുടുംബങ്ങളുടെ പ്രാഥമിക പട്ടിക തയ്യാറാക്കിയ സമഗ്രമായ പങ്കാളിത്ത പ്രക്രിയയിൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ പ്രത്യേക ഫോക്കസ് ഗ്രൂപ്പ് ചർച്ചയുണ്ടായിരുന്നു. തുടർന്ന് സംസ്ഥാന സർക്കാർ നിഷ്കർഷിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് കൊണ്ട് കുടുംബശ്രീ സംസ്ഥാന മിഷന്റെ സഹായത്തോടെയാണ് പ്രാദേശിക സർക്കാരുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ അതിദരിദ്ര കുടുംബങ്ങൾക്ക് വേണ്ട മൈക്രോ പ്ലാനുകൾ തയ്യാറാക്കിയത്. 'അവകാശം അതിവേഗം' ക്യാമ്പയിനിൽ സേവനങ്ങളും രേഖകളും നൽകിയ ക്യാമ്പിൽ കുടുംബശ്രീ അംഗത്വം ഇല്ലാത്തവർക്ക് അത് നൽകുന്നതിനും കുടുംബശ്രീ സംവിധാനം പ്രത്യേക ശ്രദ്ധ ചെലുത്തി. അതിദരിദ്ര പട്ടികയിൽ ഭക്ഷണം ആവശ്യമുണ്ടെന്ന് കണ്ടെത്തിയതിൽ സ്വന്തമായി ഭക്ഷണം പാകം ചെയ്ത് കഴിക്കാൻ കഴിയാത്ത കുടുംബങ്ങൾക്ക് കുടുംബശ്രീ ജനകീയ ഹോട്ടലുകൾ മുഖേനയാണ് പാകം ചെയ്ത ഭക്ഷണം നൽകിയത്. ഭക്ഷണം ആവശ്യമുള്ള മുഴുവൻ പേർക്കും അത് നൽകുവാൻ കഴിഞ്ഞുവെങ്കിലും ആയത് എല്ലാവർക്കും എല്ലാ നേരവും ലഭിയ്ക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് കുടുംബശ്രീയെ ആണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇത് കൂടാതെ മറ്റ് ആനുകൂല്യങ്ങൾ വാതിൽപ്പടി സേവനം ആയി നൽകുന്നതിലും കുടുംബശ്രീ സംവിധാനം വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതിദരിദ്രരിൽ സുസ്ഥിര വരുമാനത്തിനുള്ള അവസരങ്ങൾ സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി സർക്കാർ രൂപീകരിച്ച 'ഉജ്ജീവനം' പദ്ധതി കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിലാണ് നടപ്പിലാക്കിയത്. 2023 ഒക്ടോബറിൽ ആരംഭിച്ച ഈ ക്യാമ്പയിന്റെ ഭാഗമായി സ്വന്തമായി വരുമാനം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വേണ്ട ധനസഹായവും പിന്തുണയും നൽകി. തൊഴിൽ പരിശീലനം, മൈക്രോഫിനാൻസ്, സംരംഭകത്വ പിന്തുണ, തൊഴിൽ സേവനങ്ങൾ എന്നിവയുള്ള അവസരം നൽകുന്നതിലൂടെ അതിദരിദ്രരുടെ കുടുംബാംഗങ്ങൾക്ക് പരിശീലനം നൽകുവാനും ആസ്തികൾ സൃഷ്ടിക്കുവാനും അവരുടെ വരുമാന ശേഷി വർദ്ധിപ്പിക്കാനും പ്രാപ്തമാക്കി. ഇത് അതിദരിദ്ര കുടുംബങ്ങളുടെ വരുമാനം മെച്ചപ്പെടുത്തുകയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തരാക്കുകയും കുട്ടികളുടെ വിദ്യാഭ്യാസത്തിനും ആരോഗ്യ സംരക്ഷണത്തിനും വേണ്ട ചെലവുകൾ കണ്ടെത്തുവാൻ അവരെ പ്രാപ്തരാക്കുകയും ചെയ്തു. ഇതിൽ വനിതകൾക്ക് അവരുടെ വീടുകളിൽ തന്നെ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ വഴിയൊരുക്കിയതിലൂടെ അവരെ ശാക്തീകരിയ്ക്കുന്നതിലും കുടുംബശ്രീ വലിയ പങ്കാണ് വഹിച്ചത്. 3,820 കുടുംബങ്ങൾക്ക് കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ നടത്തുന്ന 'ഉജ്ജീവനം' പദ്ധതി വഴി വരുമാനദായക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സഹായം നൽകി കഴിഞ്ഞു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ 34672 കുടുംബങ്ങൾക്ക് അവിദഗ്ധ തൊഴിലിനായി തൊഴിൽ കാർഡുകൾ നൽകി. 2021–22–ൽ 6085 കുടുംബങ്ങൾക്കും, 2022–23–ൽ 5930 കുടുംബങ്ങൾക്കും, 2023–24–ൽ 7784 കുടുംബങ്ങൾക്കും, 2024–25–ൽ 9142 കുടുംബങ്ങൾക്കും, 2025–26–ൽ 6100 കുടുംബങ്ങൾക്കും തൊഴിൽ നൽകുവാൻ സാധിച്ചു. 2021–22, 2022–23, 2023–24, 2024–25, 2025–26 സാമ്പത്തിക വർഷങ്ങളിൽ യഥാക്രമം 471407, 450644, 593678, 598246, 217941 വീതം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും അത് വഴി 77 കോടി രൂപയിൽ കൂടുതൽ വേതനം ആയി നൽകുവാനും കഴിഞ്ഞു. 2021–22 സാമ്പത്തിക വർഷത്തിൽ 1824 കുടുംബങ്ങൾ നൂറ് ദിവസത്തെ തൊഴിൽ പൂർത്തിയാക്കിയപ്പോൾ, 2022–23–ൽ 1808 കുടുംബങ്ങൾ, 2023–24–ൽ 2763 കുടുംബങ്ങൾ, 2024–25–ൽ 2571 കുടുംബങ്ങൾ, 2025–26–ൽ ഇത് വരെ 57 കുടുംബങ്ങളും നൂറ് ദിവസത്തെ തൊഴിൽ പൂർത്തിയാക്കി. ഇത് കൂടാതെ അതിദരിദ്ര കുടുംബങ്ങൾക്കായി മൊത്തം 228 ജീവനോപാധികൾ നൽകുവാൻ സാധിച്ചു. കന്നുകാലി ഷെഡുകൾ – 47, ആട്ടിൻ കൂടുകൾ – 60, കോഴിക്കൂടുകൾ – 85, കിണറുകൾ – 29, മഴക്കുഴികൾ – 5, വ്യക്തിഗത കക്കൂസുകൾ – 2 എന്നിവയാണ് നൽകിയത്.

പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പ്

ഭവന പുനരുദ്ധാരണത്തിനായി ഒരു ലക്ഷം രൂപ നൽകാൻ മാത്രമേ സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം കഴിയുമായിരുന്നുള്ളൂ എങ്കിലും പട്ടികജാതി വികസന വകുപ്പ് നടപ്പാക്കിയ 'SAFE' പദ്ധതിയുടെ മാതൃക പിന്തുടർന്ന് അതിദരിദ്ര കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഭവന പുനരുദ്ധാരണത്തിനുള്ള സാമ്പത്തിക സഹായം 2 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ച് എല്ലാ വിഭാഗങ്ങൾക്കും നൽകി.

രജിസ്ട്രേഷൻ വകുപ്പ്

അതിദരിദ്രർക്ക് വസ്തു വാങ്ങുന്നതിനും സംഭാവന ലഭിക്കുന്ന ഭൂമിയുടെ കാര്യത്തിലും സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകി.

സാമൂഹ്യ സുരക്ഷാ മിഷൻ

സാമൂഹ്യ സുരക്ഷാ മിഷന്റെ "സ്നേഹപൂർവ്വം" പദ്ധതി മുഖേന അതിദരിദ്ര കുടുംബങ്ങളിൽ മാതാപിതാക്കളെ നഷ്ടപ്പെട്ട 331 കുട്ടികൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിന് നടപടികൾ സ്വീകരിച്ചു. കൂടാതെ ഭിന്നശേഷിയുള്ള വ്യക്തികൾ എല്ലാവർക്കും UDID കാർഡുകൾ നൽകി.

ഫിഷറീസ് വകുപ്പ്

തീരദേശവാസികളായ അതിദരിദ്രർക്ക് മരുന്നും ആഹാരവും മറ്റ് ആവശ്യ സാധനങ്ങളും നൽകുന്നതിനും വസ്തുവും വീടും ആവശ്യമുള്ളവർക്ക് ഫിഷറീസ് വകുപ്പിന്റെ "പുനർഗേഹം" പദ്ധതിയിൽ ഉൾപ്പെടുത്തി സുരക്ഷിതമായ പാർപ്പിടം നൽകുന്നതിനും നടപടി സ്വീകരിച്ചു.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (KSEB)

331 കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകി.

കേരള വാട്ടർ അതോറിറ്റി

കേരള വാട്ടർ അതോറിറ്റി 823 ഗുണഭോക്താക്കൾക്ക് ശുദ്ധജല വിതരണ കണക്ഷൻ ലഭ്യമാക്കി.



ശുചിത്വ മിഷൻ

1181 കുടുംബങ്ങൾക്ക് ടോയിലറ്റ് സൗകര്യവും 20 കുടുംബങ്ങൾക്ക് മാലിന്യ നിർമാർജന സൗകര്യവും നൽകി.

ഇത് കൂടാതെ ഏതൊരു വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതിയിലും അതിദരിദ്ര കുടുംബങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

7

അതിദാരിദ്ര്യ നിർമ്മാജ്ജന പദ്ധതിയുടെ നിർവ്വഹണത്തിലും മോണിറ്ററിങ്ങിലും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം

M/S PAN ENVIRON വികസിപ്പിച്ച മൊബൈൽ ആപ്ലിക്കേഷനും വെബ് പോർട്ടലും ഉപയോഗിച്ചാണ് ആദ്യ ഘട്ട വിവരശേഖരണം നടത്തിയത്. തുടർന്ന് മൈക്രോപ്ലാൻ തയ്യാറാക്കുന്ന വേളയിലും പദ്ധതിയുടെ നിർവ്വഹണ ഘട്ടങ്ങളിലും മോണിറ്ററിങ്ങിലും പ്രസ്തുത മൊബൈൽ ആപ്പും വെബ് പോർട്ടലും ഉപയോഗപ്പെടുത്തി. ഗുണഭോക്താക്കളുടെ ജിയോ-ടാഗ് ചെയ്ത ഡാറ്റ ശേഖരിച്ചത് കുടുംബങ്ങളെ സന്ദർശിയ്ക്കുന്നതിന് സഹായകരമായി.

വിവരശേഖരണ ഘട്ടത്തിൽ വികസിപ്പിച്ച മൊബൈൽ ആപ്പ്, വെബ് പോർട്ടൽ എന്നിവയുടെ സഹായത്തോടെയാണ് അതിദരിദ്ര കുടുംബങ്ങൾക്ക് നൽകുന്ന സേവനങ്ങൾ നിരീക്ഷിയ്ക്കുന്നതും ആയതിന്റെ പുരോഗതി സംസ്ഥാന തലത്തിൽ മോണിറ്റർ ചെയ്യുന്നതും. ഇതിനായി ഓരോ അതിദരിദ്ര കുടുംബത്തിന്റെയും മൈക്രോപ്ലാൻ മൊബൈൽ ആപ്പിൽ ലഭ്യമാക്കുകയും കൂടാതെ, ഫീൽഡ് തലത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും അതത് ഉദ്യോഗസ്ഥർ തത്സമയം തന്നെ മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതുവഴി സംസ്ഥാന തലം മുതൽ ഫീൽഡ് തലം വരെ പദ്ധതി നിർവഹണത്തിന്റെ നിരീക്ഷണം തടസ്സമില്ലാതെ നടത്താൻ കഴിയുന്നുണ്ട്. അടിസ്ഥാന തലമായി വാർഡുകളെ നിശ്ചയിച്ചത് കൊണ്ട് തന്നെ വാർഡ് തലം വരെയുള്ള വിവരങ്ങൾ പോർട്ടലിൽ ലഭ്യമാക്കിയിരുന്നു. ഉദ്യോഗസ്ഥരുടെ പ്രതിമാസ മോണിറ്ററിംഗ്, ഗൃഹസന്ദർശനം നടത്തുന്ന ഉദ്യോഗസ്ഥർ, എന്നിവരുൾപ്പെടെ ആകെ 1032 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടനീളം 10288 ആളുകൾ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിയ്ക്കുന്നുണ്ട്. കൂടാതെ അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനത്തിന് മുന്നോടിയായുള്ള ചെക്ക്, സൂപ്പർ ചെക്ക് എന്നിവയ്ക്കും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിയ്ക്കുന്നുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ, വെബ് പോർട്ടൽ എന്നിവ വഴി ശേഖരിച്ച മുഴുവൻ വിവരങ്ങളും സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്.

അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഓരോ കുടുംബത്തിനും വേണ്ടി തയ്യാറാക്കിയ മൈക്രോ പ്ലാനുകൾ ഡിജിറ്റൽ രൂപത്തിൽ പോർട്ടലിൽ ചേർത്തിട്ടുള്ളതാണ്. എല്ലാ മാസവും ഉദ്യോഗസ്ഥരും വോളണ്ടീയർമാരും കുടുംബങ്ങളെ സന്ദർശിച്ച് അവർക്ക് ആവശ്യമുള്ള സേവനങ്ങൾ ലഭിയ്ക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി രേഖപ്പെടുത്തലുകൾ വരുത്തുന്നതും ഈ പോർട്ടലിലെ എം.ഐ.എസ്.-ലാണ്. കൂടാതെ സേവനാവകാശി മരണപ്പെട്ട സാഹചര്യത്തിലും ഇരട്ടിപ്പ് വന്ന സാഹചര്യത്തിലും ഏതെങ്കിലും കുടുംബത്തെ പാർക്ക് ചെയ്യണമെങ്കിൽ അതും ഈ എം.ഐ.എസ്. വഴിയാണ് ചെയ്തത്. ഓരോ വകുപ്പുകൾക്കും ഈ മൈക്രോ പ്ലാനുകൾ കാണുന്നതിനും ഓരോ കുടുംബത്തിനും ആവശ്യമായ സേവനം അതത് വകുപ്പുകൾക്ക് നൽകുന്നതിനും അതിന്റെ പുരോഗതി മോണിറ്ററിംഗ് നടത്തുന്നതിനും സൗകര്യം ചെയ്തിരുന്നു. കൂടാതെ, പദ്ധതി പൂർത്തീകരിച്ച ശേഷം നടത്തിയ സോഷ്യൽ ഓഡിറ്റ്, ചെക്ക്, സൂപ്പർ ചെക്ക് എന്നിവയും ഈ മൊബൈൽ ആപ്ലിക്കേഷൻ, വെബ് പോർട്ടൽ എന്നിവ വഴിയാണ് പൂർത്തിയാക്കിയത്. പദ്ധതിയിൽ ഉണ്ടായ എല്ലാ പുരോഗതിയും തത്സമയം വീക്ഷിയ്ക്കുന്നതിനായി സി.എം. ഡാഷ്ബോർഡ്" എന്ന പേരിൽ ഒരു ഡാഷ്ബോർഡും ചേർത്തിരുന്നു.

വിവരശേഖരണ ഘട്ടത്തിൽ വികസിപ്പിച്ച മൊബൈൽ ആപ്പ്, വെബ് പോർട്ടൽ എന്നിവയുടെ സഹായത്തോടെയാണ് അതിദരിദ്ര കുടുംബങ്ങൾക്ക് നൽകുന്ന സേവനങ്ങൾ നിരീക്ഷിയ്ക്കുന്നതും ആയതിന്റെ പുരോഗതി സംസ്ഥാന തലത്തിൽ മോണിറ്റർ ചെയ്യുന്നതും. ഇതിനായി ഓരോ അതിദരിദ്ര കുടുംബത്തിന്റെയും മൈക്രോപ്ലാൻ മൊബൈൽ ആപ്പിൽ ലഭ്യമാക്കുകയും കൂടാതെ, ഫീൽഡ് തലത്തിൽ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും അതത് ഉദ്യോഗസ്ഥർ തത്സമയം തന്നെ മൊബൈൽ ആപ്പിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതുവഴി സംസ്ഥാന തലം മുതൽ ഫീൽഡ് തലം വരെ പദ്ധതി നിർവഹണത്തിന്റെ നിരീക്ഷണം തടസ്സമില്ലാതെ നടത്താൻ കഴിയുന്നുണ്ട്. അടിസ്ഥാന തലമായി വാർഡുകളെ നിശ്ചയിച്ചത് കൊണ്ട് തന്നെ വാർഡ് തലം വരെയുള്ള വിവരങ്ങൾ പോർട്ടലിൽ ലഭ്യമാക്കിയിരുന്നു. ഉദ്യോഗസ്ഥരുടെ പ്രതിമാസ മോണിറ്ററിംഗ്, ഗൃഹസന്ദർശനം നടത്തുന്ന ഉദ്യോഗസ്ഥർ, എന്നിവരുൾപ്പെടെ ആകെ 1032 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലുടനീളം 10288 ആളുകൾ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിയ്ക്കുന്നുണ്ട്. കൂടാതെ അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനത്തിന് മുന്നോടിയായുള്ള ചെക്ക്, സൂപ്പർ ചെക്ക് എന്നിവയ്ക്കും സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനും മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിയ്ക്കുന്നുണ്ട്. മൊബൈൽ ആപ്ലിക്കേഷൻ, വെബ് പോർട്ടൽ എന്നിവ വഴി ശേഖരിച്ച മുഴുവൻ വിവരങ്ങളും സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ആണ് സൂക്ഷിച്ചിട്ടുള്ളത്. അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ഓരോ കുടുംബത്തിനും വേണ്ടി തയ്യാറാക്കിയ മൈക്രോ പ്ലാനുകൾ ഡിജിറ്റൽ രൂപത്തിൽ പോർട്ടലിൽ ചേർത്തിട്ടുള്ളതാണ്. എല്ലാ മാസവും ഉദ്യോഗസ്ഥരും വോളണ്ടീയർമാരും കുടുംബങ്ങളെ സന്ദർശിച്ച് അവർക്ക് ആവശ്യമുള്ള സേവനങ്ങൾ ലഭിയ്ക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തി രേഖപ്പെടുത്തലുകൾ വരുത്തുന്നതും ഈ പോർട്ടലിലെ എം.ഐ.എസ്.-ലാണ്. കൂടാതെ സേവനാവകാശി മരണപ്പെട്ട

സാഹചര്യത്തിലും ഇരട്ടിപ്പ് വന്ന സാഹചര്യത്തിലും ഏതെങ്കിലും കുടുംബത്തെ പാർക്ക് ചെയ്യണമെങ്കിൽ അതും ഈ എം.ഐ.എസ്. വഴിയാണ് ചെയ്തത്. ഓരോ വകുപ്പുകൾക്കും ഈ മൈക്രോ പ്ലാനുകൾ കാണുന്നതിനും ഓരോ കുടുംബത്തിനും ആവശ്യമായ സേവനം അതത് വകുപ്പുകൾക്ക് നൽകുന്നതിനും അതിന്റെ പുരോഗതി മോണിറ്ററിംഗ് നടത്തുന്നതിനും സൗകര്യം ചെയ്തിരുന്നു.

കൂടാതെ, പദ്ധതി പൂർത്തീകരിച്ച ശേഷം നടത്തിയ സോഷ്യൽ ഓഡിറ്റ്, ചെക്ക്, സൂപ്പർ ചെക്ക് എന്നിവയും ഈ മൊബൈൽ ആപ്ലിക്കേഷൻ, വെബ് പോർട്ടൽ എന്നിവ വഴിയാണ് പൂർത്തിയാക്കിയത്. പദ്ധതിയിൽ ഉണ്ടായ എല്ലാ പുരോഗതിയും തത്സമയം വീക്ഷിയ്ക്കുന്നതിനായി സി.എം. ഡാഷ്ബോർഡ്' എന്ന പേരിൽ ഒരു ഡാഷ്ബോർഡും ചേർത്തിരുന്നു.

8

പഴുതടച്ചുള്ള പ്രവർത്തനം, പുരോഗതി അവലോകനം

പദ്ധതിയുടെ കാര്യക്ഷമമായ മോണിറ്ററിങ്ങിനായി വാർഡ്/ഡിവിഷൻ തലം, തദ്ദേശ സ്വയംഭരണ സ്ഥാപന തലം, ജില്ലാതലം, സംസ്ഥാന തലം എന്നിവിടങ്ങളിൽ ശക്തമായ സംഘടനാ സംവിധാനങ്ങൾ സ്ഥാപിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന തലങ്ങളിലെ മോണിറ്ററിംഗ് സമിതികൾ, നോഡൽ ഉദ്യോഗസ്ഥരുടെയും ജില്ലാ കലക്ടർമാരുടെയും ജില്ലാ തലത്തിലെ മോണിറ്ററിംഗ്, സംസ്ഥാന തലത്തിലെ സംസ്ഥാന മോണിറ്ററിംഗ് സമിതിയുടെ സൂക്ഷ്മമായ നിരീക്ഷണം, അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരുടെയും സ്പെഷ്യൽ സെക്രട്ടറിയുടെയും മോണിറ്ററിംഗ് എന്നിവ പദ്ധതിയുടെ വിജയകരമായ പൂർത്തീകരണത്തിന് ചാലകശക്തിയായി. മുഖ്യമന്ത്രി തലത്തിലും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിലും കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തിയതും യോഗങ്ങൾ വഴി നൽകിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും കേരളത്തെ അതിദാരിദ്ര്യ മുക്തമാക്കുന്നതിന് മുതൽക്കൂട്ടായി.

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി നടപ്പാക്കിയതിലെ സുതാര്യത, പങ്കാളിത്താധിഷ്ഠിത മൂല്യനിർണയം, ഇടപെടലുകളുടെ വ്യാപ്തിയും ഫലപ്രദതയും, സമൂഹതലത്തിൽ ആനുകൂല്യങ്ങൾ അത് അർഹരായവർക്ക് തന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക എന്നീ ലക്ഷ്യങ്ങളുമായി സംസ്ഥാന സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ മേൽനോട്ടത്തിൽ സംസ്ഥാന വ്യാപകമായി സോഷ്യൽ ഓഡിറ്റ് നടത്തി.

സംസ്ഥാനത്തെ എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി നടത്തിയ സമഗ്രമായ പരിശോധനയിൽ, പദ്ധതിയുടെ അവകാശികളായ 56,697 കുടുംബങ്ങളെയും ഉൾപ്പെടുത്തി. സോഷ്യൽ ഓഡിറ്റ് കൃത്യമായി നടപ്പാക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പരിശീലനം നൽകി. പരിശീലനം നേടിയ, കുറഞ്ഞത് രണ്ട് പ്രാദേശിക സോഷ്യൽ ഓഡിറ്റ് റിസോഴ്സ് പേഴ്സൺമാരടങ്ങിയ (Local Social Audit Resource Persons – LSARPs) ഫീൽഡ് പരിശോധനാ ടീമുകൾ ഓരോ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലും സോഷ്യൽ ഓഡിറ്റ് നടത്തി. പ്രത്യേക സോഷ്യൽ ഓഡിറ്റ് ചോദ്യാവലി അടിസ്ഥാനമാക്കി ആൻഡ്രോയ്ഡ് അധിഷ്ഠിത മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ചാണ് ഓഡിറ്റ് പൂർത്തിയാക്കിയത്. ഫീൽഡ് തലത്തിൽ കൈവരിച്ച യഥാർത്ഥ ഭൗതിക നേട്ടങ്ങളെയും കണ്ടെത്തിയ വീഴ്ചകളെയും പരിഗണിച്ച് ഓരോ സേവനാവകാശിയുടെയും ജിയോടാഗ് ചെയ്ത ഡാറ്റ ശേഖരിച്ചു. സോഷ്യൽ ഓഡിറ്റിൽ കണ്ടെത്തിയ എല്ലാ ന്യൂനതകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൂട്ടായി പരിഹരിച്ചു.

പൂർത്തീകരണ പ്രഖ്യാപനത്തിന് മുന്നോടിയായി ചെക്ക്, സൂപ്പർ ചെക്ക്

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ മോണിറ്ററിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തിയിരുന്നു. പദ്ധതിയുടെ പൂർത്തീകരണ പ്രഖ്യാപനത്തിന് മുന്നോടിയായി ഫീൽഡ് തലത്തിൽ നടന്ന പ്രവർത്തനങ്ങളുടെ കൃത്യതയും സുതാര്യതയും ഉറപ്പാക്കുന്നതിനായി ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിൽ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ ചെക്ക്, സൂപ്പർചെക്ക് എന്നിവ പൂർത്തിയാക്കി. ഗ്രാമപഞ്ചായത്ത് തലത്തിൽ, അതിദരിദ്രരായ എല്ലാ കുടുംബങ്ങളുടെയും (100%) പരിശോധന ബ്ലോക്ക് ലെവൽ മോണിറ്ററിംഗ് കമ്മിറ്റികൾ മുഖേന നടപ്പാക്കി. ഒരു ബ്ലോക്ക് പഞ്ചായത്തിലെ മോണിറ്ററിംഗ് ടീം മറ്റൊരു ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലെ ഗ്രാമപഞ്ചായത്തുകളിൽ പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തി. അതു പോലെ തന്നെ, ഒരു മുനിസിപ്പാലിറ്റിയിലെ മോണിറ്ററിംഗ് ടീം, മറ്റൊരു മുനിസിപ്പാലിറ്റിയിലെ അതിദരിദ്ര കുടുംബങ്ങളുടെ പരിശോധന നടത്തുന്നതിനായി(100%) ചുമതലപ്പെടുത്തി. കോർപ്പറേഷനുകളിൽ ആകെ അതിദരിദ്രരുടെ 20% പരിശോധനയ്ക്ക് വിധേയമാക്കി. ബന്ധപ്പെട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ മേൽനോട്ടത്തിൽ രൂപീകരിച്ച ടീമുകൾ മുഖേനയാണ് കോർപ്പറേഷനുകളിൽ പരിശോധന നടത്തിയത്. പ്രാഥമിക പരിശോധനകൾക്ക്

പിന്നാലെ, പഞ്ചായത്ത്, മുനിസിപ്പൽ തലങ്ങളിൽ പരിശോധിച്ച വീടുകളുടെ 10% എണ്ണം ഉൾപ്പെടുത്തി, ജില്ലാ ജോയിന്റ് ഡയറക്ടർമാർ രൂപീകരിച്ച ടീമുകൾ ജില്ലാ തലത്തിൽ 'സൂപ്പർ ചെക്ക്''(പുനഃപരിശോധന) നടത്തി. സംസ്ഥാന തലത്തിൽ, ആകെ കുടുംബങ്ങളുടെ 1% എണ്ണം ഉൾപ്പെടുത്തി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ രൂപീകരിച്ച ടീമുകളുടെ മേൽനോട്ടത്തിൽ 'സൂപ്പർ ചെക്ക്'' നടത്തി. 54505 അതിദരിദ്ര കുടുംബങ്ങളുടെ ഫീൽഡ് പരിശോധനയും (ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും 100%-വും കോർപ്പറേഷനുകളിൽ 10%-വും) 5393 കുടുംബങ്ങളുടെ (10%) ജില്ലാതല സൂപ്പർ ചെക്കും 567 (1%) കുടുംബങ്ങളുടെ സംസ്ഥാനതല സൂപ്പർ ചെക്കും പൂർത്തിയാക്കി. ആൻഡ്രോയ്ഡ് അധിഷ്ഠിത മൊബൈൽ അപ്ലിക്കേഷൻ ഉപയോഗിച്ചാണ് പരിശോധനകൾ പൂർത്തിയാക്കിയത്. പരിശോധനയിൽ കണ്ടെത്തിയ എല്ലാ ന്യൂനതകളും പരിഹരിച്ചു.

9

അന്തിമ ലക്ഷ്യത്തിലേക്ക്, ഒത്തൊരുമയോടെ...

അതിദാരിദ്ര്യമുക്ത പദവി സുസ്ഥിരമായി നിലനിർത്തുന്നതിനുള്ള നടപടികൾ

അതിദരിദ്രരില്ലാത്ത ഇന്ത്യയിലെ ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിനായി ആരംഭിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ പ്രവർത്തനങ്ങൾ 2025 നവംബർ 1-ന് പൂർത്തിയാകും. തടസ്സമില്ലാത്ത ഭക്ഷണം, ആരോഗ്യ പരിരക്ഷ, വരുമാന മാർഗ്ഗം, സുരക്ഷിതമായ പാർപ്പിടം എന്നിവയ്ക്ക് പുറമേ വിവിധ വകുപ്പുകൾ മുഖേനയുള്ള സേവനങ്ങൾ/ആനുകൂല്യങ്ങൾ, അവശ്യ രേഖകൾ എന്നിവയും അതിദരിദ്ര കുടുംബങ്ങൾക്ക് ഉറപ്പ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അതിദാരിദ്ര്യമുക്ത പദവി സുസ്ഥിരമായി നിലനിർത്തുന്നതിനായി ചുവടെ ചേർത്ത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്തിന്റെ അതിദാരിദ്ര്യ മുക്ത പദവി സുസ്ഥിരമായി നിലനിർത്തുന്നതിനായി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും അവരുടെ പരിധിയിലുള്ള ഏതെങ്കിലും വ്യക്തി/കുടുംബം അതിദാരിദ്ര്യം മൂലം കഷ്ടത അനുഭവിയ്ക്കുന്നു എന്ന് പുതുതായി കണ്ടെത്തുന്ന സാഹചര്യത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ മതിയായ ഫണ്ട് വകയിരുത്തി അവർക്ക് ആവശ്യമുള്ള സേവനങ്ങൾ/ആനുകൂല്യങ്ങൾ എന്നിവ നൽകി അവരെ അതിദാരിദ്ര്യ മുക്തരാക്കുന്നതാണ്.

അതിദാരിദ്ര്യ മുക്തരായ എല്ലാ കുടുംബങ്ങളുടെയും അവസ്ഥ അവലോകനം ചെയ്യുന്നതിന് ഓരോ ആറു മാസം കൂടുമ്പോഴും ഒരു വെൽഫയർ ഓഡിറ്റ് നടത്തുന്നതാണ്. ഇതിനുള്ള മാനദണ്ഡങ്ങൾ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിയ്ക്കുന്നതാണ്. വെൽഫയർ ഓഡിറ്റ് നടത്തുന്നതിനുള്ള ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഓരോ വാർഡിലെയും/ഡിവിഷനിലെയും വാർഡ്തല/ഡിവിഷൻതല ഉപസമിതികളെ ഏൽപ്പിയ്ക്കേണ്ടതാണ്. വാർഡ്തല/ഡിവിഷൻതല ഉപസമിതികൾ തയ്യാറാക്കുന്ന റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ ഉപസമിതികളെ ഏൽപ്പിയ്ക്കേണ്ടതും ഇങ്ങനെ ലഭിയ്ക്കുന്ന റിപ്പോർട്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതല ഉപസമിതികൾ ക്രോഡീകരിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപന സമിതികളിൽ ചർച്ചയ്ക്ക് വിധേയമാക്കുകയും ഓരോ കുടുംബത്തിന്റെയും അവസ്ഥ മനസ്സിലാക്കി അവർക്ക് വേണ്ട തുടർസഹായം ആവശ്യമെങ്കിൽ ഏർപ്പെടുത്തേണ്ടതുമാണ്. ഈ അവസരത്തിൽ ഏറ്റവും ദുർബ്ബലരായ ഭിന്നശേഷിയുള്ളവർ, LGBTQ+ വിഭാഗത്തിലുള്ളവർ എന്നിവർക്ക് പ്രഥമ പരിഗണന നൽകേണ്ടതാണ്.

അനാഥരായ കുട്ടികൾ മാത്രമുള്ള അതിദരിദ്ര കുടുംബങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. അവർക്ക് 18 വയസ്സ് തികയുന്നത് വരെ അവരുടെ പ്രായം അനുസരിച്ച് വേണ്ട ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം മുതലായവ ഐ.സി.ഡി.എസ്. മുഖേന മോണിറ്റർ ചെയ്യേണ്ടതും ആവശ്യാനുസരണം വേണ്ട സഹായങ്ങൾ നൽകേണ്ടതുമാണ്.

ഭക്ഷണം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്ക് തടസ്സമില്ലാത്ത ഭക്ഷണം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിലും പ്രസ്തുത ക്ലേശഘടകമുള്ള ഓരോ കുടുംബത്തിനും വ്യക്തിയ്ക്കും അവർക്ക് സ്വന്തമായി ഭക്ഷണം കണ്ടെത്താൻ കഴിയുന്ന തരത്തിലേക്ക് അവരുടെ ജീവിത നിലവാരം ഉയർത്തേണ്ടതുണ്ട്. അങ്ങനെ കഴിയാത്ത കുടുംബങ്ങൾക്കും വ്യക്തികൾക്കും, അവരുടെ ആരോഗ്യ സ്ഥിതിയ്ക്ക് അനുസരിച്ചുള്ള പോഷകസമൃഷ്ടമായ, തടസ്സമില്ലാത്ത ഭക്ഷണം അതത് തദ്ദേശ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്. അവർക്ക് മൂന്ന് നേരവും തടസ്സമില്ലാത്ത ഭക്ഷണം ലഭിയ്ക്കുന്നുവെന്ന് മോണിട്ടർ ചെയ്യുന്നതിനുള്ള ചുമതല കുടുംബശ്രീ സംഘടനാ സംവിധാനത്തെ ഏൽപ്പിയ്ക്കാവുന്നതാണ്.

അതിദരിദ്ര കുടുംബങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുമ്പോൾ പ്രസ്തുത കുടുംബങ്ങളിലെ കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകി അവരുടെ പ്രായം, ആരോഗ്യ സ്ഥിതി, എന്നിവ മനസിലാക്കിക്കൊണ്ട് ഭക്ഷണ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ഇത് മോണിട്ടർ ചെയ്യുന്നതിനുള്ള ചുമതല അതത് ഐ.സി.ഡി.എസ്–നെ ഏൽപ്പിയ്ക്കുന്നതാണ്.

സ്വന്തമായി ഭക്ഷണം പാകം ചെയ്യാൻ കഴിയുന്ന, ഭക്ഷണം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങൾക്ക് തടസ്സമില്ലാത്ത ഭക്ഷണം ഉറപ്പാക്കുന്നതിനായി ഭക്ഷ്യ കിറ്റുകൾ നൽകുന്നതാണ്. ഇങ്ങനെ നൽകുന്ന കിറ്റുകളിൽ ഉൾപ്പെടാത്തതും എന്നാൽ അവർക്ക് ആവശ്യമുള്ളതുമായ സാധനങ്ങൾ അതത് തദ്ദേശ സ്ഥാപനങ്ങൾ നൽകേണ്ടതുമാണ്.

ആരോഗ്യം ക്ലേശഘടകമായ അതിദരിദ്ര കുടുംബങ്ങളെ/വ്യക്തികളെ രണ്ട് ആഴ്ചയിൽ ഒരിക്കൽ ആശാ വർക്കർ, ആരോഗ്യ പ്രവർത്തകർ എന്നിവർ സന്ദർശിച്ച് അവരുടെ ആരോഗ്യ സ്ഥിതി അവലോകനം ചെയ്യേണ്ടതും അവരുടെ നിലവിലെ ആരോഗ്യ സ്ഥിതി മനസ്സിലാക്കി തടസ്സമില്ലാത്ത മരുന്നുകളും ആരോഗ്യ പരിരക്ഷയും ഉറപ്പാക്കേണ്ടതുമാണ്. ഏതെങ്കിലും ഘട്ടത്തിൽ അവർക്ക് സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം അതിന് വേണ്ട സൗകര്യം ഏർപ്പെടുത്തി നൽകേണ്ടതാണ്.

അവയവമാറ്റം നടത്തിയ അതിദരിദ്ര വ്യക്തികളെ അതത് പ്രാഥമിക കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ സ്ഥിരമായി മോണിട്ടർ ചെയ്യേണ്ടതാണ്. അവരുടെ ആരോഗ്യ സ്ഥിതി മനസ്സിലാക്കി, പ്രഥമ പരിഗണന നൽകി, അവർക്ക് വേണ്ട ചികിത്സ, മരുന്നുകൾ എന്നിവ നൽകേണ്ടതാണ്.

പാലിയേറ്റീവ് പരിചരണം ആവശ്യമുള്ളവർക്ക് അവരുടെ വാതിൽപ്പടിയിൽ മരുന്നുകൾ, ചികിത്സ, കൗൺസലിംഗ് എന്നിവ ആവശ്യാനുസരണം നൽകേണ്ടതാണ്.

അത് പോലെ തന്നെ ഭിന്നശേഷിയുള്ളവർ, മാനസിക രോഗമുള്ളവർ എന്നിവർക്ക് മരുന്നുകൾ, ചികിത്സ, ആരോഗ്യ സഹായ സാമഗ്രികൾ, കൗൺസലിംഗ് എന്നിവ ആവശ്യാനുസരണം നൽകേണ്ടതാണ്.

അതിദരിദ്രരിൽ ആരോഗ്യ സഹായ സാമഗ്രികൾ ആവശ്യമുള്ളവർക്ക് സർക്കാർ സംവിധാനം മുഖേനയും സന്നദ്ധ സംഘടനകൾ മുഖേനയും ആയത് നൽകിയിരുന്നു. അവയുടെ സുഗമമായ പ്രവർത്തനം മോണിട്ടർ ചെയ്യേണ്ടതും ആവശ്യമുള്ള പക്ഷം അത്തരം സേവനാവകാശികൾക്ക് വേണ്ട സാങ്കേതിക സഹായം നൽകേണ്ടതുമാണ്.

വരുമാനം ക്ലേശഘടകമായ അതിദരിദ്രരിൽ സ്വന്തമായി സംരംഭങ്ങൾ ആരംഭിയ്ക്കുവാൻ കഴിയുന്നവർക്ക് 'ഉജ്ജീവനം' പദ്ധതി മുഖേന ആനുകൂല്യങ്ങൾ നൽകിയിരുന്നു. അവർ തുടർന്നും സ്വന്തം നിലയ്ക്ക് വരുമാനം കണ്ടെത്തുന്നുണ്ടോ, അവരുടെ അതിദാരിദ്ര്യാവസ്ഥ മാറിയിട്ടുണ്ടോ എന്ന് അവലോകനം ചെയ്യുകയും ഏതെങ്കിലും സേവനാവകാശിക്ക് തുടർസഹായം ആവശ്യമുണ്ടെങ്കിൽ 'ഉജ്ജീവനം പ്ലസ്' എന്ന പേരിൽ പദ്ധതി ആരംഭിച്ച് തുടർ സഹായം നൽകേണ്ടതാണ്.

ഗ്രൂപ്പ് സംരംഭങ്ങളിൽ ഏർപ്പെട്ട് പ്രവർത്തിയ്ക്കുന്നവരുടെയും നിലവിലെ സാമ്പത്തിക സ്ഥിതി അവലോകനം ചെയ്ത് അവർക്കും തുടർസഹായം ആവശ്യമെങ്കിൽ നൽകേണ്ടതാണ്. ഫീൽഡ് തലത്തിൽ ഇതിന്റെ മോണിറ്ററിംഗ് കുടുംബശ്രീ സംവിധാനത്തെ ഏൽപ്പിയ്ക്കുന്നതാണ്.

'ഉജ്ജീവനം' പദ്ധതിയുടെ നിർവ്വഹണ സമയത്ത് സ്വന്തമായി സംരംഭങ്ങൾ ആരംഭിയ്ക്കുവാൻ കഴിയാത്തതിനാൽ പദ്ധതിയുടെ ഭാഗമാകാൻ കഴിയാത്തവരുടെ ഇപ്പോഴത്തെ അവസ്ഥ മനസ്സിലാക്കി ഏതെങ്കിലും കുടുംബങ്ങൾക്ക് നിലവിൽ സ്വന്തമായി സംരംഭങ്ങൾ ആരംഭിയ്ക്കുവാൻ കഴിയുന്നു എങ്കിൽ അവർക്ക് വേണ്ട ആനുകൂല്യം നൽകി അവരുടെ വരുമാനം ഉയർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിയ്ക്കുന്നതാണ്.

അതിദരിദ്ര കുടുംബങ്ങളിലെ 18 വയസ്സ് കഴിഞ്ഞവർക്ക് 'വിജ്ഞാന കേരളം' പദ്ധതിയുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭിയ്ക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

സുരക്ഷിതമായ പാർപ്പിടം ലഭിച്ച അതിദരിദ്ര കുടുംബങ്ങൾക്ക് അവരുടെ ജീവിത നിലവാരം സാമ്പത്തികമായും മെച്ചപ്പെടുത്തുന്നതിന് (Livelihood Inclusion and Financial Empowerment) ആവശ്യമായ അനുബന്ധ സഹായങ്ങളും, കുടുംബാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം, വരുമാന മാർഗ്ഗം നേടുന്നതിനുള്ള സഹായം എന്നിവയും നൽകുന്നതാണ്. ഇതിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ, മുതലായ പദ്ധതികൾ ഉപയോഗിയ്ക്കും.

ഷെൽട്ടർ ഹോമുകളിൽ പാർപ്പിച്ചവർ, ബന്ധു വീടുകളിൽ താമസിയ്ക്കുന്നവർ, വാടക വീടുകളിൽ മാറ്റി പാർപ്പിച്ചവർ എന്നിവരുടെ നിലവിലെ സ്ഥിതി മനസ്സിലാക്കി അവർക്ക് സ്ഥിരമായ വാസസ്ഥലം നൽകും.

ഓരോ വകുപ്പും നൽകുന്ന സേവനങ്ങളിൽ അതിദരിദ്ര കുടുംബങ്ങൾക്ക് പ്രഥമ പരിഗണന നൽകും.

അതിദരിദ്ര കുടുംബങ്ങളിലെ കുട്ടികളുടെ പഠന നിലവാരം നിരന്തരം നിരീക്ഷിച്ച് അവർക്ക് വേണ്ട സഹായങ്ങൾ നൽകുന്നതിന് അതത് പി.ടി.എ.കൾക്ക് മുൻതൂക്കം നൽകും. ഇതിന്റെ അവലോകനം അതത് തദ്ദേശ സ്ഥാപനം നടത്തി ഓരോ അദ്ധ്യയന വർഷത്തിന്റെയും ആരംഭത്തിൽ കുട്ടികൾക്ക് വേണ്ട പഠന സാമഗ്രികളും മറ്റ് സഹായങ്ങളും തദ്ദേശ സ്ഥാപനം നൽകും. ഇതിനായി പി.ടി.എ. ഫണ്ട്, തനത് ഫണ്ട്, സി.എസ്.ആർ., സ്പോൺസർഷിപ്പ് എന്നിവ ഉപയോഗിയ്ക്കും.

തീരദേശ മേഖലയിലെ അതിദരിദ്രർക്ക് വേണ്ട സഹായങ്ങൾ ഫിഷറീസ് വകുപ്പ്, മത്സ്യഫെഡ് എന്നിവർ ഉറപ്പാക്കും.

10

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി കേരളം ലോകത്തിന് നൽകുന്ന മാതൃക

അതിജീവനത്തിന് വേണ്ട അടിസ്ഥാന ആവശ്യങ്ങൾ നേടിയെടുക്കാൻ പോലും കഴിയാതെ പോകുന്ന, അതിജീവനം തന്നെ പ്രതിസന്ധിയിൽ ആയ "അദൃശ്യ ദാരിദ്ര്യം" നേരിട്ടവരെ അതിദാരിദ്ര്യ മുക്തരാക്കുക എന്നത് കേരളത്തിന്റെ സാമൂഹ്യപരവും സാമ്പത്തികപരവും മാനുഷികപരവുമായ ഇടപെടലുകളുടെ ഉദാത്ത മാതൃകയാണ്. അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സമൂഹത്തിൽ യഥാർത്ഥ തുല്യതയും സാമൂഹിക നീതിയും ഉറപ്പാക്കുന്നതിനും ഈ പദ്ധതി നിർണ്ണായകമാണ്.

മറ്റ് സംസ്ഥാനങ്ങളും രാജ്യങ്ങളും ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുമ്പോൾ അതിദാരിദ്ര്യ നിർമ്മാർജ്ജനം ഏറ്റെടുത്ത് വിജയകരമായി പൂർത്തിയാക്കി അവസാനത്തെ അതിദരിദ്രനെയും അതിൽ നിന്ന് മോചിപ്പിയ്ക്കുക വഴി, മറ്റേതൊരു വികസന പരിപാടിയിൽ എന്ന പോലെ മറ്റ് സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും കേരളം ഒരു മാതൃകയാവുക എന്ന സന്ദേശമാണ് നൽകുന്നത്.

11

അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി കൈപിടിച്ചുയർത്തിയ ജീവിതങ്ങൾ

1. **ദുരിതങ്ങളിൽ നിന്ന് മോചനം**

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്ത് അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 13 വയസ്സുള്ള കുട്ടിയുടെ മാതാപിതാക്കൾ ചെറുപ്രായത്തിൽ തന്നെ മരണപ്പെട്ടിട്ടുള്ളതാണ്. കണ്ണുകൾ ഇല്ലാത്ത ഈ കുട്ടിക്ക് ശാരീരിക-മാനസിക വെല്ലുവിളികളും ഉണ്ട്. കുട്ടിക്ക് ഓട്ടിസത്തിന്റെ ലക്ഷണങ്ങളും കാലിന് ബലക്കുറവും ഉള്ളതിനാൽ നടക്കുന്നതിനും പ്രാഥമിക കൃത്യങ്ങൾ ചെയ്യുന്നതിനും മറ്റുള്ളവരുടെ സഹായം ആവശ്യമായിരുന്നു. കുട്ടിയുടെ അമ്മയുടെ അമ്മായിയുടെ സംരക്ഷണയിൽ വെള്ളിക്കുളങ്ങരയിലുള്ള അവരുടെ മകളുടെ വീട്ടിൽ ആയിരുന്നു താമസിച്ചിരുന്നത്. അമ്മായി ഹൃദ്രോഗിയും പ്രായം ചെന്ന വ്യക്തിയും ആണ്. അമ്മായിയുടെ മകളും അവരുടെ രണ്ടു മക്കളുടെ കുടുംബവും അടക്കം 11 പേർ, പഞ്ചായത്തിൽ നിന്നും ലഭിച്ച ചെറിയ വീട്ടിലാണ് താമസിച്ചിരുന്നത്. കുട്ടിയെ സംരക്ഷിക്കുന്നതിന് ഇവർ വളരെയധികം ബുദ്ധിമുട്ടിയിരുന്നു. ഈ സാഹചര്യത്തിലാണ് ഈ കുട്ടി പഞ്ചായത്തിന്റെ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെടുന്നത്. കുട്ടിക്ക് ആധാർ, റേഷൻ കാർഡ് മുതലായ രേഖകൾ ഉണ്ടായിരുന്നില്ല. വിരലടയാളം പതിയാത്തതിനാൽ ആധാർ എടുക്കുന്നതിന് ബുദ്ധിമുട്ട് നേരിട്ടിരുന്നു.

എങ്കിലും കളക്ടറേറ്റിൽ നിന്നുള്ള പ്രത്യേക നിർദ്ദേശപ്രകാരം ആധാർ, റേഷൻ കാർഡ് മുതലായ രേഖകൾ എല്ലാം ശരിയാക്കി നൽകാൻ കഴിഞ്ഞു. താലൂക്ക് സിവിൽ സപ്ലൈസ് വിഭാഗത്തിന്റെ സഹായത്തോടെ കുട്ടിക്ക് റേഷൻ കാർഡ് ലഭ്യമാക്കുന്നതിനും കുട്ടിക്ക് പകരക്കാരനായി മറ്റൊരാളെ ഉപയോഗിച്ച് റേഷൻ നൽകാനുമായി. ഇതു കൂടാതെ ഓണത്തിന് പഞ്ചായത്ത് ഭക്ഷ്യവസ്തുക്കളും ഓണപ്പുടവയും നൽകി. കുട്ടിക്ക് ഏറ്റവും അധികം സഹായകമായത് പഞ്ചായത്തിന്റെ 'ഭിന്നശേഷിക്കാർക്ക് ഉപകരണം വാങ്ങൽ' എന്ന പദ്ധതിയിലൂടെ ഐസിഡിഎസ് വഴി നൽകിയ പീഡിയാട്രിക് വീൽചെയറും 'കമ്മോഡ് ചെയർ വിത്ത് വീൽ' എന്നീ ഉപകരണങ്ങളുമാണ്. ഇതോടെ, കിടക്കയിൽ നിന്നും തീരെ എഴുന്നേൽക്കാതെ പ്രാഥമിക കൃത്യങ്ങൾ അടക്കം ചെയ്തിരുന്ന കുട്ടി എഴുന്നേൽക്കാനും മറ്റുള്ളവരുടെ സഹായത്തോടെ നടക്കാനും തുടങ്ങി. ഇത്തരം കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളിൽ ആക്കാൻ ആദ്യഘട്ടത്തിൽ വീട്ടുകാർ ഒരുക്കമല്ലായിരുന്നു എങ്കിലും കുട്ടിയെ സംരക്ഷിക്കുന്ന അമ്മായിക്ക് പ്രായമായതിനാലും, ഹൃദ്രോഗം മുതലായ അസുഖങ്ങളാൽ കഷ്ടപ്പെടുന്നതിനാലും കുട്ടിയുടെ ഭാവിയെ കരുതി ഒടുവിൽ വീട്ടുകാർ ഇത്തരം കുട്ടികളെ സംരക്ഷിക്കുന്ന ഏതെങ്കിലും കേന്ദ്രത്തിൽ പ്രവേശിപ്പിക്കാം എന്ന തീരുമാനത്തിൽ എത്തി. ഈയിടെ ജില്ലാ സാമൂഹിക നീതി ഓഫീസിന്റെയും ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെയും സഹായത്തോടെ കുട്ടിയെ കൂടപ്പുഴ 'അനുഗ്രഹ സദൻ' എന്ന സംരക്ഷണ കേന്ദ്രത്തിൽ പ്രവേശിപ്പിക്കാൻ സാധിച്ചു.

2. **സമൂഹം കൈപിടിച്ചുയർത്തിയ ജീവിതം**

ഇടുക്കി ജില്ലയിലെ കുമാരമംഗലം ഗ്രാമപഞ്ചായത്തിൽ മൂന്നാം വാർഡിൽ ഏഴല്ലൂർ ദേശത്ത് പുത്തൻവീട്ടിൽ കുടുംബം വാടക വീട്ടിലാണ് താമസിച്ചിരുന്നത്. വാഹനാപകടത്തിൽ ഗൃഹനാഥന്റെ കാൽ മുറിച്ച് മാറ്റേണ്ടി വന്നതിനെ തുടർന്ന് അദ്ദേഹത്തെ ശുശ്രൂഷിക്കാൻ മറ്റാരും ഇല്ലാത്തതിനാൽ ഭാര്യയ്ക്ക് ജോലിയ്ക്ക് പോകാൻ കഴിഞ്ഞിരുന്നില്ല. വാർഡ് മെമ്പറുടെയും മറ്റ് സുമനസ്സുകളുടെയും സഹായത്താലാണ് അവർ കഴിഞ്ഞിരുന്നത്. Lymphs Seven Systems എന്ന സ്ഥാപനം ടിയാന് കൃത്രിമ കാൽ വാങ്ങുന്നതിനും ഓട്ടോറിക്ഷാ വാങ്ങുന്നതിനും ധനസഹായം നൽകി. ലൈഫ് 2020 പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് വസ്തു വാങ്ങുന്നതിന് ആദ്യം രണ്ട് ലക്ഷം രൂപയും തുടർന്ന് വീട് വയ്ക്കുന്നതിനും ധനസഹായം നൽകുകയും ചെയ്തു. ഇപ്പോൾ ഓട്ടോറിക്ഷാ ഓടിച്ച് വരുമാനം കണ്ടെത്തുന്ന കുടുംബം ലൈഫ് ഭവന പദ്ധതിയിൽ ലഭിച്ച പാർപ്പിടത്തിൽ സന്തോഷത്തോടെ ജീവിക്കുന്നു.

3. മാനസിക പീഡകളിൽ നിന്ന് സുരക്ഷയിലേക്ക്

ഇടുക്കി ജില്ലയിലെ മറയൂർ ഗ്രാമപഞ്ചായത്തിൽ ഏഴാം വാർഡിൽ ചെമ്മാൻ കുഴിക്കരയിൽ താമസിക്കുന്ന ദമ്പതിമാർ, മൂന്ന് മക്കളും പ്രസവത്തോടെ മരിച്ച് പോയ ഹതഭാഗ്യരാണ്. വാർദ്ധക്യവും രോഗപീഡകളും മൂലം സ്വന്തമായി ജോലി ചെയ്ത് ജീവിക്കാൻ കഴിയാതെ വന്ന അവർ പഞ്ചായത്തിന്റെ സ്ഥലത്ത് പ്ലാസ്റ്റിക് കൊണ്ട് മറച്ച താത്കാലിക ഷെഡിൽ ആണ് താമസിച്ചിരുന്നത്. അയൽവാസികൾ നൽകുന്ന ഭക്ഷണം മാത്രമായിരുന്നു വിശപ്പ് അടക്കുവാനുള്ള ഏക മാർഗ്ഗം. മാനസിക വിഭ്രാന്തിയുള്ള കുടുംബനാഥൻ രാത്രിയിൽ ഉറക്കമില്ലാതെ അലഞ്ഞ് നടക്കുന്ന ആളായതിനാൽ അടച്ചുറപ്പുള്ള വീടില്ലാത്തത് അവരെ വളരെയേറെ

കഷ്ടപ്പെടുത്തിയിരുന്നു. അവർ താമസിച്ചിരുന്ന സ്ഥലം വീട് വയ്ക്കുന്നതിനായി പഞ്ചായത്ത് അനുവദിച്ച് നൽകുകയും ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ വീട് നിർമ്മിക്കുകയും ചെയ്തു. നാട്ടുകാരുടെ സഹായത്തോടെ വീട്ടുപകരണങ്ങളും വാങ്ങി നൽകി. ജീവിതത്തിൽ ആദ്യമായി സമാധാനത്തോടെ, അന്തസ്സോടെ, സന്തോഷത്തോടെ അവർ ആ വീട്ടിൽ കഴിയുന്നു.

4. അതിദാരിദ്ര്യത്തിൽ നിന്ന് ഡിജി കേരളം പദ്ധതിയുടെ ബ്രാൻഡ് അംബാസഡർ പദവിയിലേക്ക്

സംസ്ഥാനത്ത് ആദ്യമായി സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച പുല്ലമ്പാറ ഗ്രാമപഞ്ചായത്തിന്റെ പതാക വാഹക എന്ന് വിളിക്കാവുന്നത് ഒരു അതിദരിദ്ര ഗുണഭോക്താവാണ് എന്നത് ആർക്കും അഭിമാനിക്കാവുന്ന നേട്ടമാണ്. അതിതീവ്ര ദാരിദ്ര്യം മൂലം ബുദ്ധിമുട്ടുമ്പോഴും ഡിജിറ്റൽ സാക്ഷരത നേടുന്നതിന് സന്നദ്ധത കാണിക്കുകയും ആ പരിശീലനം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു. പുല്ലമ്പാറ ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത കൈവരിച്ച ലേഖനം കേരള സർക്കാർ പുറത്തിറക്കിയ 'ജനപഥം' മാസികയിൽ പ്രസിദ്ധീകരിച്ചപ്പോൾ മാസികയുടെ മുഖചിത്രമായതും ഇതേ വ്യക്തിയാണ്. ഒരു നാടൻ പാട്ട് കലാകാരി കൂടിയാണ്. അവരുടെ കുടുംബത്തിന് അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് മറ്റ് ആനുകൂല്യങ്ങൾ നൽകി വരുന്നു.

5. ശ്രീ. അശോകൻ പടിക്കലെകണ്ടി, ചേമഞ്ചേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല

കോഴിക്കോട് ജില്ലയിൽ ചേമഞ്ചേരി ഗ്രാമപഞ്ചായത്തിലെ വാർഡ് 4 ലെ അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട 73 പേരിൽ ഒരാളായ നാലാം വാർഡിൽ കിണറുള്ളകണ്ടി വീട്ടിൽ താമസിക്കുന്ന ഗുണഭോക്താവിന്റെ വീട് അഞ്ചു സെൻറ് സ്ഥലത്ത് ഏകദേശം 600 ചതുരശ്ര അടിയിലുള്ള മനോഹരമായ കോൺക്രീറ്റ് വീടാണ്. ടൈൽ പാകിയതും അത്യാവശ്യം നല്ല ഫർണ്ണിച്ചറുകളും മുറ്റത്ത് നിറയെ ചെടികളും പൂക്കളുമുള്ള ഈ വീടുകാർ എങ്ങനെ അതിദരിദ്ര്യരുടെ ലിസ്റ്റിൽ ഉൾപ്പെട്ടു എന്ന് ആർക്കും സംശയം ഉളവാക്കുന്ന സാഹചര്യമാണ്. ടി വ്യക്തിയ്ക്ക് 18-ഉം 12-ഉം വയസ്സുള്ള രണ്ട് പെൺമക്കളാണുള്ളത്. ഒരാൾ ജന്മനാ ബുദ്ധിമാന്ദ്യമുള്ള കുട്ടിയായതിനാൽ അമ്മ എപ്പോഴും കൂടെ വേണം അതുകൊണ്ട് തന്നെ അമ്മയ്ക്ക് മറ്റു ജോലിക്ക് പോകുവാൻ സാധിക്കുകയില്ല. ഈ മകൾ പഠിക്കുന്ന സ്പെഷ്യൽ സ്കൂളിലെ ബസ്സിൽ ഒരു സഹായിയായിട്ടാണ് ഇപ്പോൾ അവരുടെ അമ്മ പോകുന്നത്.

രണ്ടാമത്തെ മകൾ പഠനത്തിലും പാട്ടിലും മികവ് പുലർത്തുന്ന കുട്ടിയാണ്. മാതാപിതാക്കളുടെ ഏക പ്രതീക്ഷയും ആശ്രയവുമായി പ്രതീക്ഷിച്ച മകൾക്ക് പെട്ടൊന്നൊരു ദിവസം കണ്ണിനു കാൻസർ ബാധിച്ചെന്ന് അറിഞ്ഞപ്പോൾ ആ കുടുംബം വല്ലാതെ തകർന്നു പോയി. അതിൻറെ ഭാഗമായി മകളുടെ ഒരു കണ്ണ് നീക്കം രണ്ടാമത്തെ കണ്ണിനു കൂടി വന്ന രോഗബാധ മാറാനായി അരവിന്ദ് കണ്ണാശുപത്രിയിൽ ചികിത്സയിലാണ്.

യു.പി സ്കൂൾ വിദ്യാർത്ഥിയായ കുട്ടിയുടെ അസുഖ വിവരം അറിയാനായി സ്കൂൾ അധികൃതർ വീട്ടിലെത്തിയപ്പോഴാണ് അവരുടെ രണ്ടു മക്കളുടെ ദയനീയ സ്ഥിതിയും, പ്ലാസ്റ്റിക് ഷീറ്റു കൊണ്ടുണ്ടാക്കിയ വീടിൻറെ സ്ഥിതിയും കാണുന്നത്. തങ്ങളാലാവും വിധം അവരെ സഹായിക്കണമെന്ന് തീരുമാനിച്ച അവർ സ്റ്റാഫ് & ഗൈഡ്സ് കൊയിലാണ്ടി യൂണിറ്റുമായി ബന്ധപ്പെട്ട് കുട്ടികളുടേയും അധ്യാപകരുടേയും രക്ഷിതാക്കളുടേയും നാട്ടുകാരുടേയും സഹായത്തോടെ എല്ലാ പണിയും കഴിഞ്ഞ ഒരു ചെറിയ മനോഹരമായ വീട് അവർക്കു നിർമ്മിച്ചു കൊടുത്തു. 2022 ഏപ്രിലിൽ പണി പൂർത്തീകരിച്ച ആ വീട്ടിലാണ് ഇപ്പോൾ കുടുംബം താമസിക്കുന്നത്.

6. കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് മോഡൽ – മുഴുവൻ അതിദരിദ്രർക്കും വേണ്ട സേവനങ്ങൾ ലഭ്യമാക്കിയ മാതൃക

വിവരശേഖരണ വേളയിൽ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്തിൽ ആകെ 52 ഗുണഭോക്താക്കളെയാണ് കണ്ടെത്തിയത്. ഇതിൽ 8 പേർ പിന്നീട് മരണപ്പെട്ടിരുന്നു. ബാക്കിയുള്ള മുഴുവൻ പേർക്കും എല്ലാ അവകാശ രേഖകളും ലഭ്യമാക്കി. പാലിയേറ്റീവ് ചികിത്സ ആവശ്യമുള്ള പത്ത് പേരെയും മാസത്തിൽ രണ്ട് തവണ വീതം പാലിയേറ്റീവ് നഴ്സിന്റെ നേതൃത്വത്തിൽ ആരോഗ്യ പ്രവർത്തകർ സന്ദർശിക്കുകയും ആവശ്യമുള്ള മരുന്നുകളും മറ്റ് ചികിത്സാ സഹായങ്ങളും നൽകി വരുന്നു. അലഞ്ഞ് തിരിഞ്ഞ് നടന്ന ഒരു ഗുണഭോക്താവിനെ വാടകയ്ക്ക് വീടെടുത്ത് താമസിപ്പിച്ചിരുന്നു എങ്കിലും ടിയാന് അസുഖം ബാധിച്ചതിനാൽ ഒറ്റയ്ക്ക് താമസിപ്പിയ്ക്കാൻ കഴിയാത്തതിനാൽ ചികിത്സ നൽകിയ ശേഷം പത്തനംതിട്ടയിലെ ആറന്മുളയിൽ പ്രവർത്തിയ്ക്കുന്ന 'കരുണാലയം' എന്ന അഗതി മന്ദിരത്തിൽ താമസിപ്പിച്ചു. വാസസ്ഥലം ഇല്ലാത്തതിനാൽ കഷ്ടത അനുഭവിച്ചിരുന്ന 8 പേരിൽ 3 പേർക്ക് പുതിയ വീട് അനുവദിച്ചു. വസ്തു ഇല്ലാതിരുന്ന 3 പേർക്ക് വസ്തുവും വീടും നൽകി. രണ്ട് പേർക്ക് വസ്തു വാങ്ങുന്നതിന് സഹായം നൽകി കഴിഞ്ഞു. വീട് പുനരുദ്ധാരണം ആവശ്യമുണ്ടായിരുന്ന ഒരു വ്യക്തിക്ക് അതിന് ധനസഹായം നൽകി. പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട ഗുണഭോക്താവിന് പട്ടികജാതി വികസന വകുപ്പ് മുഖേന വസ്തുവും ജില്ലാ പഞ്ചായത്തിന്റെ 'സ്വപ്നക്കൂട്' പദ്ധതിയിൽ ചേർത്ത് 8 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി പൂർത്തിയായിട്ടുണ്ട്. വൃക്കരോഗം മൂലം വൃക്ക മാറ്റി വയ്ക്കേണ്ട സാഹചര്യം ഉണ്ടായ വ്യക്തിയ്ക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സാമൂഹ്യ പ്രവർത്തകനായ ശ്രീ. ഷെമീർ കുന്നമംഗലത്തിന്റെയും നാട്ടുകാരുടെയും സഹായത്തോടെ വൃക്ക മാറ്റി വയ്ക്കൽ ശസ്ത്രക്രിയ നടത്തുകയും ടിയാൾ രോഗ മുക്തി നേടുകയും ചെയ്തു. പഞ്ചായത്തിന്റെ വാർഷിക പദ്ധതി വഴിയും സുമനസ്സുകൾ നൽകുന്ന സഹായങ്ങൾ വഴിയും അതിദരിദ്രർക്ക് വേണ്ട സേവനങ്ങൾ നൽകുന്നതിൽ കുളത്തുപ്പുഴ ഗ്രാമപഞ്ചായത്ത് മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാതൃകയാണ്.

7. ചലനശേഷി ഇല്ലെങ്കിലും തോൽക്കാൻ മനസ്സില്ലാത്ത അതിദരിദ്ര വ്യക്തിയുടെ കഥ

കുട്ടിയാട്ടൂർ ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ ചട്ടുകപ്പാറയിലാണ് ഈ വിജയഗാഥയിലെ ഗുണഭോക്താവ് താമസിക്കുന്നത്. അപ്രതീക്ഷിതമായ ഒരു പ്രതിസന്ധി നേരിട്ടപ്പോൾ ഗ്രാമപഞ്ചായത്ത് അദ്ദേഹത്തിന് സഹായഹസ്തം നീട്ടി. നിരവധി സ്വപ്നങ്ങളും പ്രതീക്ഷകളുമായി ഈ വ്യക്തി വിദേശത്ത് ജോലിക്ക് പോയിരുന്നു. കുടുംബപരമായ കടമകളും പ്രശ്നങ്ങളും നിറവേറ്റാൻ അദ്ദേഹം മരുഭൂമിയിൽ പാടുപെടുമ്പോൾ,

ദുരന്തം ഒരു വാഹനാപകടത്തിന്റെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു. അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ അദ്ദേഹം ജീവൻ രക്ഷിച്ചെങ്കിലും അരയ്ക്ക് താഴേക്കുള്ള ചലനാത്മകത നഷ്ടപ്പെട്ടു. മറ്റ് മാർഗമില്ലാത്തതിനാൽ അദ്ദേഹത്തിന് ഒഴിഞ്ഞ കൈയോടെ വീട്ടിലേക്ക് മടങ്ങേണ്ടിവന്നു. 49 കാരനായ അദ്ദേഹത്തിന്റെ ഭാര്യയും കുട്ടികളും അടങ്ങുന്ന കുടുംബം വരുമാന മാർഗ്ഗം ഇല്ലാതായതോടെ അതിദാരിദ്ര്യത്തിലും മുങ്ങി. വരുമാന മാർഗ്ഗമായി ഒരു ചായക്കട പ്രവർത്തിപ്പിക്കാൻ ആവശ്യമായ എല്ലാ സൗകര്യങ്ങളും ഗ്രാമപഞ്ചായത്ത് നൽകി. ഇത് ആ വ്യക്തിയുടെയും കുടുംബത്തിന്റെയും ജീവിതത്തിന് ഒരു പുതിയ അർത്ഥം നൽകി. കൂടാതെ, "അവകാശം അതിവേഗം" പദ്ധതിയിലൂടെ ആധാർ, റേഷൻ കാർഡ്, വോട്ടർ ഐഡി തുടങ്ങിയ രേഖകൾ പഞ്ചായത്തിന്റെ സഹായത്തോടെ അദ്ദേഹത്തിന് ലഭ്യമാക്കി.

8. ചാഴൂരിന്റെ വനിതാ പോരാളികളുടെ വിജയഗാഥ

ചാഴൂർ ഗ്രാമപഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ താമസിക്കുന്ന ഈ വനിതാ ഗുണഭോക്താവ് 75 ശതമാനം കാഴ്ച വൈകല്യത്തോടെയാണ് ജനിച്ചത്. പ്രീ-ഡിഗ്രി വരെ പഠിച്ചെങ്കിലും സ്ഥിരമായ വരുമാനമുള്ള ഒരു ജോലി അവർക്ക് ഉണ്ടായിരുന്നില്ല. ഈ വ്യക്തിയുടെ രണ്ട് മക്കളും കാഴ്ചാ വൈകല്യമുള്ളവരാണ്. കടുത്ത മദ്യപാനം കാരണം ഭർത്താവിന് കുടുംബത്തെ പരിപാലിക്കാൻ കഴിഞ്ഞില്ല. കാഴ്ച വൈകല്യം കാരണം ഈ ഗുണഭോക്താവിനും ജോലി ചെയ്യാൻ കഴിഞ്ഞിരുന്നില്ല. അക്കാലത്ത്, എ. ഡി. എസ് വഴി ഹരിത കർമ്മസേനയ്ക്ക് അപേക്ഷിക്കാൻ കുടുംബശ്രീ സംഘടന പ്രോത്സാഹിപ്പിക്കുകയും പിന്നീട് ഹരിത കർമ്മസേനയിൽ ചേരുകയും ചെയ്തു. ക്യു.ആർ. കോഡുകൾ സ്കാൻ ചെയ്യാനും മാലിന്യങ്ങൾ തരംതിരിക്കാനുമുള്ള പരിശീലനം ഇവർ നേടുകയും പ്രസ്തുത ജോലിയിൽ വിജയിയ്ക്കുകയും ചെയ്തു. നിലവിൽ, ഈ ഗുണഭോക്താവ് എല്ലാ മാസവും ഏകദേശം 9000 രൂപ സമ്പാദിക്കുന്നു.

ചാഴൂർ ഗ്രാമപഞ്ചായത്തിലെ പതിനെട്ടാം വാർഡിൽ താമസിച്ചിരുന്ന ഒരു തൊഴിലാളിയ്ക്ക് അപകടം കാരണം തുടർന്ന് ജോലി ചെയ്യാൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് പ്രസ്തുത വ്യക്തിയെ പരിപാലിക്കാൻ വീട്ടിൽ തന്നെ കഴിയേണ്ടി വന്നു. ഇത് കുടുംബത്തിന് സാമ്പത്തിക ബുദ്ധിമുട്ടുകൾ സൃഷ്ടിച്ചു, ഇത് അവരുടെ മകന്റെ വിദ്യാഭ്യാസവും വീടിന്റെ വാടകയും താങ്ങാൻ ബുദ്ധിമുട്ടാക്കി. കുടുംബത്തെ സഹായിക്കുന്നതിനായി ടി വ്യക്തിയുടെ ഭാര്യ ഹരിതകർമ്മസേനയിൽ ചേരുകയും ഇപ്പോൾ അവരുടെ കുടുംബത്തിന്റെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി എല്ലാ മാസവും 9000 രൂപയിൽ കൂടുതൽ സമ്പാദിക്കുകയും ചെയ്യുന്നു.

9. അവയവ മാറ്റം വഴി ലഭിച്ച പുതു ജീവിതം

മലപ്പുറം ജില്ലയിലെ വട്ടംകുളം ഗ്രാമപഞ്ചായത്തിലെ ഒരു സാധാരണക്കാരന്റെ ജീവിതകഥയാണിത്. ദുർഘടമായ സമയങ്ങളിൽ നമ്മുടെ സഹജീവികളുടെ ഇടപെടലുകളിലൂടെ മനുഷ്യജീവിതം എങ്ങനെ മാറുന്നു എന്നതിന്റെ നേർക്കാഴ്ചയുടെ കഥയാണ് ഇനി പറയുന്നത്. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി, ഈ വ്യക്തിയുടെ ജീവിതത്തിന് പുനരുജ്ജീവനത്തിന്റെയും ആശ്വാസത്തിന്റെയും പാത നൽകി. ഭാര്യയോടും രണ്ട് കുട്ടികളോടും ഒപ്പം സന്തോഷകരമായ ജീവിതം. നയിക്കുകയും വരുമാനത്തിനായി ഒരു ചിക്കൻ സ്റ്റോൾ നടത്തുകയും ചെയ്തിരുന്ന വ്യക്തിയാണ്. എന്നാൽ അദ്ദേഹത്തിന് വിട്ടുമാറാത്ത വൃക്കരോഗമുണ്ടെന്ന് കണ്ടെത്തിയപ്പോൾ ജീവിതം ആകെ മാറി. കൂടുതൽ പരിശോധനകൾ നടത്തിയതിൽ വൃക്കമാറ്റിവയ്ക്കൽ മാത്രമാണ് ജീവൻ നില നിർത്തുന്നതിന് അവശേഷിക്കുന്നതെന്ന് കണ്ടെത്തി. ഒരു ശരാശരി മധ്യവർഗ കുടുംബത്തിന് അത് താങ്ങാവുന്നതിൽ അപ്പുറമായിരുന്നു. ട്രാൻസ്പ്ലാൻറേഷന് വേണ്ടിയുള്ള ചെലവും അനുബന്ധ ചെലവുകളും കൂടി ഏകദേശം 30,00,000/- രൂപ കണക്കാക്കിയിരുന്നു.

എന്നാൽ ജീവിതത്തിലെ എല്ലാ കഷ്ടപ്പാടുകൾക്കും പോരാട്ടങ്ങൾക്കുമിടയിൽ, ആത്യന്തിക മഹത്വത്തിലേക്ക് നമ്മെ നയിക്കുന്ന പ്രതീക്ഷയുടെ ഒരു കിരണം ഉണ്ടാകും. ആ കുടുംബത്തിന് സഹായഹസ്തം നൽകാൻ മതം, സാമൂഹിക പദവി എന്നിവയ്ക്കപ്പുറം ഒരു ഗ്രാമം മുഴുവൻ കൈകോർത്തു. കുടുംബത്തെ പിന്തുണയ്ക്കുന്നതിനായി അവർ ഒരു സാമൂഹിക സംഘം രൂപീകരിച്ചു. നിരവധി ആളുകളും സ്ഥാപനങ്ങളും ഈ നല്ല ലക്ഷ്യത്തിന് സംഭാവന നൽകി. 2023 ജനുവരി 5-ന് കൊച്ചിയിലെ മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ വച്ച് വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയ വിജയകരമായി നടന്നു. ശസ്ത്രക്രിയയ്ക്ക് ശേഷവും തുടർ ചികിത്സയ്ക്കായി കുടുംബത്തിന് വലിയ തുക ചെലവഴിക്കേണ്ടി വന്നു. ഇതും പൊതു ജനങ്ങളുടെ സഹായം വഴിയും പി.എച്ച്സി. മുഖേനയും ലഭ്യമാക്കി.

ഇപ്പോൾ അദ്ദേഹം ഉപജീവനത്തിനായി ഒരു കട നടത്തുകയും മാന്യമായ ജീവിതം നയിക്കുകയും ചെയ്യുന്നു. കാരുണ്യമുള്ള ഒരു കൂട്ടം ആളുകളുടെ പരിശ്രമവും കേരള സർക്കാർ പ്രോത്സാഹിപ്പിച്ച അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ കാഴ്ചപ്പാടും ഒരു സാധാരണക്കാരന്റെ ജീവിതത്തെ എന്നെന്നേക്കുമായി മാറ്റിമറിച്ചത് ഇങ്ങനെയാണ്.

10. ഭാഗ്യക്കുറി കച്ചവടത്തിലൂടെ പുതിയ ജീവിതത്തിലേക്ക്

മുതുകുളം ഗ്രാമപഞ്ചായത്തിലെ ദുർബലനായ ഒരു ഗുണഭോക്താവ് ഏകാംഗകുടുംബം ആയിരുന്നു. ഔദ്യോഗിക രേഖകളൊന്നും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല.

അതിദാരിദ്ര്യ നിർമാർജന പ്രക്രിയയുടെ ആദ്യ ഘട്ടത്തിൽ, വോട്ടർ കാർഡ്, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട്, ജോബ് കാർഡ് എന്നിവയും സാമൂഹിക സുരക്ഷാ പെൻഷനും അദ്ദേഹത്തിന് നൽകി. ജോബ് കാർഡ് ലഭിച്ച ശേഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കാൻ തുടങ്ങി. 2023-24-ൽ 100 ദിവസത്തെ തൊഴിൽ നൽകി. നടപ്പ് സാമ്പത്തിക വർഷവും അദ്ദേഹത്തിന്റെ ഡിമാന്റ് അനുസരിച്ച് തൊഴിൽ നൽകുന്നു.

നിലവിൽ ഒരു ബന്ധുവിന്റെ സംരക്ഷണയിലാണ് അദ്ദേഹം കഴിയുന്നത്. ഉജ്ജീവനം പദ്ധതിക്ക് കീഴിൽ വരുമാന മാർഗ്ഗത്തിനായി ഗ്രാമപഞ്ചായത്തിനെ സമീപിച്ചപ്പോൾ ഒരു ലോട്ടറി ബിസിനസ്സ് നടത്താൻ അദ്ദേഹം താൽപര്യം പ്രകടിപ്പിക്കുകയും 'ഉജ്ജീവനം' പദ്ധതി പ്രകാരം 15,000 രൂപയ്ക്ക് കുടുംബശ്രീ വഴി പഞ്ചായത്ത് അദ്ദേഹത്തിന് ഒരു ലോട്ടറി

ബിസിനസ്സ് ഏർപ്പാടാക്കുകയും ചെയ്തു. നിലവിൽ, ആ ലോട്ടറി വ്യാപാരത്തിലൂടെ വരുമാനം നേടുന്ന ടിയാൾക്ക് ആരോഗ്യ പ്രവർത്തകർ ഓരോ രണ്ടാഴ്ച കൂടുമ്പോഴും ആവശ്യമായ മരുന്നുകൾ വീട്ടിലേക്ക് എത്തിക്കുകയും ആരോഗ്യ പരിരക്ഷ ഉറപ്പു വരുത്തുകയും ചെയ്യുന്നു.

11. പ്രതീക്ഷയുടെ നൂലിഴകൾ നെയ്ത് ഒരു കുടുംബം

ഹരിപ്പാട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിലെ പല്ലാനയ്ക്കടുത്തുള്ള വേലന്തേപ്പറമ്പിൽ താമസിക്കുന്ന ഈ കുടുംബം ജീവിതത്തിലുടനീളം ഒട്ടേറെ വെല്ലുവിളികൾ നേരിട്ടിട്ടുണ്ട്. കുടുംബനാഥന് ചലനശേഷി നഷ്ടപ്പെടുത്തിയ ഒരു രോഗം വരികയും അദ്ദേഹത്തിന്റെ ബധിരയായ ഭാര്യ ഉൾപ്പെട്ട കുടുംബം വലിയ ബുദ്ധിമുട്ടുകൾ നേരിടുകയും ചെയ്തു. ഈ വെല്ലുവിളികൾക്കിടയിലും, കേരള സർക്കാരിന്റെ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ (ഇപിഇപി) പിന്തുണയോടെ, മൂന്ന് പേരടങ്ങുന്ന ആ കുടുംബം പുതുജീവിതത്തിലേക്ക് മാറി. ചലനപരിമിതി ഉള്ള കുടുംബനാഥന് അയാളുടെ കഴിവുകൾ ഉപയോഗിച്ച് പ്രവർത്തിപ്പിയ്ക്കുവാൻ കഴിയുന്ന ഒരു തയ്യൽ യന്ത്രം നൽകി. തന്റെ തയ്യൽ വൈദഗ്ധ്യം ഉപയോഗിച്ച് ചെറിയ ജോലികൾ ഏറ്റെടുക്കുകയും കേൾവി വൈകല്യമുണ്ടായിട്ടും ഭാര്യ ബിസിനസ്സ് കൈകാര്യം ചെയ്യുകയും അവരുടെ കഠിനാധ്വാനം താമസിയാതെ ഫലം കാണുകയും ചെയ്തു. അവരുടെ ചെറുകിട ബിസിനസ്സ് പ്രാദേശികമായി സ്ഥിരമായി ഉപഭോക്താക്കളെ ആകർഷിക്കാൻ തുടങ്ങുകയും ഇത് മെച്ചപ്പെട്ട സാമ്പത്തിക സ്ഥിരതയിലേക്ക് കുടുംബത്തെ നയിയ്ക്കുകയും ചെയ്തു.

12. ദുരിതങ്ങളിൽ നിന്ന് ഷെൽട്ടർ ഹോമിലേക്ക്

മാവേലിക്കര ബ്ലോക്ക് പഞ്ചായത്തിലെ ചെന്നിത്തല തൃപ്പെരുന്തര ഗ്രാമപഞ്ചായത്തിലെ ഒൻപതാം വാർഡിലെ താമസക്കാരിയും രോഗിയുമായ ഗുണഭോക്താവ് അതിദയനീയാവസ്ഥയിൽ പൂർണ്ണമായും തകർന്ന ഒരു വീട്ടിലാണ് താമസിച്ചിരുന്നത്. അവർക്കും സഹോദരിക്കും സംയുക്തമായി അഞ്ച് സെൻറ് ഭൂമിയും സഹോദരിയ്ക്ക് ചെറിയ പെൻഷനും ഉണ്ടായിരുന്നു.

സഹോദരിയുടെ മരണ ശേഷം ഒറ്റപ്പെട്ട ഗുണഭോക്താവിന് ഗ്രാമപഞ്ചായത്ത് ഭക്ഷണവും മരുന്നും നൽകി വന്നിരുന്നു. കാലിലെ അസുഖം കാരണം അവർക്ക് നടക്കാൻ കഴിയാതെ വരികയും ദൈനംദിന ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാതെ വരികയും ചെയ്തു. ഒരു വീട് നൽകുന്നതിനേക്കാൾ അവരെ ഒരു അഭയകേന്ദ്രത്തിലേക്ക് മാറ്റുന്നതാണ് നല്ലതെന്ന് ഗ്രാമപഞ്ചായത്ത് തീരുമാനിച്ചു. ഐ. സി. ഡി. എസ് സൂപ്പർവൈസർ വഴി ഗ്രാമപഞ്ചായത്ത് അവരുടെ അവസ്ഥ സാമൂഹിക നീതി വകുപ്പിനെ അറിയിയ്ക്കുകയും സാമൂഹ്യനീതി വകുപ്പിലെ ഉദ്യോഗസ്ഥർ അവരെ സന്ദർശിച്ച് അവരുടെ അവസ്ഥ തിരിച്ചറിഞ്ഞ് ആലപ്പുഴ ജില്ലയിലെ ആറാട്ടുപുഴയിലെ സാമൂഹികനീതി വകുപ്പിന്റെ വാർദ്ധക്യ കേന്ദ്രത്തിലേക്ക് മാറ്റുകയും അവർ ഇപ്പോൾ വളരെ സന്തുഷ്ടമായ അവസ്ഥയിൽ കഴിയുകയും ചെയ്യുന്നു.

13. ചവറ ഗ്രാമപഞ്ചായത്തിലെ ശക്തരായ സ്ത്രീകളുടെ പോരാട്ടത്തിന്റെ കഥ

ചവറ പഞ്ചായത്തിലെ നാലാം വാർഡിൽ (പഴഞ്ചിക്കാവ്) താമസിക്കുന്ന 24 കാരിയായ ഗുണഭോക്താവിന്റെ ഇലക്ട്രീഷ്യനായ ഭർത്താവ് കോവിഡ്–19 മൂലം മരിച്ചു. ബ്രെയിൻ ട്യൂമർ ബാധിച്ച ഗുണഭോക്താവിന് രണ്ട് ആൺമക്കളുണ്ട്, ഒരാൾക്ക് 3 വയസും മറ്റൊരാൾക്ക് 4 വയസും. സർക്കാർ ലൈഫ് മിഷൻ വഴി ആ കുടുംബത്തിന് ഒരു വീട് നൽകി. കൂടാതെ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലൂടെ സ്ഥിരമായി തൊഴിൽ നൽകി. ഒരു സ്വയം സഹായ സംഘത്തിൽ നിന്നും അവർക്ക് പിന്തുണ ലഭിക്കുകയും ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ പിന്തുണയോടെ ജനസേവന കേന്ദ്രത്തിൽ ജോലി ലഭിക്കുകയും ചെയ്തു.

ബ്രെയിൻ ട്യൂമർ ബാധിച്ച് 8 വർഷമായി ചികിത്സയിലായിരുന്ന 58 കാരിയായ വീട്ടമ്മയും ദിവസക്കൂലിക്കാരനായ അവരുടെ ഭർത്താവും ശാരീരിക പരിമിതികൾ കാരണം ഒട്ടേറെ സാമ്പത്തിക ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു. ആകെ ജീർണിച്ച വീട്ടിലായിരുന്നു അവർ താമസിച്ചിരുന്നത്. ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആ കുടുംബത്തിന് ഒരു വീട് നൽകുകയും സുരക്ഷിതമായ പാർപ്പിടത്തിൽ അവർ സന്തോഷത്തോടെ കഴിയുകയും ചെയ്യുന്നു.

14. ഉജ്ജീവനം' പദ്ധതിയിലൂടെ ബെൻസണ് പുനരുജ്ജീവനം

അരൂക്കുറ്റി പഞ്ചായത്ത് വാർഡ് 9–ലെ ഒരു ഗുണഭോക്താവ് ജോലി ചെയ്യുന്നതിനിടെ അപകടത്തിൽപ്പെടുകയും ഒട്ടേറെ ബുദ്ധിമുട്ടുകളിലൂടെ കടന്നുപോവുകയും ചെയ്തു. രണ്ട് കുട്ടികളുള്ള ഒരു കുടുംബമുണ്ടായിരുന്ന അദ്ദേഹത്തിന് ഉപജീവനമാർഗം കണ്ടെത്തുക പ്രയാസമായിരുന്നു. അതി ദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടതിനാൽ 'ഉജ്ജീവനം' പദ്ധതിയുടെ ഭാഗമായി അദ്ദേഹത്തിന് ഒരു കട നൽകുകയും അദ്ദേഹത്തിന്റെ കുടുംബത്തെ നയിക്കുന്നതിന് ഒരു വരുമാന സ്രോതസ്സ് സൃഷ്ടിയ്ക്കുവാനും കഴിഞ്ഞു.

15, ഉജ്ജീവനം' പദ്ധതിയിലൂടെ സ്വയംതൊഴിൽ

കൊച്ചി കോർപ്പറേഷനിലെ അവിവാഹിതയായ ഗുണഭോക്താവ് പ്രായമായ അമ്മയോടൊപ്പമാണ് താമസിച്ചിരുന്നത്. അവർക്ക് സ്ഥിരമായ വരുമാനമില്ലായിരുന്നു, അമ്മയുടെ ക്ഷേമ പെൻഷനെ മാത്രം ആശ്രയിച്ചു. അവരുടെ ജീവിത സാഹചര്യങ്ങൾ ദയനീയമായിരുന്നു, പലപ്പോഴും അവരുടെ ജീർണിച്ച വീട്ടിൽ ദൈനംദിന ഭക്ഷണം ലഭിക്കാൻ പോലും പാടുപെട്ടിരുന്നു. അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിനുശേഷം, ആദ്യ പടിയായി ഈ കുടുംബത്തിന് ഭക്ഷ്യ കിറ്റുകൾ നൽകുകയും തുടർന്ന് അവരുടെ വീട് വാസയോഗ്യമാക്കുന്നതിന് അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തു.

കൂടാതെ, ഒരു തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി ഉജ്ജീവനം കാമ്പെയ്നിന് കീഴിൽ അവർക്ക് സാമ്പത്തിക സഹായം നൽകി, ഇത് അവരുടെ ഡിഷ് വാഷ്, ലോഷൻ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിലേക്ക് നയിച്ചു. ഇന്ന് അവർ സ്വന്തമായി വരുമാനം ആർജ്ജിച്ച് അഭിമാനത്തോടെ കഴിയുന്നു.

16. ചെറിയ തുന്നലുകൾ നെയ്ത വലിയ സ്വപ്നങ്ങൾ

40–കാരിയും പട്ടികജാതിയിൽപ്പെട്ട വിധവയുമായ ഗുണഭോക്താവ് ബ്ലോക്ക് പഞ്ചായത്തിന്റെ പിഎംഎവൈ (ജി) 2021–22 ആവാസ് പ്ലസിന്റെ ഗുണഭോക്താവാണ്. ഈ കുടുംബം ദയനീയമായ അവസ്ഥയിലാണ് താമസിച്ചിരുന്നത്. ചോർന്നൊലിക്കുന്ന വീട് ആ കുടുംബത്തിലെ കൊച്ചുകുട്ടികൾക്കും പ്രായമായ അമ്മയ്ക്കും ഇടയ്ക്കിടെ

രോഗങ്ങൾക്ക് കാരണമായി. ഭർത്താവിന്റെ വൃക്കരോഗവും തുടർന്നുള്ള സാമ്പത്തിക നഷ്ടങ്ങളും കാരണം കുടുംബം വളരെയധികം കഷ്ടപ്പെട്ടു.

പി.എം.എ.വൈ.(ജി)–യുടെ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തുകയും പുതിയ വീട് വേഗത്തിൽ പൂർത്തിയാക്കുന്നത് ഉറപ്പാക്കുന്നതിലും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർണായക പങ്ക് വഹിച്ചു.

തൽഫലമായി, പ്രസ്തുത കുടുംബം ഇപ്പോൾ വാസയോഗ്യമായ ഒരു വീട്ടിലാണ് താമസിക്കുന്നത്, അവരുടെ കുട്ടികൾ ആരോഗ്യവാന്മാരാണ്. കൂടാതെ, ഭക്ഷണ കിറ്റുകൾ ഉൾപ്പെടെ "ടുഗെദർ ഫോർ തൃശ്ശൂർ" പദ്ധതിയിലൂടെ കുടുംബത്തിന് സഹായം ലഭിക്കുകയും 'ഉജ്ജീവനം' പദ്ധതിക്ക് കീഴിൽ ഒരു തയ്യൽ യൂണിറ്റ് ആരംഭിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും ചെയ്തു. ഈ പദ്ധതികൾ കുടുംബത്തിൻറെ ജീവിത സാഹചര്യങ്ങൾ ഗണ്യമായി മെച്ചപ്പെടുത്തുകയും അവരെ കടുത്ത ദാരിദ്ര്യത്തിൽ നിന്ന് കരകയറ്റാനുള്ള കഴിവ് നൽകുകയും ചെയ്തു.

17. സുരക്ഷിതവും സഹായകരവുമായ പാർപ്പിടം

റാന്നി പെരുനാട് ഗ്രാമപഞ്ചായത്തിലെ പതിനഞ്ചാം വാർഡിലെ പാവപ്പെട്ട കുടുംബം അടിസ്ഥാന സൗകര്യങ്ങളില്ലാത്ത രണ്ട് മുറികളുള്ള പൊളിഞ്ഞ കെട്ടിടത്തിലാണ് താമസിച്ചിരുന്നത്. ഗൃഹനാഥൻ ഒരു കാൻസർ രോഗിയാണ്, ജോലി ചെയ്യാൻ കഴിയുന്നില്ല, അതേസമയം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്യുന്ന ഗൃഹനാഥയുടെ വരുമാനം ആയിരുന്നു ഏക ആശ്രയം. അവരുടെ ദൈനംദിന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ കുടുംബം വലിയ ബുദ്ധിമുട്ടുകൾ നേരിട്ടിരുന്നു.

അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിക്ക് കീഴിൽ, ഈ കുടുംബത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനായി റാന്നി പെരുനാട് ഗ്രാമപഞ്ചായത്ത് ഒരു മൈക്രോ പ്ലാൻ രൂപീകരിച്ചു. അവർക്ക് സുരക്ഷിതവും വസയോഗ്യവുമായ ഒരു വീട് നിർമ്മിക്കുന്നതിന് പ്രഥമ പരിഗണന നൽകി. ലൈഫ് പദ്ധതിയിൽ വീട് നിർമ്മിക്കാനുള്ള കരാർ ഉണ്ടാക്കുകയും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തു. സുരക്ഷിതവും മാന്യവുമായ ജീവിത സാഹചര്യങ്ങൾ നൽകിക്കൊണ്ട് എല്ലാ അടിസ്ഥാന സൌകര്യങ്ങളുമുള്ള സുരക്ഷിതമായ ഒരു വീട്ടിൽ ജീവിക്കുന്ന ഈ കുടുംബം ഇപ്പോൾ വളരെ സന്തുഷ്ടരാണ്.